REG. NO. M. 2689 & T. 122.

LICENCE NO. 246. DATED 5-4-31

മലയാളരാജ്യം

ചിത്രവാരിക

18th VRISCHIGOM 1110

3rd DECEMBER 1934.



മിസ്സ് മാധുരി

മധുബോസിന്റെ 'സെലിമ' എന്ന ചലനചിത്രകഥയിലെ നായിക

VOL. VII.

No. 13

Price As. 2.

വില ൨ ണ.

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ വൃശ്ചികം ൧൨-ാംനു തിങ്കളാഴ്ച. | ലക്കം ൧൩.

പ്രഭാതഭക്ഷണം.



ലണ്ടൻ കാഴ്ചബംഗ്ലാവിലെ ലീനാ എന്ന സിംഹി പ്രഭാതഭക്ഷണം കഴിക്കുന്നു.

Universal

കലയും കാലവും.

(ഞാറവീട്ടിൽ അപ്പുക്കുട്ടമേനോൻ ബി. ഏ.)

കഴിഞ്ഞ ശതവർഷത്തിന്റെ അന്ത്യഭാഗം സംഭവബഹുലമായ പല പരിവർത്തനങ്ങൾക്കും അടിസ്ഥാനമിട്ടിട്ടുണ്ടു്. കലാലോകത്തിൽ ഈ കാലം പല നവീനാദർശങ്ങളേയും സൃഷ്ടിച്ചു. നിരവധികാലമായിട്ടു് സൌന്ദര്യാസ്വാദനശക്തിയുടെ മാനദണ്ഡമായി കരുതിപ്പോന്ന പ്രമാണാദർശങ്ങൾ പത്തൊൻപതാംശതാബ്ദത്തിലെ ആധുനികരീതിയിലുള്ള പ്രമാണാദർശങ്ങൾക്കു വഴികൊടുത്തു. ഈ നവീനാശയകാലം യഥാർത്ഥമായ സത്യത്തിന്റെ ചില സുന്ദരവശങ്ങളെ പ്രകാശിപ്പിച്ചിട്ടുണ്ടെങ്കിലും പുതുമയിൽ ഭ്രമിച്ചു കൺമയങ്ങിയ നമ്മൾ പ്രാചീനകാലത്തെ തീരെ അവഗണിക്കുകയും ചില സന്ദർഭങ്ങളിൽ തിരസ്കരിക്കയും ചെയ്തിട്ടുണ്ടു. ഭാരതം ഒരു പുനരുജ്ജീവനഘട്ടത്തിൽ വർത്തിക്കുന്ന ഇന്നു് പ്രാചീനതയിൽ ലയിച്ചുകിടക്കുന്ന ഭാരതത്തിന്റെ ദിവ്യസമ്പത്തുകളെ ഉദിച്ചുയർന്നുവരുന്ന നവീനാശയങ്ങൾ എതിരിടുന്നു; അവയുടെ സ്ഥാനഭ്രംശം വരുത്തുന്ന ഈ പരിവർത്തനംകൊണ്ടു് ഗുണമോ ദോഷമോ എന്നു് ഇനിയും തീർത്തുപറയാറായിട്ടില്ല. അതുകൊണ്ടു ഭാരതീയകലാവ്യവസായങ്ങളെ പരിഷ്കരിക്കുന്നതിൽ പ്രാചീനതയെ എത്രകണ്ടു ഗ്രഹിക്കണമെന്നും ത്യജിക്കണമെന്നും നിശ്ചയിക്കുന്നതു പ്രധാനമായ ഒരു സംഗതിയാണു്. കഴിഞ്ഞ ശതാബ്ദത്തിലെ ഏററവും വിപ്ലവകാരികളായ കലാപരിഷ്കർത്താക്കൾപോലും തങ്ങളുടെ പൂർവികന്മാരിൽനിന്നു് പലതും സ്വീകരിച്ചുകൊണ്ടാണു് പരിഷ്കാരത്തിന്നാരംഭിച്ചിട്ടുള്ളതു്. കലോൽക്കർഷത്തിനു പ്രാചീനതകൊണ്ടുള്ള പ്രയോജനത്തേയും ഒരു പ്രത്യേകസമുദായത്തിന്റെ കലാപരിഷ്കാരത്തിൽ പ്രാചീനതയ്ക്കുള്ള അതിപ്രധാനമായ സ്ഥാനത്തേയും കുറിച്ചു് പര്യാലോചിക്കുന്നതു രസാവഹമാണു്.

കലയുടെ പ്രാചീനതയെക്കുറിച്ചു പ്രതിപാദിക്കുന്ന സന്ദർഭത്തിൽ സുപ്രസിദ്ധനായ ഒരു ഫ്രഞ്ചുഗ്രന്ഥകാരൻ പറയുന്നു:— "കലയെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ട സാമഗ്രികൾ അതിൽതന്നെ ലയിച്ചുകിടക്കുന്നുണ്ടു്. നാം അതു കണ്ടറിയണമെന്നു മാത്രമേയുള്ളൂ." ആധുനികകലാപ്രസ്ഥാനത്തിന്റെ ഗതി പഴയതിൽനിന്നു് വ്യത്യസ്തമായ മറെറന്തെങ്കിലും പഠിക്കണമെന്നും പഠിപ്പിക്കണമെന്നുമുള്ള വിചാരസരണിയിൽകൂടിയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പ്രകൃത്യാ കലാപരിപോഷണത്തിനുവേണ്ടിയുള്ള അപ്രതിരോധ്യപുരോഗതിയെ പ്രതിബന്ധിക്കയാണു് ഇതിന്റെ ചിലപ്പോഴത്തെ ഫലം. സൂക്ഷ്മം ആലോചിച്ചാൽ സകല പുതിയ കലാകാരന്മാരും അവരുടെ പൂർവികന്മാരെ അനുഗമിച്ചാണു് കലാപരിശ്രമം ആരംഭിക്കുന്നതു്. കല പുരാതനമല്ല; നവീനവുമല്ല. അതു സുസ്ഥിരമാണു്. രീതികൾ മാറുന്നു. പക്ഷെ അതിന്റെ യഥാർത്ഥതത്വങ്ങൾ സ്ഥിരമായിരിക്കുന്നു. ഈ ആശയവിനിമയത്തിന്റെ കാലാകാലങ്ങളിലേക്കുള്ള തുടർച്ചയും ദൈർഘ്യവും കലയുടെ ജീവനാണു്. ഇതുതന്നെയാണു് കലയുടെ മാനുഷികവിഭാഗം. ഇതരസംഗതികളിലെന്നപോലെ കലയിലും ഒരുവൻ മറെറാരുത്തന്റെ പിൻഗാമിയാണു്. അയാൾ നവീനമായി യാതൊന്നും കണ്ടുപിടിക്കുന്നില്ല; ആവർത്തിക്കുകമാത്രമേ ചെയ്യുന്നുള്ളു. തന്റെ സാമർത്ഥ്യംപോലെ അയാൾക്കതു തുടച്ചു മിനുക്കി പുതുക്കാം, രൂപാന്തരപ്പെടുത്താം. പക്ഷേ ഏതെങ്കിലും ഒരു സമുദായത്തിന്റെ കലാകുശലതയ്ക്കു സിദ്ധിക്കുന്ന ഈ ഉൽക്കർഷം ആ സമുദായത്തിന്റെ പുരാതനചരിത്രത്തിനും വ്യക്തിഗുണങ്ങൾക്കും യോജിച്ചിരിക്കണമെന്നു മാത്രം.

എന്നാൽ കല ഇന്നാകട്ടെ അന്നത്തേതിൽനിന്നും പരിഷ്കൃതയായി പല പുതിയ മാർഗ്ഗങ്ങളിൽകൂടി സഞ്ചരിക്കാനിടയായിട്ടുണ്ടെന്നു് പല മഹാന്മാരും വാദിക്കുന്നു. കഴിഞ്ഞ നൂററാണ്ടിൽ അതീതകാലങ്ങളെ അപേക്ഷിച്ചു് കല അതിനു സിദ്ധിച്ച സ്വാതന്ത്ര്യത്തേയും സ്വാശ്രയശക്തിയേയും പ്രഖ്യാപനംചെയ്യാൻ ഉദ്യമിച്ചു. കഴിഞ്ഞുപോയ പ്രാചീനതയോടു് അതിനുള്ള ബന്ധത്തെ ഇല്ലായ്മചെയ്യാനും പൂർവികരെ അനുഗമിക്കുന്നതിനുപകരം പ്രകൃതിയിൽനിന്നു് വേണ്ടതു കണ്ടുപഠിക്കാനും അതു പരിശ്രമിച്ചു. അപ്പോൾ കലോൽക്കർഷത്തിനു പ്രാചീനതയുമായുള്ള ബന്ധം എന്തായിരിക്കാം?

ചില പ്രമാണങ്ങളേയും പ്രവർത്തനരീതികളേയും അടിസ്ഥാനമാക്കി പ്രയോജനകരങ്ങളെന്നു നമ്മുടെ പൂർവികന്മാർ നിശ്ചയിച്ച ചില പ്രകാശനമാർഗ്ഗങ്ങളുടെ സമാഹാരത്തെയാണു് നാം പ്രാചീനതയെന്നു പറഞ്ഞതു്. പ്രാചീനത കൂടാതെ ഏതെങ്കിലും ഉൽക്കർഷം സാദ്ധ്യമാകുന്നോ? പ്രത്യുത അതു കലാപരിപോഷണത്തെ തടയുന്നുണ്ടോ? ആ സുകൃതികൾക്കു കലാലോകത്തിൽ സിദ്ധിക്കുന്ന പ്രശസ്തിയും പ്രസിദ്ധിയും ആണു് അവരുടെ മഹിമയ്ക്കു മാനദണ്ഡം. പൌരാണികകലാകാരന്മാരോടു് ആധുനികർക്കുള്ള കടപ്പാടിനെക്കുറിച്ചു രണ്ടഭിപ്രായമുണ്ടു്. സർ ജോഷ്വാറെയിനോൾഡ്സ് (Sir Joshua Reynolds) എന്ന ആംഗലകലാകാരൻ പറയുന്നു: "ആ മഹാന്മാരുടെ ആശയങ്ങൾ എന്നെന്നേയ്ക്കുമായി ഹൃദിസ്ഥമാക്കുക. നിങ്ങൾക്കു് അനുകരിക്കാനുള്ള ഉത്തമമാതൃകകളാണവ എന്നു കരുതിക്കൊള്ളുക" ഈ വിശ്വവിഖ്യാതരുടെ കലാവേലകളോടു ബന്ധമില്ലാത്ത യാതൊരു കൃതിയും—അതു് എത്രതന്നെ വിപ്ലവകരമായിട്ടുള്ളതായിക്കൊള്ളട്ടെ—ഈ ആധുനികകാലത്തില്ല.

"ഒരു പുതിയ പണിത്തരം, പ്രകൃതിയെ വീക്ഷിക്കാനുള്ള ഒരു നവീനമാർഗ്ഗം, ചിത്രം വരയ്ക്കാനുള്ള ഒരു നവീനരീതി, ഇതൊക്കെ നിഷ്പ്രയാസം നമുക്കു കണ്ടുപിടിക്കാൻ കഴിയുമെന്നുള്ള അഹംഭാവം വെറും അജ്ഞതയാണു. ആകാശത്തിനുകീഴിൽ യാതൊന്നും നവീനമായിട്ടില്ല" എന്നാണു് ജോൺറസ്കിൻ (John Ruskin) പറയുന്നതു്. സൂക്ഷ്മം ആലോചിച്ചാൽ കലാലോകത്തിൽ പുതിയ കണ്ടുപിടുത്തത്തിനു വകയില്ല. പ്രകാശനരീതിയിൽ മാത്രമാണു് ചില ഉൽക്കർഷങ്ങൾ വരുത്താവുന്നതു്

"വെറും ഭൂതകാലാനുകരണംകൊണ്ടു മാത്രം ഒരു വിശിഷ്ടകലാവസ്തു സൃഷ്ടിക്കാൻ കഴികയില്ല. കലയുടെ ആകൃതിയും ആവശ്യവും കാലാനുസാരം മാറിക്കൊണ്ടേയിരിക്കും." ഇതാണു് നാം മുൻസൂചിപ്പിച്ച രണ്ടാമത്തെ അഭിപ്രായഗതി. ഭിന്നകാലങ്ങളിലെ കലാഭിരുചിയും ആവശ്യവും ഭിന്നങ്ങളാണു്. ഒരുകാലത്തിന്നനുരൂപമായ കലാവസ്തുവും സൃഷ്ടിച്ച പ്രമാണങ്ങളും സാഹചര്യങ്ങളും എങ്ങിനെ മറെറാരുകാലത്തേയ്ക്കു് അനുയോജ്യമായിരിക്കും? ഒരാൾ പ്രാചീനങ്ങളായവയെ എല്ലാം സ്വീകരിക്കണമെന്നും ആധുനികങ്ങളെയെല്ലാം നിരാകരിക്കണമെന്നും പ്രതീക്ഷിക്കുന്നതു ശരിയല്ലതന്നെ. പ്രാചീനതയിൽ പ്രതിപത്തികൂടിയവർക്കു നവനാശയത്തിൽ വിപ്രതിപത്തി തോന്നുന്നതു സ്വാഭാവികമാണല്ലോ. ചില പ്രത്യേകാശയങ്ങളെ മാത്രം മുറുകെപ്പിടിക്കുന്നവർക്കു മററു ചിന്തകൾക്കുള്ള ശക്തി കാലക്രമേണ ഇല്ലാതാവും. മാമൂൽലംഘനം കൊലക്കുററമായി ഗണിക്കപ്പെടുന്നകാലത്തു് വ്യക്തിത്വവും കല്പനാശക്തിയും മുഴുവൻ അപ്രത്യക്ഷമാകും. യഥാർത്ഥകലാകുശലന്മാർ സാഹചര്യങ്ങൾക്കനുസരിച്ചു് അവരുടെ മാർഗ്ഗങ്ങളെ മാററുവാൻ സന്നദ്ധരായിരിക്കും. കർക്കശമായ നിയമങ്ങൾക്കു വെറും യാന്ത്രികശക്തി മാത്രമേ ഉണ്ടാകയുള്ളൂ. ബുദ്ധിശക്തിയുടെ ശൃംഖലകളാണു് ഈ നിയമങ്ങൾ. നമ്മെ പ്രാചീനതയോടു ബന്ധിക്കുന്ന ശൃംഖലകളെ നാം പൊട്ടിക്കണം; നവംനവങ്ങളായ മാർഗ്ഗങ്ങളെ തേടണം. നവീനാദർശങ്ങളുടെ ആവിർഭാവത്തിൽ അവയുടെ പ്രായോഗികതയെക്കുറിച്ചു ചിന്തിച്ചതിനുശേഷം സ്വീകരണയോഗ്യമാണെങ്കിൽ സ്വീകരിക്കുകതന്നെവേണം. പൂർവികരുടെ കൃതികളെ അവ വെറും പ്രാചീനമാണെന്നുള്ള ഏകകാരണത്താൽ നാം ആരാധിക്കരുതു്. അടുത്തകാലംവരെ നിദ്രയ്ക്കു വശംവദരായിരുന്ന നമ്മെ കാലത്തിന്നു ചേരാത്തവരായി കരുതുന്ന ഒരു നവീനദശയുടെ ആവിർഭാവം നാം അറിയുന്നില്ല.

ഈ രണ്ടഭിപ്രായങ്ങൾക്കും മദ്ധ്യേയായി ഒരുകൂട്ടം ചിന്തകന്മാരുണ്ടു്. അവർ പറകയാണു്:— "സുവർണ്ണാവസരങ്ങളിൽ വിലയേറിയതായി നാം പൌരാണികത്വത്തെ ഗണിക്കരുതു്. ആ നിയമമോ ഈ ചട്ടമോ അനുസരിക്കാനുള്ള അന്ധമായ പരിശ്രമത്തിൽ നാം മറെറല്ലാം അഗണ്യകോടിയിലാക്കിത്തീർക്കുന്നു. പുതിയ പരീക്ഷണ

ങ്ങൾ നടത്തുക എന്നുള്ളതുകൊണ്ടു് മാമൂലിനെ അനാദരിക്കുകയാണെന്നു ആരും അർത്ഥമാക്കരുതു്. മാഹാത്മ്യമുള്ള പ്രാചീനതയെ മഹത്തായിത്തന്നെ കൊണ്ടാടണം. പക്ഷേ പൂർവികന്മാരെ അന്ധമായി അനുഗമിക്കുന്നതിനു പകരം സ്വാതന്ത്ര്യബുദ്ധിയും സ്വാശ്രയശീലവും നിറഞ്ഞ ഒരു മനഃസ്ഥിതിയോടുകൂടി കല്പനാശക്തിക്കുവേണ്ടി നാം അശ്രാന്തം പരിശ്രമിക്കുകയാണു വേണ്ടതു്" ഈ വാദമുഖത്തിൽ കുറെ ന്യായവും ശക്തയും ഉണ്ടു്. പ്രസ്തുത നിരീക്ഷണത്തിൽകൂടി നാം കണ്ണോടിക്കുമ്പോൾ പ്രകൃത്യാ ചില പ്രശ്നങ്ങൾ ഉൽഭവിക്കുന്നു. ആധുനികകല അതീതകാലത്തെ മുഴുവൻ നിരാകരിക്കുന്നതിനു പുറമേ ഒരു പുതുമ കൂട്ടിച്ചേർക്കുകയും ചെയ്യുന്നുണ്ടോ? അതോ, അതിന്റെ വിശാലവീക്ഷണത്തിൽ കലയുടെ ചില പ്രധാനപ്രമാണങ്ങൾ വിസ്മരിക്കപ്പെടുന്നുണ്ടോ? പൌരാണികകലാകാരന്മാർ വിഷയനിർണ്ണയത്തിലും പ്രതിപാദനരീതിയിലും അവർക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾമൂലം കലയുടെ പരിധിക്കു പുറത്തുള്ളവയെ സ്വമനസ്സാലെ ഉപേക്ഷിച്ചുവോ? അതോ, അന്നത്തെ അവരുടെ പരിശ്രമങ്ങളുടെ പ്രായോഗികതയെക്കുറിച്ചു ശങ്കിച്ചിരുന്നുവൊ? സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിലും പരിശ്രമിച്ചു അവർ പ്രാപ്യസ്ഥാനത്തെത്തിയിട്ടുണ്ടോ? അഥവാ ഇനിയും ആക്രമണം നടത്തേണ്ട പുതിയ ലോകങ്ങൾ കലയിൽ ഉണ്ടോ?

ഒന്നാമതു് ഏതൊരു കലാകൃതിയും സ്ഥാപിതമായ ആശയങ്ങൾക്കു മാത്രമല്ല, സ്വതന്ത്രമായ കല്പനാശക്തിയ്ക്കും വിധേയമായിരിക്കണം. പ്രാചീനകാലത്തെ ആശയാദർശങ്ങളിൽ ആണു് ഒരു കലാകാരന്റെ ബുദ്ധിശക്തി സ്ഥിതിചെയ്യുന്നതെങ്കിൽ ആ ആശയാദർശങ്ങൾ അയാളുടെ വ്യക്തിത്വത്തിനും കാലത്തിനും അനുസരിച്ചു രൂപാന്തരപ്പെടണം. ഏതുവിധവും നാം പൂർവികരെ ആദരിക്കേണ്ടതു് ആവശ്യമത്രെ. പക്ഷേ ആ പഴയ നിയമശൃംഖലകൾക്കു നാം അടിമകളാകരുതെന്നേയുള്ളു. ചിത്രകലയുടെ പ്രധാന പ്രത്യേകത പ്രാചീനമാത്രമാകുമ്പോൾ ആ കല അധോഗതി പ്രാപിക്കുന്നു എതിർശക്തി പ്രവർത്തനത്തിലേർപ്പെട്ട നവീനപരീക്ഷണങ്ങൾക്കു ഉദ്യോഗിക്കുമ്പോൾ മാത്രമാണു് ഇതിൽനിന്നും വ്യത്യസ്തത വരുന്നതു്.

കലാചരിത്രത്തിന്റെ ഏതൊരു ദശയിലും നവീനാശയപ്രകാശനത്തെ തുടർന്നു് കുറേക്കാലത്തേയ്ക്കു് അനുകരണവും ആവർത്തനവും ഉള്ളതായി കാണാം. കാലക്രമത്തിൽ മനുഷ്യൻ അനുകരണത്തെ വെറുത്തു് പുതിയ മാർഗ്ഗങ്ങളെ ആരായുന്നു; പുതിയ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നു. ഇതിൽ പ്രാചീനതയ്ക്കു് സ്ഥാനമേയില്ല. പൂർവികന്മാർ അവസാനിപ്പിച്ചേടത്തു് കല ആരംഭിക്കപ്പെടുന്നില്ല; കഴിഞ്ഞകാലത്തെ നിയമശൃംഖലകളെ തേടിപ്പിടിക്കുന്നില്ല. ഈ പുതിയ പദ്ധതികൊണ്ടു് വലിയ സമയനഷ്ടമുണ്ടെന്നു പ്രത്യക്ഷമാണല്ലൊ. ആധുനികകലാകാരന്മാർ തങ്ങളുടെ പിതാക്കന്മാർ നേടിയിട്ടുള്ള വിഖ്യാതിയുടേയും ആശയസാമഗ്രികളുടേയും ഫലം നഷ്ടപ്പെടുത്തുന്നു. അതേസമയംതന്നെ അവനിമിത്തം കലയ്ക്കു സിദ്ധിച്ച പരിവർത്തനം ഉദ്ദിഷ്ടസ്ഥാനം പ്രാപിക്കാതേയും വരുന്നു.

നവീനകാലത്തെ കലാകാരന്മാർ പ്രാചീനതയോട് എത്ര കടപ്പെട്ടിട്ടുണ്ടെന്നും അനുകരണം അവരുടെ പുരോഗതിക്കു് എത്ര പ്രതിബന്ധമായി തീർന്നിട്ടുണ്ടെന്നുമുള്ള കാര്യം ചിന്തനീയമാണു്. ഏതൊരു കലാകാരനും തന്റെ സ്വാതന്ത്ര്യത്തിന്റെ കണികപോലും നഷ്ടപ്പെടാതെ മാമൂൽ അനുസരിച്ചു് അനുവർത്തിക്കാം. പല സുപ്രസിദ്ധ ആംഗലകലാകാരന്മാരും ഇതിനുദാഹരണമാണു്.

അനുകരണം കലയിൽ ഒഴിച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ പൂർവികന്മാരേയും അവരുടെ പ്രമാണാദർശങ്ങളേയും അനുകരിക്കാൻ നാം നിരോധിക്കപ്പെട്ടിരിക്കയാണെങ്കിൽ കല ഉല്ക്കർഷം പ്രാപിക്കാതെ, എന്നും അതിന്റെ ബാല്യദശയിൽതന്നെ ജീവിക്കുന്നതായിരിക്കും. യാതൊരുകലയും ഒരേ സമയത്തു കണ്ടുപിടിക്കപ്പെടുകയും പരിപൂർണ്ണത പ്രാപിക്കയും ചെയ്തിട്ടില്ലെന്ന കഥ സുസമ്മതമാണു്. ഒരു കലാകാരൻ പ്രകൃതിയെ അനുകരിച്ചാൽമാത്രംപോരാ. ഇതരകലാകാരന്മാരിൽനിന്നു് പലതും അയാൾ പഠിക്കണം. അവരേയും അനുകരിക്കണം. കലാഭിരുചിയുടെ ആരംഭം അനുകരണത്തിൽനിന്നാണെന്നു് ചിലർ അഭിപ്രായപ്പെടുന്നു. പക്ഷേ നാം പൂർവികരുടെ ചിന്തകൾ അനന്തരകാലത്തിൽ ഉപയോഗപ്പെടുത്തരുതത്രെ. പുതിയ കാര്യങ്ങൾ കണ്ടറിയുന്നതു് ബുദ്ധിശക്തിയുടെ ലക്ഷ്യമാണു്. എന്നാൽ അനുഭവം പരിശോധിക്കയാണെങ്കിൽ അന്യരുടെ ചിന്തയുമായുള്ള നിരന്തരപരിചയത്തിന്റെ ഫലംകൊണ്ടുമാത്രമാണു് നാം ചിന്തിക്കാൻ പഠിക്കുന്നതു് എന്നു കാണാം. രണ്ടു കാലങ്ങളിലേയും കലാസമ്പത്തു് അഭ്യസിച്ചിട്ടുള്ളവർ ഉൽകൃഷ്ടമായ ആശയപ്രകാശനത്തിൽ സർവ്വദാ സന്നദ്ധരായിരിക്കും. ഉപകരണങ്ങളുടെ ബാഹുല്യം കല്പനാശക്തിയുടെ അഭിവൃദ്ധിക്കു നിദാനമായിരിക്കുന്നതാണു്. അനുകരണത്തിന്റെ യഥാർത്ഥവും പരിഷ്കൃതവുമായ അടിസ്ഥാനം ഒരു തുറന്ന മൈതാനംപോലെയാണു്. അവിടെ ആദ്യം പ്രവേശിക്കുന്നവനെ നിങ്ങൾ അനുഗമിക്കുക. കഴിയുമെങ്കിൽ അയാളെ പിറകിലാക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടു്. ഇങ്ങനെ അന്യകൃതികളിൽനിന്നും ഹൃദിസ്ഥമാക്കുന്നവ കാലക്രമത്തിൽ നമ്മുടെ സ്വന്തമായിത്തീരുന്നു. നാം ഒരിക്കലും അവയെ വിസ്മരിക്കുന്നില്ല; മാത്രമല്ല, ആ വിപുലമായ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി കലാനൈപുണ്യം നേടുകയും ചെയ്യാം.

സർ ജോഷ്വാ റെയിനോൾഡ്സിന്റെ (Sir Johua Reynolds) അഭിപ്രായങ്ങൾ ഈ സന്ദർഭത്തിൽ സ്മരണീയമാണു്. അദ്ദേഹം പറകയാണു്:—"ആധുനികരെ മാത്രം പഠിച്ചതുകൊണ്ടു നാം സംതൃപ്തരാകരുതു്. കലയെ നമുക്കു അതിന്റെ ഉത്ഭവസ്ഥാനംവരെ പരിശോധിക്കണം. പരിശുദ്ധമായ പ്രാചീനതയുടെ സ്മരണകളായ മഹനീയപ്രമാണങ്ങൾ അവർ സ്വീകരിച്ചതു എവിടെനിന്നോ അവിടംവരെ നമുക്കു സഞ്ചരിക്കണം." പുരാതനരുടെ സകല നവീന സൃഷ്ടികളെയും ചിന്തകളെയും—അവ ഏതുരീതിയിലുള്ളതായാലും ശരി നാം ആരാഞ്ഞറിയണം; സശ്രദ്ധം പഠിക്കണം. ഈ അപൂർവമഹാത്മാക്കളുടെ ബുദ്ധിശക്തിയാണു ആധുനിക കലയുടെ സൃഷ്ടിസ്ഥാനം. പൌരാണികരെ കലാകർത്താക്കളായി ഗണിക്കണമെന്നുള്ളതു നമ്മുടെ അഭിമാനത്തെ സ്പർശിച്ചേക്കാം. പക്ഷെ ഒന്നു നാം വിസ്മരിക്കരുതു്. ആ മഹാത്മാക്കളുടെ കൃതികൾ പഠിക്കാതാകുമ്പോൾ കലകൾ അധോഗതി പ്രാപിക്കയും വീണ്ടും നാം ആ അപരിഷ്കൃതനിലയിലേക്കു മടങ്ങി എത്തുകയുംചെയ്യുന്നു. പ്രാചീനതയെ പകർത്തുന്നതിൽ ആരുംതന്നെ സങ്കോചപ്പെടേണ്ടതില്ല. പൂർവികരുടെ കൃതികൾ ഒരു മഹത്തായ പൊതുസ്വത്താണു്. അതിൽനിന്നു വേണ്ട ഉപകരണങ്ങൾ സ്വീകരിക്കാൻ ആർക്കും സ്വാതന്ത്ര്യമുണ്ടു്. യഥായോഗ്യം വിനിയോഗിക്കാനറിയാവുന്നവർ അവ സ്വായത്തമാക്കാവുന്നതുമാണു്. ഒരു പ്രാചീന കലാകാരനിൽനിന്നോ, സമകാലീനനല്ലാത്ത ഒരു നവീനനിൽനിന്നോ വിക്രയംചെയ്ത ആശയം സ്വകൃതിയിലെ ഒരു വിഭാഗമാക്കിത്തീർക്കുന്ന ഒരു കലാകാരനിൽ അപഹരണക്കുറ്റം ആരോപിക്കുന്നതു വിഹിതമല്ല.

ഈ വിഷയത്തെക്കുറിച്ചു ജോൺറസ്കിൻ (John Ruskin) പറയുന്നതു് ആർക്കും ആദരണീയമാകുന്നു. അദ്ദേഹം പറയുന്നു:—"കല്പനാശക്തി എന്നു പറഞ്ഞാൽ മററാരും ഇതുവരെ പരിശ്രമിക്കുകൂടി ചെയ്യാത്തതു ചെയ്ക എന്നർത്ഥമില്ല. പരിശുദ്ധമായ ചിന്തയുടെയും അപ്രതിരോധ്യമായ സ്തോഭോദ്ദീപനത്തിന്റെയും പ്രകാശനമെന്നാണതിന്നർത്ഥം. അതു പ്രാചീനസീമയ്ക്കുപുറത്തായാലും അകത്തായാലും വിരോധമില്ല. നാം കലയുടെ ചരിത്രത്തെ കൂലങ്കഷമായി വിമർശിക്കുന്നപക്ഷം സുസ്ഥാപിതമായ മാർഗ്ഗാദർശങ്ങളുടെ പുരോഗമനത്തിലാണു്—അല്ലാതെ അവയ്ക്കു വിരുദ്ധമായ രീതിയിലല്ല—കലാനൈപുണ്യം അതിന്റെ പാരമ്യത്തിലെത്തിച്ചേർന്നിട്ടുള്ളതെന്നുകാണാം. ആ സുകൃതികളെക്കുറിച്ചു നാം കൂടുതൽ അറിയുന്തോറും അവരുടെ മാഹാത്മ്യത്തെ വിശ്വസിപ്പാൻ നിർബന്ധിതരാകുന്നു." പ്രാചീനതയുടെ പ്രാബല്യത്തെക്കുറിച്ചു പര്യാലോചിക്കുമ്പോൾ വെറും മാമൂലിൽനിന്നും അതിന്റെ ഫലത്തെ വിവേചിക്കാൻ വിസ്മരിച്ചുപോകരുതു്.

ഡാക്ടർ എ. കെ. കുമാരസ്വാമി എന്ന ഭാരതീയകലാവിമർശകൻ പറയുന്നു:—"കലയെ പ്രകാശിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി നമുക്കു മാമൂലിനെ നിർവചിക്കാം. പ്രാചീനതയാവട്ടെ ആ മാമൂൽപ്രയോഗങ്ങളുടെ ഒരു ചരിത്രലക്ഷ്യവുമാണു്. മാമൂലും പ്രാചീനതയും കലയുടെ ശത്രുക്കളാണെന്നു പലരും വിശ്വസിക്കുകയും ആ അടിസ്ഥാനത്തിന്മേൽ ഖണ്ഡനത്തിനു പുറപ്പെടുകയും ചെയ്യുന്നു. മാമൂൽ വെറും ഒരു [illegible]മാത്രമാണു്. അതു ഒരു ഭാഷയോ പ്രകാശനരീതിയോ അല്ല. പ്രാചീനത ഇതിൽനിന്നും വ്യത്യസ്ഥമാണു്. ഓരോ കലാകാരനും ആശയപ്രകാശനത്തിന്നാരംക

മതമണ്ഡലം.

കെ. രാമകൃഷ്ണൻനായർ ബി. എ

മററു മണ്ഡലങ്ങളെപ്പോലെതന്നെ മതത്തെപ്പററിയും ഭിന്നങ്ങളും നവങ്ങളുമായ അനുഭവങ്ങൾ മനുഷ്യനു ഉണ്ടായിട്ടുണ്ട്. അതനുസരിച്ചു മതത്തോടുള്ള മനോഭാവത്തിനും മാററം സംഭവിക്കുന്നു. അടുത്തു കഴിഞ്ഞ നൂററാണ്ടുകളിൽ അന്ധമായ ഭക്തികൊണ്ടു മാത്രം വളർത്തപ്പെട്ട മതപ്രവാഹം ആധുനികശാസ്ത്രസിദ്ധാന്തങ്ങളുടേയും പകബുദ്ധിയുടേയും പ്രകാശത്തിൽ ഭയകമ്പിതമായി നില്ക്കുകയാണു ചെയ്യുന്നതു. പരീക്ഷിച്ചറിഞ്ഞ തത്വങ്ങളിൽതന്നെ എത്രയെണ്ണത്തിനു മനുഷ്യൻെറ പുരോഗമനത്തിനുവേണ്ടി അവൻെറ ജീവനിലുള്ള പിടി വിടേണ്ടിവരുമെന്നു നിശ്ചയിക്കാറായിട്ടില്ല. പ്രപഞ്ചത്തിൻെറ പ്രതിധ്വനിയായിത്തീരാൻ അനുഗ്രഹിക്കുന്ന മനുഷ്യൻ സകലബന്ധനങ്ങളേയും തകർക്കാനാണു എളുപ്പം. അതും അസ്വാതന്ത്ര്യത്തിൽനിന്നും അടിമത്വത്തിൽനിന്നും അനുഭജിക്കുന്ന സ്വാതന്ത്ര്യം ജ്വലിക്കുന്ന ശക്തിയെ ഉൾക്കൊള്ളുന്നു. ഒരുപക്ഷെ വിധ്വംസനംചെയ്ത വിശ്വാസങ്ങളെ അവൻ വീണ്ടും സ്വീകരിക്കേണ്ടതായിവന്നു എന്നുവരാം. അങ്ങിനെ വേണ്ടിവന്നാൽതന്നെ അതു ഒന്നുകൂടി ഉറച്ച അടിസ്ഥാനത്തിലും വളർന്ന ബോധത്തിലും ആയിരിക്കാനേ തരമുള്ളു. എങ്കിലും നവ്യമാർഗ്ഗങ്ങളേയും അനുഭവങ്ങളേയും അനാദരിക്കാൻ മനുഷ്യനു കഴിയുന്നതല്ല. അവയ്ക്കു അവൻെറ സ്വഭാവത്തിലുള്ള ആകർഷണവും പ്രേരണയും അത്രയ്ക്കു ശക്തിയുള്ളതാണ്.

ജീവൻ സ്ഥൂലസ്വരൂപം കൈക്കൊണ്ട ഘട്ടംമുതൽ തുടർച്ചയായ ചരിത്രം ബുദ്ധികൊണ്ടുള്ള നിരീക്ഷണംമൂലം മനുഷ്യൻ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും അവനു മുൻപുതന്നെ മതം ഉണ്ടായതാണെന്നു ഇപ്പോഴും പലരും വിശ്വസിച്ചുവരുന്നു. ഒരുപക്ഷേ അതു മതത്തിൻെറ മാഹാത്മ്യം സ്ഥാപിക്കുന്നതിനുള്ള ഒരു വിദ്യയായിരിക്കാം. അതെങ്ങിനെയായാലുംമതശാസനങ്ങളെപ്പററി ചോദ്യമോ സംശയമോ ഉണ്ടാകാൻപാടില്ലാത്തവിധം അവ ശ്രേഷ്ഠമാണെന്നുള്ള ബോധത്തിനു ഇതേവരെ പറയത്തക്ക ഹാനിതട്ടിയിട്ടില്ലെന്നു സമ്മതിക്കാതെതരമില്ല. ഊഹംകൊണ്ടു ദിവ്യത്വം കല്പിച്ച ഒരു ദുഷ്പ്രഭുവിനെപ്പോലെ മതത്തെയും മനുഷ്യൻ ഭയപ്പെട്ടുവളർന്നു പരിചയം പരിപാലിച്ചുവരുന്നു എന്നേയുള്ളു. മതത്തെപ്പോലെ ഭീഷണികൊണ്ടു ജീവനെ വശത്താക്കിയ വേറൊരു ശക്തിയും അറിയപ്പെട്ടിട്ടില്ല. മനുഷ്യൻ ഭയവുമായി ആദ്യം പരിചയപ്പെട്ടതും മതത്തിൽവെച്ചായിരിക്കണമെന്നുതോന്നുന്നു. മാനവസമുദായത്തിൻെറ നിസർഗ്ഗസുന്ദരമായ ബാല്യദശ കുത്സിതരൂപമായ പ്രവൃത്തനങ്ങൾകൊണ്ടു അത്രയ്ക്കു രൂക്ഷമായ ഒരു നിയന്ത്രണസൂത്രത്തെ ആവശ്യപ്പെട്ടിരിക്കാനും തരമില്ല.

ജ്ഞാനവും ബോധവും വളർത്തുന്നതിനു ക്രൂരമായ ആയുധത്തിൻെറ സഹായം ആവശ്യമാണോ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഭയത്താൽ നിസ്സഹായനായിത്തീർന്ന മനുഷ്യൻ മതത്തെ രക്ഷാമാർഗ്ഗമായി സ്വീകരിക്കേണ്ടതായി വന്നുകൂടി എന്നുള്ള വാസ്തവം നിഷേധിക്കത്തക്കതല്ല. അങ്ങിനെ പ്രാരംഭകാലത്തിൽ മതത്തിൻെറ അടിസ്ഥാനം ഭയമായിരുന്നുവെന്നു സമ്മതിക്കേണ്ടിവരുന്നു. അതിനു കാരണം മതസ്ഥാപകന്മാർ മനുഷ്യൻെറ ആത്മശാന്തിക്കും മുക്തിക്കും ഉള്ള വെളിച്ചം കൊടുത്തു എങ്കിലും അതോടൊത്തുതന്നെ അവർ അവൻെറ ഭൌതികജീവിതത്തെക്കൂടി സ്വാധീനമാക്കി നിയന്ത്രിക്കുന്നതിനു ആഗ്രഹിച്ചു പ്രവർത്തിച്ചുവെന്നുള്ളതാണ്. അതുകൊണ്ടുതന്നെ ആയിരിക്കാം അനുഭവിച്ചറിഞ്ഞ സത്യങ്ങളോടു അന്നത്തെ ജീവിതരീതിക്കാവശ്യമായ വിധത്തിൽ കെട്ടുകഥകളെയും, മനോധർമ്മങ്ങളെയും, ചേർത്തു പ്രചരിപ്പിക്കാൻ തുടങ്ങിയതു്. ഈ ലോകത്തിൻെറ ക്ഷണികമായ ഭോഗമോഹങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു അനന്തസത്തയിൽ ജീവൻെറ പ്രതിഭാസങ്ങൾക്കു അടിസ്ഥാനമിടുന്നതിനുവേണ്ടി ശ്രമിച്ച മതത്തിൽതന്നെ ആദ്യകാലംമുതൽ വ്യാമോഹത്തിനും സ്ഥാനംകിട്ടി.

മനുഷ്യൻ ജീവിതം ആരംഭിച്ചതു് പ്രകൃതിശക്തികൾക്കു അടിമയായിട്ടായിരുന്നു എന്നുള്ളതിനു തെളിവുകൾ ധാരാളമുണ്ട്. പ്രകൃതിയെ ഭരിക്കുന്ന ഒരു ശക്തി ഈശ്വരനാണെന്നു മതം പ്രഖ്യാപനംചെയ്തപ്പോൾ അവൻ അദ്ദേഹത്തിൻെറ പ്രീതിക്കനുസരണമായി ജീവിക്കുന്നതിനു നിർബന്ധിതനായിത്തീർന്നു. ക്രമേണ ഭൂമികുലുക്കത്തെ ഉണ്ടാക്കുന്നതും ദാരിദ്ര്യപീഡ അനുഭവിപ്പിക്കുന്നതും പേമാരി ചൊരിയുന്നതുമായ ഒരു സംഹാരരുദ്രനായി ഈശ്വരനെ ഭയന്നു അന്ധമായ വിഗ്രഹാരാധനയ്ക്കു വഴങ്ങി വർത്തിച്ചുവന്നു. അപ്പോഴുണ്ടായ മതപ്രതിപത്തി ആശയോടുകൂടി ജീവിക്കുന്നതിനു അവനെ അധികം സഹായിച്ചു എന്നുള്ളതിൽ തർക്കമില്ല. അതിനുശേഷമാണു മതസ്ഥാപകൻെറ അഭിപ്രായങ്ങളനുസരിച്ചു ജീവിക്കാൻ തുടങ്ങിയതു്. സംയോജകൻെറ കാലശേഷം പ്രകൃത്യാ സ്വതന്ത്രബുദ്ധിയായ മനുഷ്യൻ ഓരോരോ തത്വങ്ങൾക്കു പ്രാധാന്യം കല്പിച്ചു ഓരോരോ വിഭാഗങ്ങളായി തിരിഞ്ഞു. ഇന്നത്തെ വിവിധസമുദായങ്ങളുടേയും മൂലം അവിടെ ആയിരിക്കണമെന്നുതോന്നുന്നു- ഓരോ പ്രമാണിയും അയാൾക്കിഷ്ടമുള്ള യുക്തിയും തത്വവും മതത്തിൻെറ പേരിൽ സ്ഥാപിക്കാൻ ശ്രമിച്ചു. മതസിദ്ധാന്തങ്ങളെപ്പററി സംശയിക്കാതെ വിശ്വസിച്ചു പ്രവർത്തിച്ചുകൊള്ളുകയല്ലാതെ അവയെ ഭേദപ്പെടുത്തുന്നതു പാപമാണെന്നുള്ള ചൂണ്ടുപലകകളും സ്ഥാപിക്കപ്പെട്ടു. ആരും സ്വതന്ത്രമായി കൈകടത്തി മതത്തെ മലിനപ്പെടുത്തരുതെന്നുള്ള ഉദ്ദേശമേ അതിനുണ്ടായിരുന്നിരിക്കുകയുള്ളു. മതത്തോടുകൂടിത്തന്നെ പാപവും കുത്തിവെച്ചു മനുഷ്യൻെറ ബോധംകെടുത്തിയില്ലെങ്കിൽ മതം നിലനിൽക്കുകയില്ലെന്നുള്ള ഭയം മതസ്ഥാപകന്മാർക്കുതന്നെ ഉണ്ടായിരുന്നിരിക്കണം. ഇക്കാര്യങ്ങളിൽ ഭാരതത്തിൻെറ മതം സംസ്കാരം സന്ദേശം ഇവ ഭിന്നങ്ങളാണ്. അവ ആരെയും ഭയപ്പെടുത്താതെയും ഒന്നിനേയും ഭയപ്പെടാതെയും ആണ് ഇന്നു വളരുന്നതു്. എങ്കിലും ഭാരതീയമതങ്ങൾ ദുഷിക്കുന്നതിനു വേറെ സൌകര്യങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ടു.

ഈവിധത്തിൽ മതപ്രവാഹം അതു കടന്നുപോന്ന കാലങ്ങളുടെ അഭിപ്രായങ്ങളും ആചാരങ്ങളും വഹിച്ചുകൊണ്ടുതന്നെ വന്നു. എത്രയെത്ര ആളുകളുടെ അഭിപ്രായസംഘാതങ്ങളാണു അതിൽ രൂക്ഷമായി പതിഞ്ഞുകിടക്കുന്നതു്. വാസ്തവത്തിൽ മലിനങ്ങളായ അവയ്ക്കു മാത്രമേ നമ്മുടെ മുൻപിൽ മതമായി എത്താൻ കഴിഞ്ഞിട്ടുള്ളു. അല്ലെങ്കിൽതന്നെ അനേക ശതകങ്ങൾക്കു മുൻപു സൃഷ്ടിച്ച ജീവിതനിയമങ്ങൾ അതേവിധം സ്വീകരിക്കുന്നതുകൊണ്ടു പ്രയോജനമില്ലാത്തവിധത്തിലാണ് പരിഷ്കാരത്തിൻെറ സ്ഥിതി. എന്തെന്നാൽ നമുക്ക് രണ്ടായിരംകോടിവർഷത്തെ (അത്രയും ആണ് ഭൂമിയുടെ വയസ്സായി ഊഹിക്കപ്പെടുന്നതു്) അനുഭവങ്ങളാണ് പൌനിക്കേണ്ടതായിക്കിടക്കുന്നതു്. ഇക്കാലമായപ്പോഴേക്കും മതം മതങ്ങളായിത്തീരുകയും മതങ്ങൾ ശിഥില

കുന്നതിനു മുൻപു സൃഷ്ടിക്കേണ്ട ഭാഷയിൽ കലയെ ബാധിക്കുന്ന ഒരു ന്യൂനതയാണതു. അതു് അത്ഭുതാവഹമായ ഒരു പ്രകാശനരീതിയാണ്. ഒരു മാതൃഭാഷയുമാണതു്. അതീതകാലത്തിൽ മഹാന്മാരിൽനിന്നും കിഞ്ചിജ്ജ്ഞന്മാരിൽനിന്നും സിദ്ധിച്ചിട്ടുള്ള അത് വ്യാപ്തികൊണ്ടു സമ്പൂർണ്ണമാണതു്."

"കല ജീവിക്കുന്നിടത്തോളംകാലം പ്രാചീനതയും കലയോടു ചേർന്നുതന്നെ കഴിഞ്ഞുകൂടുന്നു. രണ്ടും വേർതിരിക്കുക സാദ്ധ്യമല്ല. പ്രാചീനതയുടെ അഭ്യർത്ഥനശക്തി സ്തോഭജനകവും മതപരവുമായ ആശയസംയോഗംകൊണ്ടു പോഷിപ്പിക്കപ്പെടുന്നു. ഏതൊരു അനുകരണഫലയ്ക്കും നവീനമല്ലാത്ത ഒരു വൈശിഷ്ട്യം പ്രാചീനകൃതികൾക്കുണ്ട്. അവ വെറും വ്യക്തിയുടേയോ ഒരു പ്രത്യേക കാലത്തിൻേറയോ ആശയങ്ങളെക്കാൾ സാമുദായികാചാരവിശ്വാസങ്ങളെ പ്രതിനിധീകരിക്കുന്നു. സാമുദായിക മനഃസ്ഥിതിയുടെ സജീവമായപ്രകാശനമാണവ. അവയെ ഉപേക്ഷിച്ചുകൊണ്ടു വിശിഷ്ടമായ രീതിയിൽ ഇനിയും കല ജീവിക്കണമെന്നാഗ്രഹിക്കുന്നതു ഒരു വനതരുവിൻെറ വേരറുത്തതിനുശേഷം ചില്ലയിന്മേൽ ഫലകുസുമങ്ങൾ അന്വേഷിക്കുന്നതുപോലെയാണ്."

മാവുകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ അതു് സ്വതന്ത്രമായ ചിന്തയുടെ ഫലമായിരിക്കാം. എങ്കിലും ആചാരങ്ങളെ വിടുന്നതിനു വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. 'ഭഗവൽഗീത'പോലും വായിക്കാത്തവനു് ഇന്നു യാതൊരുപദ്രവവുംകൂടാതെ ഹിന്ദുവായി ജീവിക്കാം. ബൈബിൾ വായിക്കാത്ത ക്രിസ്ത്യാനികളില്ലെങ്കിലും അതിനെപ്പററി ചിന്തിക്കുന്നതു പാപമാണെന്നു വിചാരിക്കുന്നവർ എത്രപേരുണ്ട്! എന്നാൽ തീണ്ടൽ ആചരിക്കാത്തവനു 'സനാതനി'യാകുന്നതിനോ ഞായറാഴ്ച അവധിദിവസമായിട്ടെങ്കിലും ഗണിക്കാത്തവനു ക്രിസ്ത്യാനിയാകുന്നതിനോ പ്രയാസമായിട്ടാണിരിക്കുന്നതു്. അതുപോലെതന്നെ പാപത്തെ അടിസ്ഥാനമാക്കിയുള്ള സന്മാർഗ്ഗനിഷ്ഠയും ഇന്നുവരെ എത്തിയിട്ടുണ്ട്.

ഈശ്വരനെ അറിയുന്നതിനോ ഈശ്വരനാകുന്നതിനോ ഉള്ള മാർഗ്ഗങ്ങൾ മാത്രമല്ല മതത്തിൽ ഉൾപ്പെടുന്നതു്. ജീവജാലങ്ങളുടെ മൂലകന്ദത്തോടുള്ള ബന്ധം അനവദ്യവും അവിഛിന്നവുംതന്നെ. ആ ബന്ധത്തിന്റെ ആവിഷ്കരണം മാത്രമായിരുന്നു മതങ്ങളെങ്കിൽ അവ കാലാന്തരത്തിൽ ഈ രൂപത്തിൽ ആവുകയില്ലായിരുന്നു. സ്വാതന്ത്ര്യവും സദ്ഗുണവുമായ സാമൂഹ്യജീവിതത്തിനുവേണ്ടിയാണു മനുഷ്യൻ മതത്തെ ആശ്രയിച്ചതെന്നുള്ള വാസ്തവം മറയ്ക്കത്തക്കതല്ല. മനുഷ്യനോ മതമോ മൂത്തതെന്നുള്ള വാദം ഇതേവരെ തീർന്നിട്ടില്ലെങ്കിലും മനുഷ്യസൃഷ്ടമാണു മതമെന്നുതന്നെ ബുദ്ധി സിദ്ധാന്തിക്കുന്നു. * മതസ്ഥാപകന്മാർ മനുഷ്യന്റെ സാദ്ധ്യസീമയെ ഉയർത്തുക മാത്രമാണു ചെയ്തതെന്നു വിചാരിക്കാം. പലർക്കും അവർ ജീവിക്കുന്ന കാലഘട്ടത്തെ അഭിമുഖീകരിക്കുന്നതിൽ കൂടുതൽ താല്പര്യം കഴിഞ്ഞ കാലത്തിന്റെ അഭിപ്രായങ്ങളെ കണ്ണടച്ചു വിശ്വസിക്കുന്നതിലാണു്. അങ്ങിനെ ചുമതലകൂടാത്ത ജീവിതത്തിനുള്ള എളുപ്പംകൊണ്ടു വളർച്ചയ്ക്കും ബുദ്ധിക്കും അവകാശമില്ലാത്ത എന്തോ അചിന്ത്യമായ ഒന്നാണു് മതമെന്നു അവർ ശഠിക്കുന്നു. ഭൗതികജീവിതത്തിൽ പരാജിതരായവരാണു മറഞ്ഞുപോയ ബുദ്ധിയുടെ നിഴലിൽ ഒളിക്കാൻ ശ്രമിക്കുന്നതു്. മനുഷ്യനേയും ജീവനേയുംകാൾ ശ്രേഷ്ഠം മതമാണെന്നുള്ളവിളി പ്രപഞ്ചത്തെത്തന്നെ പ്രകമ്പനംചെയ്തുകഴിഞ്ഞിരിക്കുന്നു. വികാരപരമായ മതപ്രതിപത്തി എത്രത്തോളം ലോകത്തെ വഴിതെററിച്ചു എന്നു പറഞ്ഞുകൂടാ. 'ആത്മശാന്തി'യെന്നും 'സ്വർഗ്ഗരാജ്യ'മെന്നും പറഞ്ഞു ഇരച്ചുകേറുന്ന ആഗ്രഹങ്ങൾ കാലസമുദ്രത്തിലെ ജീവസാനുക്കളിൽ ചെന്നു ഉറച്ചുപോകുന്നു. അങ്ങിനെ അവതാരപുരുഷന്മാരെയും മതസ്ഥാപകന്മാരെയും ചുററി മനുഷ്യന്റെ സ്വാർത്ഥതയും അജ്ഞതയും ഉറച്ചുപോയിട്ടുണ്ട്. വാളും പണവും അവയെ വികസിപ്പിക്കുന്നതിനും വളർത്തുന്നതിനും വളരെ സഹായിച്ചു. ക്രിസ്തുവും കൃഷ്ണനും നബിയും ബുദ്ധനും ലോകത്തിനു അനന്തചൈതന്യത്തിന്റെ പ്രകാശം കാണിച്ചുകൊടുത്തു എന്നുള്ളതിൽ ആർക്കും തർക്കമില്ല. എന്നാൽ അവർ ഒരേ ഒരു ചൈതന്യത്തിന്റെ ശക്തിയായിരുന്നു എന്നുള്ളതു ഇനിയും അംഗീകരിക്കേണ്ടതായിട്ടിരിക്കുന്നതേയുള്ളൂ. പൂർണ്ണമായ സത്യവും ജീവത്തായ സത്തയും ഒരു ക്രിസ്തുവോ കൃഷ്ണനോ അല്ല. അവരുടെകാലത്തു സർവ്വാന്തര്യാമിയായ ഒരു ശക്തിയെ മനുഷ്യൻ അറിഞ്ഞെങ്കിലും അതിനുശേഷം ബുദ്ധി അതിനെ പ്രതിഫലിപ്പിച്ച കേന്ദ്രങ്ങളിലേക്കു ചുരുങ്ങിപ്പോയി. ദാഹം ശമിപ്പിച്ച തീർത്ഥം അതു വഹിച്ച പാത്രമാണെന്നു വ്യാമോഹിച്ച മനുഷ്യൻതന്നെ തെററു സമ്മതിക്കണം. ആഗ്രഹാധിക്യത്തിൽ അങ്ങിനെയുള്ള സങ്കല്പങ്ങൾ അവനെ ആ വിധത്തിൽ അധികം വഴിതെററിച്ചിട്ടുമുണ്ട്. ഈ രൂപത്തിൽ വളർന്ന ആരാധനാക്രമം സർവ്വാത്മകവും സമത്വസമന്വിതവുമായ ഒരു ജ്ഞാനകേന്ദ്രത്തെ തുണ്ടുതുണ്ടായി മുറിക്കുന്നതിനു ഇടയാക്കി. ഈശ്വരനെക്കൂടി ആളോഹരിവച്ചപ്പോൾ മതങ്ങൾ വർദ്ധിക്കുന്നതിനും അന്യോന്യബന്ധത്തിനു സ്ഥായിയായ ഒരു ശക്തിയില്ലാതെയാവാനും ഇടവന്നു. സൂക്ഷിച്ചുനോക്കിയാൽ മാനവബുദ്ധി ഏകഭാവനയിലേക്കു കേന്ദ്രീകരിക്കുന്നതിനു മതസ്ഥാപകന്മാരും അവതാരപുരുഷന്മാരും ഇന്നു പ്രതിബന്ധമായി നില്ക്കുന്നില്ലയോ എന്നു സംശയിക്കാതെ തരമില്ല. ഒരുപക്ഷേ അതു ബുദ്ധിയുടെ ശക്തിക്കുറവാണെന്നും വരാം.

ഇനിയും മതത്തെപ്പററിയുള്ള ആധുനിക ചിന്താഗതിയുടെ പശ്ചാത്തലത്തിൽ നില്ക്കുന്ന കാരണങ്ങൾ എന്തെന്നു നോക്കാം. മനുഷ്യൻതന്നെ ജീവാണുവിൽനിന്നു പരമാണുവിലേക്കുള്ള വളർച്ചയുടെ അഗ്രിമസ്ഥാനത്താണു നില്ക്കുന്നതു്. വ്യക്തിക്കു് അധഃപതനവും നാശവും സംഭവിക്കുന്നുണ്ടെങ്കിലും സമുദായം വളർച്ചയിൽതന്നെ ഇരിക്കുന്നു. എങ്കിലും കഴിഞ്ഞ കാലങ്ങളിലെ പരിഷ്കാരത്തിന്റെ വളർച്ച് അടിതെററിയ സന്മാർഗ്ഗബോധത്തിലും യാന്ത്രികമായ സ്വാർത്ഥതയിലും ഉറച്ചുപോയതുകൊണ്ടുള്ള ദോഷം ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. ഇപ്പോൾ ഒരു രാഷ്ട്രത്തിലോ ഒരു മതത്തിലോ ഒതുങ്ങാത്തവിധം മനുഷ്യൻ വികസിച്ചുകഴിഞ്ഞു. സ്വാർത്ഥതയുടെ സ്വാതന്ത്ര്യത്തിനുള്ള രംഗങ്ങൾ അശേഷം നശിച്ചിരിക്കുന്നു. പരസ്പരബന്ധത്തെ അറിഞ്ഞു അംഗീകരിക്കാതെ മുന്നോട്ടു പോകുന്നതിനു പ്രയാസമായി തോന്നിത്തുടങ്ങി. ലോകം മുഴുവൻ സ്വീകരിക്കുന്ന ഒരടിസ്ഥാനത്തിൽ ഭാവിയെ ഉറപ്പിക്കേണ്ട ആവശ്യം നമ്മെ അഭിമുഖീകരിക്കുന്നു. "സർവ്വലോകസമാധാനമാകുന്ന വ്യവസ്ഥ സംസ്ഥാപിതമാകുന്നതുവരെ, സമന്വയമായ സൗഖ്യം ഉണ്ടാകുന്നതുവരെ വളർച്ചയ്ക്കു വിശ്രമസ്ഥാനങ്ങളായി വിപ്ലവങ്ങൾ കൂടാതെ കഴിയുന്നതല്ല." നമ്മുടെ പ്രവൃത്തി മുൻപിലാണു കിടക്കുന്നതു്. കഴിഞ്ഞകാലങ്ങളും സംഭവങ്ങളും ഇനിയും ഉദാഹരിക്കുന്നതിനുമാത്രമേ ഉപകരിക്കുകയുള്ളൂ. ഭിന്നിക്കുന്നതിനു കൂടുതൽ സൗകര്യങ്ങളുള്ള ഈ ലോകത്തിൽ സകലജനക്ഷേമത്തിലേക്കും സാർവ്വലോകസാഹോദര്യത്തിലേക്കും നയിക്കുന്ന ഒരു ജീവിതരീതി രൂപവൽക്കരിക്കുന്ന വിഷയത്തിൽ മതങ്ങൾക്കു എത്രമാത്രം മനുഷ്യനെ സഹായിക്കാൻ കഴിയുമെന്നുള്ളതാണു നോക്കേണ്ടതു്.

സയൻസിൽകൂടിയുള്ള മനുഷ്യന്റെ ശീഘ്രതരമായ പുരോഗമനം എത്രമാത്രം ബുദ്ധിയെ വികസിപ്പിച്ചു എന്നു പറഞ്ഞുകൂടാ. അതുമൂലം അടുത്തറിഞ്ഞ അനുഭവങ്ങളെ വിസ്മരിക്കാനും കഴിയുന്നതല്ല. സ്വശക്തിയിലുള്ള വിശ്വാസവും ബോധവും സയൻസിനെപ്പോലെ വേറെ യാതൊന്നും മനുഷ്യനു നൽകിയിട്ടില്ല. ഇന്നലെ കെട്ടിയ കെട്ടിടങ്ങൾ ഇന്നത്തേക്കു കഷ്ടിച്ചു് അടിസ്ഥാനംമാത്രമായിത്തീരുന്നു. ഭൂമി അനന്തന്റെ ഫണങ്ങളിൽ നിഷ്കളബ്രഹ്മമായി അങ്ങിനെ നിൽക്കുന്നു എന്നോ സൃഷ്ടി മുഴുവൻ ആറുദിവസംകൊണ്ടു നടത്തിഎന്നോ ഇനിയും ബുദ്ധിസമ്മതിക്കുകയില്ല. ആ വിധത്തിലുള്ള വ്യാഖ്യാനങ്ങളൊക്കെ നിർദ്ദോഷമായ അജ്ഞതയുടെ മനോധർമ്മങ്ങളെന്നു ഗണിക്കപ്പെട്ടേക്കും. ജീവൻ മനുഷ്യന്റെ രൂപത്തിൽ എത്തുന്നതിനു മുൻപു് കഴിഞ്ഞ കഥകളും കടന്ന പടികളും വ്യക്തമായിട്ടുണ്ട്. രാഷ്ട്രങ്ങളുടെ സ്വാർത്ഥതയേയും മതങ്ങളുടെ ശുഷ്കതയേയും കടന്നു സർവ്വത്ര വ്യാപിക്കുന്ന ശാസ്ത്രത്തിന്റെ വെളിച്ചത്തിനു മുൻപിൽ നമസ്കരിക്കാതെ പുരോഗതി സാദ്ധ്യമല്ല. മനുഷ്യനെത്തന്നെ ഈശ്വരനാക്കാനുള്ള ശക്തി അവനിൽ കിടപ്പുണ്ടെന്നു തെളിയിക്കുന്ന ജ്ഞാനം അദൃശ്യതയേയും അതിക്രമിക്കുന്നു. ഈ ലോകംതന്നെ ഒരു വെറും ചെറിയ നിരീക്ഷണശാലയായിതീർന്നിരിക്കുന്നു എന്നു മാർക്കോണി Marcony പ്രഖ്യാപനം ചെയ്തിട്ടു കുറച്ചുകാലമേ ആയിട്ടുള്ളൂ. അന്ധകാരത്തിന്റെ ആഴങ്ങളിൽനിന്നു് വസ്തുഘടനയുടെ വൈശിഷ്ട്യം വ്യക്തമാക്കാൻ കാലപ്രവാഹത്തിൽ അടിഞ്ഞു കേറിയ ഒരു നിർജ്ജീവവസ്തുവാണു്, മനുഷ്യനെന്നു എങ്ങിനെ ആരു വിശ്വസിക്കും. പരീക്ഷണങ്ങളെക്കാൾ കൂടുതൽ ചിന്തയാണു് ആവശ്യമെന്നു ശാസ്ത്രത്തിനു തോന്നിത്തുടങ്ങിയിട്ടുണ്ട്. മതതത്വങ്ങളിൽ സയൻസും അവസാനത്തിൽ സാധർമ്മ്യം പ്രാപിക്കുന്നു എങ്കിൽതന്നെ സയൻസിന്റെ വിജയം മഹത്തായിരിക്കുമെന്നുള്ളതിൽ സംശയമില്ല. എന്തെന്നാൽ പ്രാപ്യസ്ഥാനത്തെപ്പോലെ അതിന്റെ മാർഗ്ഗങ്ങളും പ്രകാശമാനമായിരിക്കും. മതത്തിലെ നാവണ്ണും കെട്ടുകഥകളും അന്ധവിശ്വാസങ്ങളും ഭയത്തിന്റെ പ്രേരണകളും അതിൽ ഉണ്ടായിരിക്കുകയില്ല.

കഴിഞ്ഞകാലങ്ങളിലെ കാഴ്ചകൾ മനുഷ്യദൃഷ്ടിയെ ഏറക്കുറെ മറയ്ക്കുന്നുണ്ട്. മിക്കവാറും പരിചയംകൊണ്ടും പഴക്കംകൊണ്ടും മരവിച്ചുകഴിഞ്ഞിരിക്കുന്ന മതത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽ ഉറച്ചുപോയ ബുദ്ധിക്കു വികസിക്കാൻ കഴിയുന്നുമില്ല. തസ്കരവൃത്തിയും കുലടാവൃത്തിയും മതബോധത്തിന്റെ കുറവുകൊണ്ടുണ്ടാകുന്നതാണെന്നു വിശ്വസിച്ചിരുന്ന കാലം മറഞ്ഞുകഴിഞ്ഞു. ശരിയായ ആഹാരവും ജീവിതസൗകര്യങ്ങളും കൊടുക്കുന്നപക്ഷം പണ്ടത്തെ 'പാപ'ങ്ങളിൽ പലതും ശമിക്കുമെന്നാണു് അനുഭവത്തിൽ കാണുന്നതു്. ഏതു കഷ്ടതകൾ

* Not to speak of what Mr. H. G. Wells says:— "Religion was an illusion coming late in the human history God is a fragment of man's imagination. Man invented the idea of God; it is a phantasm of his brain.

സഹിക്കുന്നതിനും ദുഷ്പ്രഭുത്വത്തിൽ നിർജ്ജീവമായിക്കഴിയുന്നതിനും മതം സഹായിച്ചിട്ടുണ്ട്. എന്നാൽ ഇന്നു് "നിസ്സാരം നിരർത്ഥം" എന്നുവച്ചു ഭൌതികജീവിതത്തിൽ നിന്നും മനുഷ്യന്റെ ആഗ്രഹങ്ങളെ തടഞ്ഞുനിർത്താൻ കഴിയുന്നതല്ല. അനുഭവിക്കാതെ ത്യജിക്കുന്നതിനു സാദ്ധ്യമല്ലാത്ത അനുഗ്രഹങ്ങളെ അവൻ അറിഞ്ഞുകഴിഞ്ഞു. അതുകൊണ്ടുതന്നെയാവാം റഷ്യ മുതലായ രാജ്യങ്ങൾ മതത്തെ അതിന്റെ ദുഷ്ടമായ സമുദായനിയമങ്ങളിൽ നിന്നു വിട്ടുത്തി വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു വിധേയമാക്കാൻ മൃത്യുഞ്ജയമന്ത്രവും കൊണ്ടു മുന്നോട്ടു വന്നതു്. ഇതുകേട്ടപ്പോൾ റഷ്യയുടെ നാശം അടുത്തുകഴിഞ്ഞു എന്നു യാഥാസ്ഥിതികന്മാർ വിധിയുമെഴുതി. എന്നാൽ മനുഷ്യദാസന്മാരായ റഷ്യാക്കാർക്കു മതവൈരാഗ്യംകൊണ്ടു ദോഷം സംഭവിക്കാൻ ഇടയില്ലെന്നുള്ളതു തീർച്ചതന്നെ. എന്തെന്നാൽ ബുദ്ധിക്കും മതത്തിനും ഇടയ്ക്കു തീണ്ടൽ ആചരിക്കാതെ അവയുടെ ശരിയായ പ്രേരണകൾ എന്തെന്നു മനസ്സിലാക്കിയതു് അവരാണു്. മതത്തിന്റെ വെളിച്ചം മുഴുവൻ മനുഷ്യരക്തത്തിൽ ഇക്കാലംകൊണ്ടു കലർത്തിക്കഴിഞ്ഞിട്ടുണ്ടു്. നമ്മെ ഇന്നു നിൽക്കുന്നിടത്തു എത്തിച്ചതും നിർത്തുന്നതും കഴിഞ്ഞ കാലങ്ങളുടെ ജീവസ്പന്ദനങ്ങളാണു്. എങ്കിലും കാലത്തിന്റെ ആവശ്യമനുസരിച്ചും മനുഷ്യന്റെ പ്രതിഷ്ഠയ്ക്കുവേണ്ടിയും പല ആചാരങ്ങളോടും അവനു യാത്രപറയാതെതരമില്ല. അന്ധമായ വിശ്വാസത്തെക്കാൾ ബുദ്ധിപൂർവ്വകമായ ഭക്തികൊണ്ടാണു ഭൂതകാലത്തോടുള്ള നമ്മുടെ കടമ നിർവ്വഹിക്കപ്പെടേണ്ടതു്. വനാന്തരങ്ങളിൽ ഒററതിരിഞ്ഞു നടന്നിരുന്ന അവസരങ്ങളിലും ഒരു ചെറിയ സംഘത്തിന്റെ പ്രാപ്തിയിൽ തൃപ്തരായിരുന്നപ്പോഴും മതം മനുഷ്യനെ ഗ്രസിച്ചതിൽ തെററില്ല. പ്രകൃതിയുടെ വിഗതികളെ മതം വ്യാഖ്യാനിക്കട്ടെ. മനുഷ്യന്റെ ക്രൌര്യം, ദൂഷണം, മത്സരം എന്നിവയൊക്കെ മതത്തിന്റെ പേരിൽ സഹിക്കാൻ കഴിവില്ല. ഒന്നുകൂടി മനുഷ്യൻ മതത്തെ ഉൾക്കൊള്ളാതെ തരമില്ല. പുതിയ പരീക്ഷണങ്ങൾ നടത്തുന്ന റഷ്യയിൽ സ്നേഹത്തിനും ആപേക്ഷികജീവിതത്തിനും അശേഷം ശക്തിയില്ലാതെ പോകുന്നു എന്നു ചിലർ ദുഃഖിക്കുന്നു. വിവിധമതങ്ങളുടെ സങ്കേതമായ ഭാരതത്തിൽ അത്രകൂടി അവ അംഗീകരിക്കപ്പെടാത്തതിനു എന്തു സമാധാനം പറയും? മതത്തെ അടിസ്ഥാനപ്പെടുത്തി ഭരണം നടത്തുന്നതുകൊണ്ടുള്ള ദോഷങ്ങൾ മനസ്സിലാക്കിയതുകൊണ്ടായിരിക്കാം പതിനൊന്നരക്കോടി ജനങ്ങളുള്ള ഫ്രഞ്ചുരാജ്യത്തിന്റെ ഭരണസമിതി അവിടെ പ്രത്യേകമായ യാതൊരു മതവും വേണ്ടെന്നു പ്രഖ്യാപനം ചെയ്തതു്. ഈ രാജ്യങ്ങളിലെങ്ങുംതന്നെ സത്യവും ന്യായവും അതുകൊണ്ടു നശിച്ചുപോയി എന്നു വിചാരിക്കാൻ നിവൃത്തിയില്ല. മനുഷ്യനെ മനുഷ്യനാക്കുന്നതിൽക്കൂടുതൽ മതത്തിനു പ്രസക്തിയില്ല. മതത്തിന്റെ പ്രേരണ മനുഷ്യനിലും മനുഷ്യന്റെ പ്രാമാണ്യം ലോകത്തിലും സംസ്ഥാപിതമാകുന്ന ഒരുകാലം അധികം ദൂരത്തിലല്ല. ജീവനുള്ള ഈശ്വരന്റെ ക്ഷേത്രം മനുഷ്യഗാത്രമാണെന്നുള്ളതിൽ സംശയമില്ല.

മതത്തിനു ഏററവും കൂടുതൽ പിടിയുള്ള സന്മാർഗ്ഗബോധത്തിനുതന്നെ മാററം സംഭവിച്ചിട്ടുണ്ടു്. സ്വർഗ്ഗത്തിന്റെ പ്രേരണയേയും നരകത്തിന്റെ ഭയത്തേയും കാൾ ലൌകികാവശ്യങ്ങളെ നോക്കി സന്മാർഗ്ഗരീതി വ്യത്യാസപ്പെട്ടുവന്നു. അങ്ങിനെയാണു വിധവാവിവാഹത്തേയും വർണ്ണാചാരത്തിന്റെ ഭേദനക്രമങ്ങളെയും ഗ്രസിച്ചിരുന്ന പാപം പമ്പകടന്നതു്. 'ആദം' തിന്ന പഴത്തിന്റെ പാപത്തെക്കാൾ മനുഷ്യനെ കൂട്ടക്കൊലനടത്തുന്ന രീതിയുടെ പാപം ജീവിതത്തെ സ്പർശിക്കുന്നുണ്ടു്. ബാല്യത്തിലേക്കു പാരമ്പര്യം സംക്രമിപ്പിക്കുന്ന സന്മാർഗ്ഗബോധം ലോകത്തെ ഉദ്ധരിക്കുന്നുണ്ടോ എന്നു ചോദിക്കാൻതുടങ്ങിക്കഴിഞ്ഞു. ബുദ്ധി പറയുന്നതിനെപ്പററിക്കൂടി മനുഷ്യനു ചിന്തിക്കാതിരിക്കാൻ പ്രയാസമാണെന്നു തോന്നുന്ന പാപത്തിന്റെ ബോധം മനുഷ്യനെ അസന്തുഷ്ടനും അടിമയും ആക്കിത്തീർക്കുന്നു എന്നാണു് മനഃശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. തന്നിൽതന്നെ ലയിച്ചിരിക്കുന്നതുപോലെ ഒന്നും ദുസ്സഹമായിട്ടില്ല. സാന്മാർഗ്ഗികമെന്നും അസാന്മാർഗ്ഗികമെന്നും പറയുന്നതു് ഒരു വ്യക്തിയുടെ പ്രവൃത്തികൾക്കു് സമുദായത്തിലുണ്ടാകുന്ന ഗുണദോഷങ്ങളെ ആശ്രയിച്ചാണു്. ഇപ്പോൾ സന്മാർഗ്ഗബോധത്തിന്റെ വളർച്ച് പരീക്ഷണത്തെ അടിസ്ഥാനമാക്കിയാണു് ഉണ്ടാകുന്നതു്. കഴിഞ്ഞ കാലങ്ങളുടെ ശ്രമങ്ങൾ 'അവസാനതീരുമാന'ത്തിലേക്കു ലോകത്തെ നയിച്ചിട്ടില്ലെന്നുള്ളതു തീർച്ചയാണു. അങ്ങിനെയുള്ള വിശ്വാസംകൊണ്ടു മാത്രമേ നമ്മുടെ ജീവിതാർത്ഥം ന്യായീകരിക്കപ്പെടുകയുള്ളു.

മതത്തിന്റെ ചങ്ങലകളിൽ കുരുങ്ങിപ്പോയ ബുദ്ധിക്കു വികസിക്കാൻ പ്രയാസമായതുകൊണ്ടു് വികസിതമായ ബുദ്ധിയോടുകൂടിയാണു് ഇപ്പോൾ മതത്തെ സമീപിക്കുന്നതു്. മതത്തിൽ പ്രത്യേകത (specialization) സമ്പാദിക്കുന്നതു് അപകടമാണെന്നാണു അഭിജ്ഞമതം. വികാരപരമായ മതപ്രതിപത്തി എത്രത്തോളം ലോകത്തിന്റെ തലതിരിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. അതിന്റെ പ്രകടനങ്ങൾ കാണുമ്പോൾ 'മതമണ്ഡലത്തിൽ ബുദ്ധിയും ഭ്രാന്തും തിരിച്ചറിവാൻ പ്രയാസമാണെന്നു'ള്ള അഭിപ്രായം സമ്മതിച്ചേതീരൂ. മതം അനന്തമൂർത്തിയുമായുള്ള നമ്മുടെ ബന്ധത്തിന്റെ സാന്ദ്രതയും ജീവന്റെ ആകർഷണകേന്ദ്രവും ആണെന്നാണു് ടാഗ്ഗോർ പറയുന്നതു്. അതു് ജീവിതത്തിന്റെ മുഴുവൻ കൂറിയുള്ള സത്യമായിരിക്കെ ആഴ്ചപ്പതിപ്പായും ദിനമാത്രകളായും പാഠ്യവിഷയങ്ങളുടെ കൂട്ടത്തിൽ പള്ളിക്കൂടങ്ങളിൽ മുറിച്ചുകൊടുക്കാൻ പ്രയാസമാണെന്നു വന്നുകൂടുന്നു. ഒരു പാശ്ചാത്യചിന്തകന്റെ അഭിപ്രായം മതം ജീവിതകലയുടെ പുഷ്ടിതമായ അവസ്ഥയാണെന്നാണു്. നമ്മുടെ ജീവനു രക്ഷപെടാൻ കഴിയാത്തതിനെ മറക്കുന്നതിനുള്ള ഒരു കലയാണെന്നും പറയാം. മനസ്സിന്റേയും മനോഗതങ്ങളുടേയും മാർഗ്ഗങ്ങൾ മാത്രമെങ്കിലും അതിനുള്ള വെളിച്ചം ബുദ്ധിയിൽനിന്നാണു കിട്ടേണ്ടതു്. എന്തെന്നാൽ മതമണ്ഡലത്തെപ്പോലെ മായാവലയിതമായ ഒരു ഭാഗം മനുഷ്യാനുഭവത്തിൽ ഒരിടത്തും കാണുകയില്ല. മതബോധം ഇതേവരെ ഭയത്തിൽ ഉറപ്പിച്ചാണു വളർത്തിയതു്. അതിനാൽ അതിന്റെ കുറവുകളെ അവഗണിച്ചുവന്നിരുന്നു എന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. ആധുനികബുദ്ധിക്കു് ഏററവും ആകർഷകമായ മതം നിരീക്ഷണക്ഷമമായുള്ളതാണു് അതിന്റെ ഏററവും നല്ല പ്രമാണം വിശ്വാസമല്ല, വിചിന്തനമാണു്. ക്രിസ്തുമതസ്ഥനെങ്കിലും ബർട്രൻഡ് റസ്സൽ (Burtrand Russel) ബുദ്ധമതം അന്ധതയിൽനിന്നു താരതമ്യേന വിമുക്തമാണെന്നു പറയാൻ മടിക്കുന്നില്ല. അങ്ങിനെ ഇപ്പോഴത്തെ ചിന്തകന്മാർക്കു മതത്തിലുള്ള ശ്രേഷ്ഠമായ തത്വചിന്തയാണു് സ്വീകാര്യമായിരിക്കുന്നതു്. ഇന്നു് സർവ്വശക്തികൾക്കും പിന്നിൽ നിൽക്കുന്ന ഒരു ശക്തിയെയാണു് ഈശ്വരൻ എന്നു പറയുന്നതു്. അതു് സയൻസിന്റെ ഒരാവശ്യമായതുകൊണ്ടു മാത്രമല്ല തത്വചിന്താനുകൂലമായ ഒരു ബോധവും ആണു്. അരിസ്റ്റോട്ടലിന്റെ പ്രഥമപ്രേരകൻ (First Mover) തുടങ്ങി വൈററ്ഹെഡിന്റെ ഈശ്വരൻവരെ ഇങ്ങിനെ ഒരാവശ്യം നിലനിൽക്കുന്നു.

ഒരു വിശ്വാസി വിജ്ഞാനിയേക്കാൾ സുഖം അനുഭവിക്കുന്നു എന്നു പറയുന്നതു് മദ്യപാനി മററുള്ളവരെക്കാൾ സന്തുഷ്ടനാണെന്നു പറയുന്നതിനു തുല്യമാണെന്നു് തന്റെ സ്വാഭാവികമായ രീതിയിൽ ബർനാർഡ്ഷാ അഭിപ്രായപ്പെടുന്നു. മനുഷ്യന്റെ കണ്ണടപ്പിക്കുന്ന ഭക്തിക്കും വളരെ വ്യത്യാസം വന്നിട്ടുണ്ടു്. ബർമിംഗ്ഹാമിലെ ബിഷപ്പു് അദ്ദേഹത്തിന്റെ അനുയായികളോടു പറഞ്ഞതു് ഇവിടെ പ്രസ്താവ്യമാണു്. "ശാസ്ത്രത്തിന്റെ നിരീശ്വരത്വം ക്രിസ്തുവിനോടടുക്കുകയാണു ചെയ്യുന്നതു്. എന്നാൽ ക്രൈസ്തവോദ്യോഗം (official christianity) അടിമത്വംകൊണ്ടു എതിർവശത്തേക്കു വലിക്കുന്നു." സകലസത്യങ്ങളും അനന്തജ്യോതിസ്സിനാൽ പ്രകാശിപ്പിക്കപ്പെട്ടതെങ്കിലും പ്രതിഫലനമാകുന്നതുകളുടെ മാനുഷമായ തെററുകളിൽനിന്നു് അവ വിമുക്തങ്ങളല്ലെന്നു് മനുഷ്യൻ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. നമ്മുടെ മറയത്തരമെല്ലാം ഈശ്വരന്റെ തലയിൽ വെച്ചുകെട്ടാനുള്ള ശ്രമം ദുർവഹമാണു്. വേദപുസ്തകത്തെപ്പററി 'ഷാ' ഇങ്ങനെ പറയുന്നു. അതു് ഒരു ജീവിതശാസ്ത്രമാണെന്നുള്ളടത്തോളം നല്ലതുതന്നെ. എന്നാൽ ജീവോല്പത്തിയെപ്പററിയും സന്മാർഗ്ഗനിഷ്ഠയെപ്പററിയും ഉള്ള അതിന്റെ വിവരണങ്ങൾ വെറും കെട്ടുകഥകളാണു (Fairy Tales) പ്രപഞ്ചത്തെപ്പററിയുള്ള അതിന്റെ ബോധം ബാലിശമാണു്. ഈ സംഗതികളിൽ വേദഗ്രന്ഥത്തെ ആധാരമാക്കി ജീവിക്കുന്നവരുടെ കഥ കഷ്ടംതന്നെ." ഉല്പത്തിപുസ്തകത്തിനു പകരം അദ്ദേഹം നിർദ്ദേശിക്കുന്നതു വെത്സിന്റെ 'ചരിത്രസംക്ഷേപം' (out-line of History) ആണു്. ഇനിയും ചിന്തകന്മാരെ വിഷമിപ്പിക്കുന്നതു മതത്തിന്റെ പാരമ്പര്യഭാഷയാണു്. അമേരിക്കയിൽ ബൈബിളിനു് ഒരു പുതിയ-

പത്രപ്രവർത്തനം.

മുകുന്ദാലയം കെ. എൻ. ബാലകൃഷ്ണപിള്ള ബി എ

ആധുനികപരിഷ്കാരത്തിന്റെ ഒരു പ്രധാന വശമാണ് പത്രപ്രവർത്തനം ജനകീയഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ പത്രങ്ങളുടെ ശക്തി നിസ്സീമമാണ്. സ്വാതന്ത്ര്യമായ പത്രപ്രവർത്തനം മേൽപറഞ്ഞ രാജ്യങ്ങളിൽ സാധിക്കുന്നതുകൊണ്ടാണ് പത്രങ്ങൾക്ക് ഇത്രമാത്രം പ്രാബല്യം. ഇൻഡ്യയിൽ "പ്രസ്സ്" ഇന്നും ശൃംഖലിതമാകയാൽ സ്വരാജപ്രാപ്തിക്കു ശേഷമല്ലാതെ പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ഭാരതീയപത്രങ്ങൾക്കു പ്രാമാണ്യം സിദ്ധിക്കുന്നതല്ല.

പത്രപ്രവർത്തനം ആരംഭിച്ചതു് ചീനത്തുകാരാണ്. കൊട്ടാരത്തിലെ രഹസ്യങ്ങൾ എഴുതി ആദ്യമായി വിററുതുടങ്ങി. ഗവമ്മെൻറിന്റെ പ്രാതികൂല്യം ശക്തിയായുണ്ടായിരുന്നെങ്കിലും, ക്രമേണ ഈ സംരംഭം വർദ്ധിച്ചുവരികയാണുണ്ടായതു്. അച്ചടിയുടെ ആവിർഭാവം ഇതിനു സഹായകമായിത്തീൎന്നു. ഇങ്ങിനെ ലോകത്തിലെ ഒന്നാമത്തെ പത്രമായ "പെക്കിൻ ഗസററു" വെളിക്കു വന്നു. ഇംഗ്ലണ്ടിൽ പത്രപ്രവർത്തനം ആരംഭിച്ചതു് 16-ാം നൂററാണ്ടിന്റെ അവസാനഘട്ടത്തിലാണ്. യൂറോപ്യൻരാജ്യങ്ങളിൽ ഇററലിയും ജർമ്മനിയുമാണ് ആദ്യമായി ഇതിൽ പ്രവേശിച്ചതു്. 1588-ൽ ഇംഗ്ലണ്ടിലെ ഒന്നാമത്തെ പത്രമായ "മെക്കുറി" പുറത്തുവന്നു. 1623-ൽ Public intelligencer (പബ്ളിക് ഇൻറലിജൻസർ) എന്ന രണ്ടാമത്തെ പത്രം വെളിയിൽ വന്നു. ഈ പത്രങ്ങളെല്ലാംതന്നെ വെറും വർത്തമാനപ്പത്രങ്ങളായിരുന്നു. രാജ്യകാര്യങ്ങളെപ്പററി ഒന്നുംതന്നെ അവ ശബ്ദിച്ചിരുന്നില്ല. "ഡാനിയൽ ഡിഫോ" വിന്റെ ആവിർഭാവത്തോടുകൂടിയാണു പത്രങ്ങളുടെ രാഷ്ട്രീയകാര്യപ്രസക്തി വെളിപ്പെട്ടതു്. 1709-ൽ Tatler (ടാററ്ലർ) തുടങ്ങി. രാഷ്ട്രീയലേഖനങ്ങളെഴുതി സാമാന്യം പ്രശസ്തി ഇക്കാലത്തുസമ്പാദിച്ചതു "Wilkes" (വിൽക്സ്) എന്ന പാർലിമെൻറു സാമാജികനായിരുന്നു അന്നു് വിക്സിന്റെ പത്രമായ Public Advertiser (പബ്ളിക്അഡ്വെട്ടിസർ)നു് 5000 പ്രതിയോളം ചിലവുവന്നിരുന്നു.

1772-ൽ "Morning Post" എന്നപത്രം ആരംഭിച്ചു ഇന്നും ഈ പത്രം പ്രചുരപ്രചാരത്തിലിരിക്കുന്നു.

ഇന്ത്യയിലെ ഒന്നാമത്തെ വൃത്താന്തപത്രം 1780 ജനുവരി 29-ാംതീയതി കൽക്കട്ടയിൽ നിന്നും പുറപ്പെട്ടു. "ബംഗാൾഗസററു്" എന്നായിരുന്നു ഇതിന്റെ പേർ രണ്ടുവർഷത്തെ ജീവിതത്തിനുശേഷം ഈപത്രം തിരോഭവിക്കയാണുണ്ടായതു്. നിർഭാഗ്യനായ ഈ പത്രാധിപർ ഒരു സാധാരണ അക്രമിയെപ്പോലെ ജയിലിലടയ്ക്കപ്പെട്ടു 1789-ൽ ബാംബയിൽനിന്നും "ബാംബെ ഹെറാൾഡു്" പുറപ്പെട്ടു. ഇതിനുമുൻപെതന്നെ കൽക്കട്ടായിലെ പത്രത്തെത്തുടൎന്നു അഞ്ചാറു അല്പായുസ്സുകളായ പത്രങ്ങൾകൂടെ പുറപ്പെടുകയുണ്ടായി ഇന്നത്തെ "Englishman" എന്ന പത്രംതുടങ്ങിയതു് 1812-ൽ ആയിരുന്നു. പക്ഷെ അതു മറെറാരു നാമത്തിലായിരുന്നുവെന്നേയുള്ളു.

പത്രങ്ങളോടു് ഗവർമ്മെൻറിന്റെ നയം വളരെ കർക്കശവും രൂക്ഷവുമായിരുന്നു 1795-ൽ "ഇൻഡ്യൻവേൾഡ്" എന്ന കൽക്കട്ടാപേപ്പറിന്റെ അധിപരോടു് അന്നത്തെ ഗവർമ്മെൻറു് മൃഗീയമായ വിധത്തിൽ പെരുമാറുകയും യാതൊരു സമാധാനവും ചോദിക്കാതെ നാടുകടത്തുകയും ചെയ്യുതിൽനിന്നും ഏറക്കുറെ ഗവർമ്മെൻറിന്റെ നയം മനസ്സിലാക്കാൻ കഴിയും വെല്ലസ്ലിയുടെ മർദ്ദനനയം പത്രങ്ങൾക്കു അശേഷം രുചിച്ചിരുന്നില്ല 1818-ൽ ഹേസ്റ്റിംഗ്സ് സെൻസർഷിപ്പു നിറുത്തുകയും പത്രക്കാൎക്കു് മററു പലേ പ്രയോജനങ്ങളും അനുവദിച്ചുകൊടുക്കുകയും ചെയ്തു അംഹേർസ്റ്റു്. ബെൻറിക്, മെററ്കാഫ് എന്നീ ഗവൎണ്ണർജനറലന്മാരും പത്രക്കാൎക്കു ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു ശിപായിലഹളക്കാലത്തു പത്രങ്ങളുടെ വായ്മൂടിക്കെട്ടുന്ന ഒരു നിയമം പാസ്സാക്കിയിരുന്നു. തന്മൂലം ലഹളയുടെവിവരങ്ങളും ഇരുഭാഗക്കാരും ചെയ്തിട്ടുള്ള ഭയങ്കരകൃത്യങ്ങളും ഇന്നും അജ്ഞാതമായിത്തന്നെയിരിക്കുന്നു. 1910-ൽ ഗവണ്മെൻറു് പ്രസ്സുനിയമം പാസ്സാക്കി. പല പത്രങ്ങളും ഇതുമൂലം നശിച്ചുപോയി. "ബാലഗംഗാധരതിലക"നെ രണ്ടുതവണ ശിക്ഷിച്ചതു് ഈ പത്രനിയമത്തിന്റെ സഹായംമൂലമാണ്. ലോകമഹായുദ്ധകാലത്തു് പ്രസിദ്ധപത്രപ്രവർത്തകരായ "ഹോർണിമാൻ, കാളിനാഥറായി, ആനിബസൻറു എന്നിവരെ ശിക്ഷിച്ചതു് ഇന്നും നമ്മുടെ സ്മൃതിപഥത്തിൽനിന്നും മറയാതെയിരിക്കുന്നുണ്ടല്ലൊ. 1921 ൽ നിയമസഭയുടെ ശക്തിമത്തായ വാദംമൂലം ഗവണ്മെൻറു് ഒരു കമ്മററിയെ ഏൎപ്പെടുത്തുകയും അതിന്റെ നിർദ്ദേശപ്രകാരം പത്രനിയമത്തിന്റെ കാഠിന്യത്തെ കുറയ്ക്കത്തക്ക ചില ഭേദഗതികൾ ചെയ്യുകയും ചെയ്തു. എങ്കിലും പത്രപ്രവർത്തനസ്വാതന്ത്ര്യം പരിഷ്കൃതരാജ്യങ്ങളെ അപേക്ഷിച്ചു ഇന്നും ഏറെക്കുറെ ഉച്ഛൃംഖലിതമാണ്.

നാട്ടുഭാഷയിലെ പത്രങ്ങളിൽ ആദ്യം പ്രജാതം ചെയ്തതു് 1816-ൽ "ഗംഗാധരപട്ടാചാര്യ" ന്റെ ആധിപത്യത്തിൽ പുറപ്പെട്ട ബംഗാളിപത്രമാണ്. 1819-ൽ രാമമോഹൻറായി തുടങ്ങിയവർ കൂടിച്ചേൎന്നു "സംബാദകൌമുദി" തുടങ്ങി. നാട്ടുഭാഷാപത്രങ്ങൾ പലതും പരിതഃസ്ഥിതികളുടെ പ്രാതികൂല്യംകൊണ്ടും പത്രപ്രവർത്തകന്മാരുടെ മൂലധനത്തിന്റെ വൈരള്യംകൊണ്ടും, വ്യവസായപരമായ അജ്ഞതകൊണ്ടും "ജാതമൃതങ്ങളൊ മൃതജാതങ്ങളൊ" ആയിത്തീരുകയാണു ചെയ്യുന്നതു്. എങ്കിലും അവ എണ്ണത്തിൽ ഇംഗ്ലീഷ്പത്രങ്ങളെ അതിശയിച്ചുകാണുന്നുണ്ടു്. "സ്വദേശമിത്രൻ" തുടങ്ങിയ നാട്ടുഭാഷാപത്രങ്ങൾ സാമാന്യനിയമത്തിനു് വ്യത്യസ്തങ്ങളും തന്മൂലം നാട്ടുകാൎക്കു അഭിമാനഹേതുകങ്ങളുമാണ്.

ഇക്കാലത്തു പാശ്ചാത്യരാജ്യങ്ങളിലെല്ലാം പത്രങ്ങൾ മുതലാളികളുടെ ഉടമസ്ഥതയിൽ നടത്തപ്പെടുന്നതായിട്ടാണ് കണ്ടുവരുന്നതു്. പത്രപ്രവർത്തനം സത്യസന്ധമായ ഒരു തൊഴിൽ എന്ന നിലയെ അതിക്രമിച്ചു വിപുലമായ വ്യവസായമായി തീൎന്നിരിക്കയാണ്. ഇംഗ്ലണ്ടിൽ റാതർമിയർ, ബീവർബ്രൂക്കു് തുടങ്ങിയ പത്രപ്രഭുക്കന്മാർ, തങ്ങളുടെ ധനശക്തിയും പത്രമുടമസ്ഥതയും മൂലം പത്രപ്രവർത്തനത്തിന്റെ വിലയ്ക്കു ഗണ്യമായ അധഃപതനം ഉണ്ടാക്കീട്ടുണ്ടു്. ഡയിലിമെയിൽ തുടങ്ങിയ ഇവരുടെ വലിയ പത്രങ്ങളുടെ എല്ലാവരിക്കാരനും, ഈ പത്രങ്ങളിലെ വാർത്തകൾ കളവാണെന്നോ, അതിശയോക്തികളാണെന്നോ അറിവുകാണും. എന്നിട്ടും ഈ മാതിരി പത്രങ്ങളുടെ പ്രചാരം 'ഭീമമാണ്'. ഇതിന്റെ കാരണം, പത്രങ്ങളുടെ വിലക്കുറവു്, സാമുദായികമായും കുടുംബസംബന്ധമായും മററും അതിൽ കാണാവുന്ന വർത്തമാനങ്ങളുടെയും ചിത്രങ്ങളുടെയും സംഖ്യ ഇൻഷ്വറൻസ് പദ്ധതികൾ മുതലായവയാണ്. Kingsley Martin എന്ന സുപ്രസിദ്ധ എഴുത്തുകാരൻ "പൊളിററിക്കൽ ക്വാർട്ടർലി" (April 1930) യിൽ എഴുതിയിരുന്ന ഏതദ്വിഷയമായ ഒരു ലേഖനത്തിൽ അദ്ദേഹം രസാവഹമായ

തർജിമ ഉണ്ടാക്കാനുള്ള കാരണം അതുകൂടി ആയിരിക്കണം.

എന്തുകൊണ്ടും നീതിനിഷ്ഠനും ജ്ഞാനയോഗിയും സ്നേഹരക്ഷകനുമായി ഈശ്വരനെ അറിയുകയാണ് ഭദ്രമായ രീതി ആ ശക്തി ഈ ലോകത്തിൽ സ്ഥൂലരൂപം കൈക്കൊണ്ടതുമുതലുള്ള സംഗതികൾ മനുഷ്യൻ കാണാവുന്നതും പരീക്ഷിച്ചറിയാവുന്നതുമാണ് അതുതന്നെയാണ് ആധുനികശാസ്ത്രങ്ങളും ആരായുന്നതു് — പഠിപ്പിക്കുന്നതു്. അതൊക്കെ ഭാവിയുടെ മതമായിത്തീരാനാണ് എളുപ്പം. ഭൗതികാനുഗ്രഹങ്ങൾക്കിടയിലും തൃപ്തമാകാത്ത ഒരാഗ്രഹം ജീവിതത്തിനുണ്ടെന്നു് ആരും സമ്മതിക്കും. അതിന്റെ പ്രാപ്തിക്കു് ബുദ്ധിയുടെ ആവശ്യമില്ലെന്നുള്ള വിശ്വാസം മാത്രം ഉറയ്ക്കാൻ എളുപ്പമില്ല. ഒരു ക്രിസ്തുവിനോ ഒരു ബുദ്ധനോ ഇന്നത്തെ ദുരിതങ്ങൾ നീക്കാൻ കഴിയുന്നില്ല. 'കരഞ്ഞുകരഞ്ഞു' സത്യത്തെയും സത്തയേയും ദർശിക്കാൻ ശക്തനായ ഒരു ജീവനെ നമുക്കും നിഷേധിക്കുവാൻ മാൎഗ്ഗമില്ല. അതും ഭൂതകാലത്തിന്റെ അവശിഷ്ടങ്ങളിൽനിന്നല്ലാതെ അതിന്റെ പൂൎണ്ണതയിൽ നിന്നും വരുന്നതല്ല. "നമ്മുടെ പാരമ്പര്യം പോരെന്നുള്ള ബോധംതന്നെ ഒരു നവജീവന്റെ പ്രഥമാങ്കുരങ്ങളാണ്."

ഈ സംഗതി വിശദീകരിക്കുന്നു. അദ്ദേഹത്തിന്റെ അറിവിൽപെട്ട ഒരാൾ ഈ ജാതി നാലുപത്രങ്ങളുടെ വരിക്കാരനാണ്. ഇൻഷുറൻസിന്റെ കാര്യത്തിനു മാത്രമായിട്ട് അയാൾ ഈ പത്രങ്ങൾ വരുത്തുന്നു. ഈ പത്രങ്ങൾ അയാൾക്കു കിട്ടണമെന്നു നിർബന്ധമില്ല. ഒരിക്കലും വീഴ്ചക്കാരായ പത്രഏജൻറന്മാരെ അയാൾ ഇക്കാര്യത്തിൽ ഉപദ്രവിച്ചിട്ടില്ലത്രേ.

ഏതാദൃശങ്ങളായ പത്രങ്ങളെപ്പററി എത്രതന്നെ അപലപിച്ചാലും അതധികമായിപ്പോകുന്നതല്ല. ഏതുകാലത്തും പത്രപ്രവർത്തകന്മാർ ഒരു കാര്യം ആലോചിക്കേണ്ടതുണ്ട്. എത്രയും വിശ്വസ്തവും ശ്രേഷ്ഠവുമായ ഒരു ചുമതലയാണ് അവർ കയ്യേററിട്ടുള്ളതു്. അതിനെ ദുരുപയോഗം ചെയ്യുക ക്ഷിപ്രസാദ്ധ്യമാണ്. അതുകൊണ്ടുള്ള ഫലം രാജ്യത്തിലും രാജ്യവാസികൾക്കുമുണ്ടാകുന്ന ഭീമമായ നാശമാണ്. നല്ലനിലയിൽ നടത്തപ്പെടുന്ന ഒരു പത്രത്തിനു പൊതുജനാഭിപ്രായത്തെ രൂപവൽക്കരിക്കുന്നതിനും നയിക്കുന്നതിനും സാധിക്കും. പത്രപ്രവർത്തകന്റെ കടമ ഇതല്ലെന്നും പൊതുജനങ്ങൾക്കു ആവശ്യമുള്ളതിനെ കൊടുക്കുകയാണെന്നും ഒരുപക്ഷമുണ്ട്. ഇതു് മിഥ്യാബോധമാണ്. സാധാരണക്കാരായ പലർക്കും രാഷ്ട്രീയകാര്യങ്ങളെപ്പററി ചിന്തിക്കാനുള്ള ബുദ്ധിയോ, അതിനുള്ള സമയമോ ഇല്ല. പലപ്പോഴും സമുദായത്തിന്റെ നിമ്നശ്രേണിയിലുള്ളവരുടെ ആവശ്യങ്ങൾ അനാശാസ്യങ്ങളായിരിക്കും. ഈ അവസരങ്ങളിലെല്ലാം ശരിയായ രാഷ്ട്രീയോൽബോധനം നൽകിയും ജനങ്ങളുടെ അഭിരുചികളെ ആവശ്യമുള്ളിടത്തു് നിയന്ത്രിച്ചും, ഉയർത്തിയും കൊണ്ടു് പോകുകയാണ് പത്രപ്രവർത്തകൻ ചെയ്യേണ്ടതു്. സ്വകാര്യസാദ്ധ്യത്തിനായി യുദ്ധത്തിനു മുറവിളികൂട്ടുകയും വിദേശരാജ്യങ്ങളെ ശത്രുക്കളെന്ന നിലയിൽ അപലപിക്കുകയും ചെയ്യുന്ന പത്രങ്ങൾ, അതേകാരണത്താൽതന്നെ അടുത്തദിവസം സമാധാനത്തിനു ശ്രമിയ്ക്കുകയും, മുൻപറഞ്ഞ രാജ്യങ്ങളെ ആകാശത്തോളം പുകഴ്ത്തുകയും ചെയ്യുന്നതു കേൾക്കാം. 1904-വരെ ഇംഗ്ലണ്ടും റഷ്യയും തമ്മിൽ നല്ല സുഖത്തിലായിരുന്നില്ല. 1904 മുതൽ ജർമ്മനിയും ഇംഗ്ലണ്ടുമായുള്ള ബന്ധം ശത്രുഭാവമായി മാറാൻതുടങ്ങി. ഇതുവരെ "കാട്ടാളന്മാരെന്നും ഹൂണന്മാരെന്നും" അപലപിക്കപ്പെട്ട ഈ റഷ്യാക്കാർ 1916-വരെ സ്വർഗ്ഗവാസികളായി ഉയർത്തപ്പെട്ടു. എല്ലാ പത്രങ്ങളിലും റഷ്യ ഒരു ടൂത്ത്പേയിസ്റ്റ് (Tooth paste) എന്നപോലെ പ്രസിദ്ധീകരിക്കപ്പെട്ടപോലും!!

ഏതാദൃശങ്ങളായ വർത്തമാനപ്പത്രങ്ങൾ വർദ്ധിച്ചുവരുന്നുണ്ടെങ്കിലും Manchester-Guardian മുതലായ പത്രങ്ങൾക്കുള്ള വിലയും നിലയും ഇന്നും അണുമാത്രം കുറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ രാഷ്ട്രീയകാര്യങ്ങളെപ്പററി ഇത്തരം പത്രങ്ങളും വാരികകളും മാസികകളും പറയുന്ന അഭിപ്രായങ്ങൾക്കാണ് ഇന്നും വില. പത്രധർമ്മത്തെ സ്വകാര്യലാഭത്തിനുവേണ്ടി ഒരിക്കലും വിസ്മരിക്കാത്തവരല്ല. ഇൻഡ്യയിലും പത്രങ്ങൾ ക്രമേണ മുതലാളിമാരുടെ കയ്യിലുള്ളതായി ഒതുങ്ങിവരുന്നതായി കാണുന്നു. ലാഭകരമായ വ്യവസായത്തിൽ മുടക്കി, ആദായം പററുന്നതിൽ ലോലുപരായ മുതലാളിമാർ എല്ലാ സ്ഥലങ്ങളിലും പത്രവ്യവസായം തുടങ്ങിയിട്ടുണ്ട്. ബാംബേയിലെ മിക്ക പത്രങ്ങളും അവിടുത്തെ പണക്കാരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നവയാണ്. നാട്ടുരാജാക്കന്മാരുടെ താളത്തിനുതുള്ളുന്നവയാണ് മിക്ക ആംഗ്ലോ-ഇന്ത്യൻകടലാസുകളും. കൽക്കട്ടയിലെ പ്രസിദ്ധ ഇംഗ്ലീഷുപത്രമായ സ്റ്റേററ്സ്മാൻ ഒരു യൂറോപ്യൻവണിക്സംഘത്തിനു വില്ക്കപ്പെട്ടിട്ട് വർഷം അഞ്ചാറേ കഴിഞ്ഞുള്ളു. പത്രപ്രവർത്തനത്തിന്റെ ഈ വശം പരിതാപകരമാണ്. പത്രാധിപർ ഒരു പ്രചാരകനല്ലെന്നും വൃത്താന്തപത്രം ഒരു പ്രചരണപത്രമല്ലെന്നും നാം പ്രത്യേകം ഓർക്കേണ്ടതാണ്. ലോകമഹായുദ്ധകാലത്തു ജർമ്മനിക്കെതിരായ സാമ്രാജ്യത്തിലെ ജനസഞ്ചയത്തിന്റെ രോഷംവർദ്ധിപ്പിക്കുന്നതിനായി എത്രഎത്ര ഭീമാസത്യങ്ങൾക്കാണ് പത്രാധിപന്മാർ ഉത്തരവാദികളായിരുന്നതെന്നുള്ളതിനു കൈയ്യും കണക്കുമില്ല. മശകങ്ങളെ പർവ്വതീകരിച്ചും, പല സംഭവങ്ങൾക്കു തെരശ്ശീലയിട്ടും, ആമന്ത്രണങ്ങളെ, മേഘഗർജ്ജനങ്ങളായി ചിത്രീകരിച്ചും പലപ്പോഴും വെറും കള്ളങ്ങൾ എഴുതിയും എത്ര എത്ര പത്രങ്ങളാണ് ലോകത്തിൽതടിച്ചുകൊഴുത്തിട്ടുള്ളതു!! ആളുകളെ വികാരഭരിതരാക്കിത്തീർത്തു വരിക്കാരുടെ സംഖ്യ വർദ്ധിപ്പിപ്പാനുള്ള ചില കടലാസുകളുടെ ആത്മപ്രഞ്ചനായനമൊന്നുമാത്രം കൊണ്ടാണ് ഇത്രമാത്രം അനൈക്യമത്യം വർദ്ധിക്കുവാനിടയായതു്.

വക്കീലിന്റെയോ ഡാക്ടരുടേയോ പോലെതന്നെ പ്രത്യേകപരിശീലനത്തേയും വൈദഗ്ദ്ധ്യത്തേയും ആവശ്യപ്പെടുന്ന ഒരു തൊഴിലാണ് പത്രപ്രവർത്തനവും. മലയാളത്തിലും അദ്ധ്യാപകന്മാരെല്ലാം സാഹിത്യസംരംഭത്തിനു് അർഹന്മാരാണെന്നൊരു കാലത്തുണ്ടായിരുന്ന ഒരു തെററിദ്ധാരണപോലെ പത്രലോകത്തിലും ഒരു തെററിദ്ധാരണയുണ്ടായിരുന്നു. കുറച്ചു പണവും, ഒരുമാതിരി തിളച്ചുമറിയുന്നതരത്തിലുള്ള ഗദ്യരീതിയും നാട്ടിനെപ്പററി ഒരു നാടോടിജ്ഞാനവും ഉണ്ടെങ്കിൽ അന്നു പത്രാധിപർക്കു വേണ്ട യോഗ്യതകൾ പൂർണ്ണമായെന്നു പരിഗണിക്കപ്പെട്ടുമായിരുന്നു. എന്നാൽ ഇന്നാകട്ടെ (ഇൻഡ്യയിലെ സ്ഥിതി വിശേഷിച്ചും തിരുവിതാംകൂറിലെ സ്ഥിതി ഇന്നു ഇങ്ങനെതന്നെ) വിദ്യാലയങ്ങളിലും കലാശാലകളിലും പത്രപ്രവർത്തനത്തെപ്പററി ശരിയായ പരിശീലനം നേടിട്ടുള്ളവരാണ്, ഈ ചുമതല നിർവ്വഹിക്കാൻ യഥാർത്ഥചുമതലാബോധത്തോടുകൂടി വരുന്നതു്. വെളിവായി ചിന്തിക്കുന്നതിനും ഒഴുക്കോടെ എഴുതുന്നതിനും, പത്രപ്രവർത്തനത്തിന്റെ മൂലതത്വങ്ങൾ വിശദമായി മനസ്സിലാക്കുന്നതിനും ഈ വിധമുള്ള പരിശീലനം ഉതകുന്നു. അമേരിക്കയിലാണ് പത്രപ്രവർത്തനാഭ്യാസത്തിനു ഏററവും സൌകര്യം. ഇന്നു് അവിടെ പത്രപ്രവർത്തനത്തിനു പ്രത്യേകഡിപ്പാർട്ടുമെൻറുകൾ ഏർപ്പെടുത്തിയിട്ടുള്ള 200-ൽപരം കലാശാലകൾ ഉണ്ട്. "കരിക്കുല"ത്തിൽ പ്രായേണ താഴെ പറയുന്ന വിഷയങ്ങൾ ഉൾപ്പെടുന്നു.


1 സാമാന്യമായ നല്ല ഭാഷയെഴുതുന്നതിലുള്ള പരിശീലനം.

2 പത്രപ്രവർത്തനത്തിന്റെ സാങ്കേതികവശത്തെ സംബന്ധിച്ച പാഠങ്ങൾ.

3 Statistics (വിവിധതരത്തിലുള്ളപട്ടികകൾ)

4 ഇന്നത്തെ ലോകം.

5 രാഷ്ട്രീയലേഖനങ്ങൾ എഴുതുന്ന



ഡാക്ടർ ദേശമുഖ്, കെ. എം. മുൻഷി, കെ. എഫ്. നരിമാൻ എന്നിവർ ബാംബെയിലെ പോളിംഗ്സ്റ്റേഷനുകൾ സന്ദർശിച്ചു സഞ്ചരിച്ചുകൊണ്ടിരിക്കെ ഗ്രാൻറുറോഡിൽ മുസഫർബാഗ് 'പോളിംഗ്ബൂത്തി'ൽവച്ചു് എടുത്ത ഫോട്ടോ.

U. P. S.

ചെറുകഥാപംക്തി

നിഷിദ്ധസംഗീതം.

എരമല്ലൂർ കെ. എസ്സ്. പരമേശ്വരൻപിള്ള

അംബുജം സ്കൂൾഫൈനൽ പാസായ ഉടനെ ശ്രീമാൻ മാധവൻനായരുടെ വ്യവസായശാലയിൽ ഒരു ക്ലാർക്കുപണിക്കു നിയമിക്കപ്പെട്ടു. അവൾ ഒരു സുന്ദരിയും, തന്റെ ജോലിയിൽ സമത്ഥയുമായിരുന്നു. അധികം താമസിയാതെ, മി. നായർ അവളെ തന്റെ സെക്രട്ടറിയാക്കി. അവളുടെ ആകർഷകമായ ആകാരവിശേഷത്താലും, സ്വഭാവമാധുരിയാലും വശീകൃതനായി, അദ്ദേഹം അവളോടു പ്രേമാഭ്യത്ഥനചെയ്തു മി. നായരുടെ ശാന്തശീലവും, സത്യസന്ധതയും, രൂപകോമളിമയും അംബുജത്തേയും വശീകരിച്ചിരുന്നു. അവരുടെ പ്രണയവികാസചരിത്രം ഇവിടെ വണ്ണിക്കണമെന്നു വിചാരിക്കുന്നില്ല പാഠശാലാജീവിതത്തിൽ മുളച്ചുണ്ടായ കവിതാവാസനയനുസരിച്ച്, ചില പ്രേമഗീതികൾ അവർ അന്യോന്യം എഴുതി സമപ്പിച്ചിരിക്കാം; ചില സായന്തനസവാരികൾ ഒരുമിച്ചു നടത്തുകയും, വല്ല പൂങ്കാവനത്തിലേയോ, കടൽപ്പുറത്തേയോ വികാരോദ്ദീപകങ്ങളായ പരിസരങ്ങളിൽ, വിജനതാബോധ്യത്താൽ ധൈര്യപ്പെട്ട്, പരസ്പരാശ്ലേഷം ചെയ്യുകയും, 'സുമദലങ്ങളിൽ സുമദലങ്ങൾ പതിക്ക'യും ചെയ്തിരിക്കാം. ഇതെല്ലാം കഴിഞ്ഞോ, കഴിയാതെയോ, അവർ ഒരുവർഷത്തിനകം വിവാഹംചെയ്തു എന്നു പറഞ്ഞാൽ മതിയല്ലൊ.

അംബുജത്തിനു പതിനെട്ടും, മാധവൻനായർക്കു മുപ്പത്തിരണ്ടും വയസ്സു പ്രായമുണ്ടായിരുന്നു. ചെറുപ്പത്തിൽ പ്രായമായവരെപ്പോലെയും, പ്രായമാകുമ്പോൾ ചെറുപ്പക്കാരെപ്പോലെയും പെരുമാറുന്ന ചില മനുഷ്യരുണ്ടല്ലൊ. അംബുജവും നായരും ഈ കൂട്ടത്തിൽ പെട്ടവരായിരുന്നതിനാൽ, അവരുടെ പ്രായവൈരുദ്ധ്യം, പ്രേമോൽക്കഷത്തിനു വിഘാതമായില്ല

ചില പരിഷ്കാരികൾ 'ആ തടിയന് ഈ കൊച്ചുപെണ്ണ്'എന്നു പരിഹസിക്കുന്നതു് അംബുജം കേൾക്കാറുണ്ടായിരുന്നു. അപ്പോഴൊക്കെയും അവരുടെ കഥയില്ലായ്മയെപ്പററി അവൾ മന്ദഹസിച്ചിരുന്നു അവൾ മാധവൻനായരുടെ ഗൃഹഭരദേവതയായിരുന്നു; അവിടത്തെസവ്വാധികാരിണി അവൾക്കു് ഒരു തരുണിയെപ്പോലെ, നിരുത്തരവാദിത്വത്തിൽ മുഴുകി, പരിഷ്കാരത്തിന്റേയും പുതുമയുടേയും പിറകെ ഓടാൻ സൗകയ്യമുണ്ടായിരുന്നില്ല അതിനാൽ സ്ഥാനത്തിനടുത്ത സ്ഥിതിവ്യത്യാസം അവളിൽ സംക്രമിച്ചിരുന്നു. അവർ വിവാഹം കഴിഞ്ഞ ഉടനെ, ഉത്സവസ്ഥലങ്ങളിലോ, ജനങ്ങൾ ധാരാളം കൂടുന്ന മററിടങ്ങളിലോ, പൂവ്വബന്ധുത്വം കാരണംപറഞ്ഞു് കണ്ട വീട്ടുകളിലോ പ്രദർശനത്തിനു നടന്നില്ല. നായരുടെ ഹൃദയജീവൻ അംബുജവും, അവളുടെ പ്രാണനാഥൻ നായരുമായിരുന്നു. അവരുടെ ഹൃദയങ്ങളുടെ അഗാധതലങ്ങളിൽ നിന്നു് പ്രണയമകരന്ദം പ്രവഹിച്ചു് അന്യോന്യമാറാടിച്ചു. തൽഫലമായ പരമാനന്ദത്തിൽ മുഴുകി അവൾ സൈ്വരജീവിതം നയിച്ചു.

ഒരു കൊല്ലത്തിനകം അവരുടെ ദാമ്പത്യജീവിതമാർഗ്ഗം ഒരു വൈദ്യുതദീപസ്തംഭത്താൽ പ്രകാശമാനമായി. അംബുജം ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. മനോരമയായിരുന്ന അതിനു് അവൾ ആ പേർതന്നെയാണു് ഇട്ടതു്.

എന്നാൽ മനോരമ ഗർഭസ്ഥയായിരിക്കുമ്പോൾ അംബുജമാധവന്മാരുടെ രാഗവല്ലരി, ആദ്യമായി കുറഞ്ഞൊന്നു വാടിവരുന്നതായി കാണപ്പെട്ടു. മാധവൻനായരുടെ പ്രേമലാളനകളും ചാപല്യങ്ങളും അംബുജത്തിനു് അസഹ്യമായി തോന്നി. ഈ അസഹ്യത നായരിൽ അസംതൃപ്തിയായി വേഷംമാറി കുടിയേറി. പ്രസവംകഴിഞ്ഞു് പഴയപടി ആരോഗ്യവതിയാകുമ്പോൾ എല്ലാം നേരെയാകുമെന്നു രണ്ടുപേരും ആശിച്ചു. പത്തൊൻപതുവയസ്സുമാത്രം പ്രായമുള്ള ഒരു ബാലിക; ഈ പ്രസവ 'തുലാമാല'യിൽ താൻ കയറി ഇറങ്ങുന്നതെങ്ങനെയെന്നു് അവൾ പരമാത്ഥത്തിൽ ഭയപ്പെട്ടു ഏതായാലും ആ പരീക്ഷണത്തിൽ അവൾ വിജയംപ്രാപിച്ചു.

മനുഷ്യപ്രതീക്ഷയെവിടെ? ദൈവനിശ്ചയമെവിടെ? അംബുജത്തിന്റെ പ്രസവാനന്തരം തിരോധാനം ചെയ്യുമെന്നു പ്രതീക്ഷിക്കപ്പെട്ട അസ്വാസ്ഥ്യം, അതിനുശേഷം ഒന്നുകൂടി വദ്ധിച്ചതേയുള്ളു. അവൾക്കു ശിശുപരിചരണമെന്നൊരു പുതിയ ജോലി കൂടി ഉണ്ടായി. അതു മുഴുവൻ അവൾക്കുതന്നെ ചെയ്യണം. അതിനെ കുളിപ്പിക്കുക, അതിന്റെ തുണികൾ കഴുകി വൃത്തിയാക്കുക, അതിനെ ഉറക്കുക, താലോലിക്കുക—എന്നുവേണ്ട ശിശുവിനെസംബന്ധിച്ച എല്ലാം അവൾക്കുതന്നെ ചെയ്യണം അതിന്റെ ഇടവിടാതുള്ള കരച്ചിൽ കേട്ടു്, ചിലപ്പോൾ അവളും കരയും ഒരു പരിചാരികയെ വയ്ക്കാൻ മാധവൻനായർ നിർബന്ധിച്ചു. അംബുജത്തിന്റെ ബുദ്ധിമുട്ടുകളിൽ മനം തകർന്നാണു് അദ്ദേഹം അങ്ങനെ ചെയ്തതു്. എന്നാൽ, തന്റെ ആത്മാവിന്റെ അംശമായ തന്റെ ശിശുവിനെശുശ്രൂഷിക്കാൻ ഒരു വേലക്കാരിയോ എന്നാണവൾ വിചാരിച്ചതു! ഇതു് അദ്ദേഹത്തിന്റെ സ്വാത്ഥതാപാരമ്യംകൊണ്ടല്ലെങ്കിൽ പിന്നെന്തുകൊണ്ടാണു്? അദ്ദേഹത്തിനു സുഖംപോര! ഈ ശിഥിലരാത്രികളാൽ അദ്ദേഹം അസംതൃപ്തനായിരിക്കുന്നു! ഈ ആലോചനകൾ വന്നപ്പോൾ അവൾ വഞ്ചിതയായെന്നവൾക്കുതോന്നി. അവളുടെ പ്രണയജ്ജ്വാലതണുത്തുപോയി. മാധവൻനായർക്കു തന്നോടു പ്രേമമുണ്ടു്; സംശയമില്ല. തനിക്കദ്ദേഹത്തോടോ? അതുമുണ്ടു്. എന്നാൽ, വിവാഹവേളയിലെ ആ കത്തിജ്ജ്വലിക്കുന്ന പ്രണയം – അതു് മന്ദീഭവിച്ചുവെന്നു് അവൾ കണ്ടു. ഇല്ലാത്തതുണ്ടെന്നു് ഭാവിക്കേണ്ടയാവശ്യം? അഥവാ, അതു ഭാവിക്കുന്നതു് എങ്ങനെ? അവളുടെ ഹൃദയം മനോരമയിൽ ലയിച്ചു. വേറെ അവിടെ ആക്കും സ്ഥാനമുണ്ടായിരുന്നില്ല.

കൊല്ലങ്ങൾ പലതുകഴിഞ്ഞു അംബുജത്തിനു 25 വയസ്സായി. ചില അവിവാഹിതകളായ സഖികൾ, നിങ്ങളുടെ ദാമ്പത്യജീവിതം സുഖകരമല്ലെങ്കിൽ, അതു കൊണ്ടു ബന്ധമൊഴിഞ്ഞുകൂടേ എന്നു ചോദിച്ചു അതു അവളെ വ്യസനപരവശയാക്കി മാധവൻനായർ തന്റെ ജീവനാഥൻ; തന്റെ ജീവനായുള്ള മനോരമയുടെ പിതാവു്; അന്യായമാർഗ്ഗങ്ങളിലൂടേ സുഖാസ്വാദനം ചെയ്യുന്നപത്നിയോ, അതിനുള്ള അഭിവാഞ്ഛയോ, ലേശമില്ലാത്ത പുണ്യശ്ലോകൻ; ഒരു സ്ത്രീക്കു ഒരുപുരുഷൻ എന്നവ്രതക്കാരൻ; അദ്ദേഹത്തിന്റെസ്ത്രീയാണുതാൻ; താൻ അദ്ദേഹത്തിൽനിന്നു വേർപെടുക എന്നുള്ളതു ശരിയോ? അതു സംഭാവ്യമോ

തിനുള്ള പരിശീലനം.

6 വ്യാപാരസംബന്ധമായും ധനസംബന്ധമായുമുള്ളകാൎയ്യങ്ങൾ.

7 യൂറോപ്യൻ നാടകങ്ങൾ.

8 അനുഖ്യാനപത്രം തയാറാക്കുന്നതു സംബന്ധിച്ച പരിശീലനം.

9 വാത്തകൾക്കനുസരിച്ച തലവാചകമുണ്ടാക്കുന്ന രീതി.

10 പത്രാധിപലേഖനം തയ്യാറാക്കുന്ന സമ്പ്രദായം.

11 ലഘുകഥയെഴുത്തു്.

12 പത്രപ്രവത്തന ചരിത്രം.

13 നിരൂപണപരമായ ലേഖനങ്ങൾതയ്യാറാക്കുന്നവിധം.

14 നിയമംസംബന്ധിച്ച പ്രാഥമികതത്വങ്ങൾ

15 അഖിലലോകകാൎയ്യങ്ങൾ(രാഷ്ട്രീയ)

മേൽകാണിച്ച വിഷയങ്ങളുടെ എണ്ണംകൊണ്ടും സവ്വഗ്രാഹിത്വംകൊണ്ടും അവിടെ പരിശീലനം ലഭിക്കുന്ന ഒരുത്തനു്, പത്രപ്രവത്തകൻ എന്നഭിമാനപൂവ്വം പറവാനുള്ള യോഗ്യത സിദ്ധിക്കുന്നുവെന്നു കാണുന്നുണ്ടല്ലോ. ഇൻഡ്യയിൽ അപൂവ്വം ചില കലാശാലകൾ പത്രപ്രവത്തനം സംബന്ധിച്ചു കില ക്ലാസുകൾ തുറന്നിട്ടുണ്ടു്. ഇയ്യിടെ അണ്ണാമല സവ്വകലാശാലയിലും പത്രപ്രവത്തനക്ലാസേപ്പെടുത്തേണ്ട ആവശ്യകതയെപ്പററി ആലോചിക്കുകയുണ്ടായി.

മേൽപ്രസ്താവിച്ച വിധത്തിലുള്ള പരിശീലനംകൂടാതെ നമ്മെ പത്രപ്രവത്തനത്തിൽ വിദേശരാജ്യങ്ങളോടു താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല. സവ്വത്തിനും ഉപരിയായി വേണ്ടതു്, സത്യസന്ധത, ശീലസൗഷ്ഠവം (character) ഇവയാണു്. ഭാരതത്തിൽ ഇങ്ങിനെയുള്ള പത്രപ്രവത്തകന്മാർ എളുപ്പം ഉണ്ടാകട്ടെയെന്നുള്ള ആഗ്രഹത്തോടുകൂടി തല്ക്കാലം നിത്തുന്നു

ണോ? അദ്ദേഹത്തിൻെറ ജീവിതാനന്ദം ഇതുമൂലം അലങ്കോലപ്പെടുകയില്ലയോ? തീർച്ചയായും ഉവ്വ്. അതു താൻ ചെയ്കയില്ല. മാത്രമോ? മനോരമയില്ലേ? അവൾ അച്ഛൻെറ അരുമക്കുഞ്ഞല്ലേ? ഒരുനിമിഷം അവളെക്കാണാതെ അദ്ദേഹം ഇരിക്കുമോ? അവളെ അദ്ദേഹം വിട്ടുതരുമോ? അവളോടുകൂടാതുള്ള വേർപാടു്, അതു നടപ്പില്ലാത്തകാര്യം. അംബുജത്തിൻെറ മനസ്സ്, ഇങ്ങനെ കണിയിൽപെട്ട ഒരെലിയെപ്പോലെ, രക്ഷാമാർഗ്ഗമന്വേഷിച്ച് അങ്ങോട്ടും ഇങ്ങോട്ടും ഓടിയെങ്കിലും, കിട്ടാവുന്ന എല്ലാമാർഗ്ഗങ്ങളേയും അവളുടെ അരുമമകൾതന്നെ നിരോധിക്കുന്നതായികണ്ടു.

രണ്ടുമൂന്നുവർഷംകൂടി ഇഴഞ്ഞുപോയി. മനോരമയ്ക്കു വയസ്സും ഒൻപതായി. ഒൻപതുകൊല്ലംകൂടി കഴിഞ്ഞാൽ അവൾ അവളുടെ കാര്യംനോക്കാൻ പ്രാപ്തയാകും ഈ വിചാരം അംബുജത്തിനു വളരെ ആശ്വാസമരുളി. പിന്നെ അവളെ അച്ഛൻ തന്നെ സ്വന്തമാക്കാൻ കഴികയില്ലല്ലോ. 9 കൊല്ലം സാരമില്ല. താൻ അവളെ പ്രസവിച്ചിട്ട് 9 കൊല്ലം എത്രവേഗം കഴിഞ്ഞുവെന്നു അവൾ വിചാരിച്ചു അപ്പോഴേക്കും തനിക്കു വയസ്സും 37 ആകുമായിരിക്കും. ആകട്ടെ. കാലം മാറിയല്ലോ. ഇന്നു 37 വയസ്സുള്ള അംഗനകൾ കേവലം തരുണികളാണല്ലോ. അന്നു തനിക്കും ജീവിതാനന്ദങ്ങൾ അനുഭവിക്കാം. ഈ ചിന്തകളാണ് അംബുജത്തെ അവളുടെ ദേഹദേഹികൾ തമ്മിൽ ഭിന്നിക്കാതെ ജീവിപ്പിച്ചതു്.

* * *

ചിററമ്മ — "മനോരമയ്ക്കു പത്തുദിവസത്തെ ഒഴിവുകിട്ടിയാൽ അംബുജം അവളെയുംകൊണ്ടു തിരുവനന്തപുരത്തു് എത്തുകയായി".

അംബു —"ഇത്തവണ അങ്ങനെ വന്നിരിക്കയല്ല ചിററമ്മേ. അവളുടെ ഇംഗ്ലീഷു വിദ്യാഭ്യാസം ഇവിടെത്തന്നെ തുടങ്ങണമെന്നാണു് ഞങ്ങളുടെ നിശ്ചയം"—

കൊച്ചച്ഛൻ—"ശരി. അപ്പോൾ നിങ്ങൾ ഇവിടെ താമസിക്കു. ഇവിടെ ഒരു കുഞ്ഞില്ലാത്ത കുറവു് മനോരമ പരിഹരിക്കും"

ഇതുകേട്ടപ്പോൾ അംബുജത്തിൻെറ ചിററമ്മയുടെ നയനങ്ങളിൽ ബാഷ്പകണങ്ങൾ പൊടിഞ്ഞു. പാവം! അവർ ഒരു വന്ധ്യയായിരുന്നു. ഇന്നത്തെ നാഗരകാംഗനകൾ പ്രസവനിരോധനത്തിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുമ്പോൾ, അവർ വന്ധ്യയായിപ്പോയതിൽ പരിതപിക്കയായിരുന്നു.

അംബുജവും മനോരമയും തിരുവനന്തപുരത്തു താമസംതുടങ്ങി. മനോരമയ്ക്കു് ഒരഞ്ചുവയസ്സായപ്പോൾ മുതൽ അംബുജം ബന്ധുജനങ്ങളുള്ള സ്ഥലങ്ങളിലെല്ലാം അവളേയുംകൊണ്ടു യാത്രചെയ്തിരുന്നു. മാധവൻനായരോടു എന്നേക്കുമായി പിരിയുന്നതിനുവേണ്ട പ്രാരംഭപാഠാഭ്യസനമായിരുന്നു അതു്. ഒരു യാത്രകഴിഞ്ഞു തിരിച്ചുചെന്നാൽ അവരുടെ ദാമ്പത്യജീവിതക്കൊടി പഴയപോലെ പറപ്പിക്കുന്നതിനുവേണ്ട തന്ത്രം അവൾ സമ്പാദിച്ചിരുന്നു.

അവർ തിരുവനന്തപുരത്തു താമസം തുടങ്ങി ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു പുതിയ അതിഥി അവരുടെ വാസസ്ഥലത്തു ആഗതനായി. കവിയും, ചിത്രകാരനും, സംഗീതകുശലനും, നടരജനുമായ ശ്രീമാൻ സുന്ദരേശൻനായരെ അതിനുമുമ്പു അംബുജം കണ്ടിരുന്നില്ല- അതാരാണെന്നു അവൾ അന്വേഷിച്ചു.

"ഒരുവലിയ പ്രതിഭാശാലി"യെന്നു കൊച്ചച്ഛൻ അവളോടു പറഞ്ഞു

"പുരാണങ്ങളിലെ ബാലഗോപാലകൃഷ്ണൻ" എന്നാണു ചിററമ്മ പരിചയപ്പെടുത്തിയതു്

സുന്ദരേശൻനായർ ഇതു രണ്ടുംതന്നെ എന്നവൾ സംവദിച്ചു. അന്വർത്ഥനാമധേയനായിരുന്നു ആ മനുഷ്യൻ. ഒരിക്കൽ കണ്ടാൽ, സ്ത്രീയാകട്ടെ പുരുഷനാകട്ടെ, വീണ്ടും ഒന്നു തിരിഞ്ഞുനോക്കത്തക്ക വൈശിഷ്ട്യത്തോടുകൂടിയ ചില ആളുകൾ ലോകത്തുണ്ടല്ലോ. അവരിൽ ഒരാളായിരുന്നു അദ്ദേഹം. മനോരമ കണ്ടപ്പോഴേ അദ്ദേഹത്തിൻെറ സ്വന്തമായത്തീർന്നു അദ്ദേഹം പോയശേഷം അവൾ അമ്മയോടു ചോദിച്ചു:—"അമ്മേ, ശ്രീകൃഷ്ണൻെറ കൂട്ടുകാർ ഇപ്പോഴുമുണ്ടോ?" അംബുജം, ദീർഘമായി ഒന്നു നിശ്വസിക്കയല്ലാതെ, അതിനു മറുപടിയൊന്നും പറഞ്ഞില്ല.

പിറേറന്നാൾ രാവിലെ, ഒരു പ്രഭാതസവാരിക്കു അമ്മയും മകളുംകൂടി പാർക്കിലേക്കു പോയി. ഓരോ പ്രകൃതിവിലാസങ്ങളും കണ്ടു അവർ ആനന്ദിച്ചു നടക്കുമ്പോൾ പുറകിൽ ഒരു കാൽപെരുമാററം കേട്ടു തിരിഞ്ഞുനോക്കി. അതു സുന്ദരേശനല്ലാതെ മററാരാണു? അംബുജത്തിൻെറ ഹൃദയത്തിൽനിന്നു ഒരു ശ്വാസവികാരം, ഉയർന്നു്, ബഹിർഗ്ഗമിച്ചു അദ്ദേഹത്തിൻെറ കയ്യിൽ ഏതാനും മധുരനാരങ്ങകളുണ്ടായിരുന്നു. അവ മനോരമയ്ക്കു കൊടുത്തിട്ടു അദ്ദേഹം പറഞ്ഞു:—"നിങ്ങൾ നടക്കുന്നതു ഞാൻ ദൂരെനിന്നു കണ്ടു. ഞാനും ഒരു പ്രഭാതസവാരിക്കിറങ്ങിയതാണു്. വിരോധമില്ലെങ്കിൽ, നമുക്കൊരുമിച്ചു കുറേദൂരം നടക്കാം."

ഇത്രയും പറഞ്ഞു സുന്ദരേശൻ അംബുജത്തിൻെറ നേരേനോക്കി. ആദർശചിത്രങ്ങളിൽപോലും അത്തര നയനങ്ങളും, അത്തരം വികാരതീക്ഷ്ണതയും അവൾ ദർശിച്ചിരുന്നില്ല. മനോരമയാണു മറുപടി ഞത്തു്.— "അമ്മേ, നമുക്കു വെയിലാകുന്നതുവരെ നടക്കാം." തിരിഞ്ഞു സുന്ദരേശനോടു്, "അതേ, നമുക്കു ഒരുമിച്ചു നടക്കാം" എന്നു പറഞ്ഞിട്ടു അവൾ അദ്ദേഹത്തിൻെറ കയ്യിന്മേൽ പിടിച്ചുകൊണ്ടു നടന്നുതുടങ്ങി.

അവർ പല വിഷയങ്ങളെപ്പററി സംസാരിച്ചു. സുന്ദരേശൻ അവിവാഹിതനാണെന്നും അതിനിടയ്ക്കു വെളിവായി. അംബുജം ഉടൻ തിരുവനന്തപുരം വിടണമെന്നു വിചാരിക്കയായിരുന്നു. സുന്ദരേശൻെറ നിർദ്ദേശമനുസരിച്ചു സാന്ദ്രച്ഛായമായ ഒരു ചെറിയ വള്ളിക്കുടിലിൽ അവർ ഇരുന്നു. അംബുജത്തിൻെറ യാത്രാവൃത്താന്തം കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: - "ഇത്ര ബദ്ധപ്പാടെന്തിനാണു? സ്കൂളുകൾ തുറന്നു്, മനോരമയെ ചേർത്തിട്ടു പോകാമല്ലൊ."

മനോ:—"അതേ അമ്മേ, എന്നിട്ടുപോയാൽമതി. അല്ലെങ്കിൽ അപ്പോഴും എന്തിനാണു പോകുന്നതു? നമുക്കിവിടെത്തന്നെ താമസിക്കാം."

വികാരതീക്ഷ്ണങ്ങളായ നേത്രങ്ങളോടും കരങ്ങളിൽ മധുരനാരങ്ങകളോടും പ്രത്യക്ഷീഭവിച്ച വിധി, അങ്ങനെതന്നെയാണു് ഒടുവൽ തീരുമാനിച്ചതു്. തിരുവനന്തപുരത്തും സമീപപ്രദേശങ്ങളിലുമുള്ള പ്രകൃതിരാമണീയകങ്ങൾ സന്ദർശിച്ചും, ചലനചിത്രനാടകാദികൾ കണ്ടും, അവർ ഏതാനുംദിവസങ്ങൾ കഴിച്ചുകൂട്ടി. ഒരുദിവസം വൈകിട്ടു, ഒരു ചെറിയ ജലദോഷം പിടിപെട്ടിരുന്നതിനാൽ മനോരമ നടക്കാൻ പോയില്ല. ദിനാന്ത്യത്തിലെ അരുണപ്രകാശംമാത്രം അവശേഷിച്ചിരുന്ന വേളയിൽ, സുന്ദരേശനും അംബുജവും കടൽപുറത്തുവെച്ചു കൂട്ടിമുട്ടി. അതുവരെ നിഷ്പ്രയോജനമായിട്ടെങ്കിലും ഒളിക്കുന്നുവെന്നുഭാവിച്ചതു്, അവ ടെവച്ചു വെളിപ്പെടാതെ നിർവാഹമില്ലാതെവന്നു. അവർ സരസസംഭാഷണങ്ങളിൽ മുഴുകി, കാററാടിമരങ്ങൾ തിങ്ങിനില്ക്കുന്ന ഒരു വിജനപ്രദേശത്തു എത്തിച്ചേർന്നു. അവയിൽ കാററടിക്കുമ്പോളുള്ള ശബ്ദായമാനത, തങ്ങൾ പറയുന്നതു ആരും കേൾക്കയില്ലെന്നു അവരെ ധൈര്യപ്പെടുത്തി. വിജനത, അവരെ കൂടുതൽ അടുപ്പിച്ചു. പെട്ടെന്നു സുന്ദരേശൻെറ ബാഹുലതകൾ അംബുജത്തെ പരിരംഭണം ചെയ്തു; അദ്ദേഹത്തിൻെറ മാറിടത്തിൽ അവളുടെ മാറിടം അമർന്നു. "പ്രിയേ, എനിക്കിതു ഇനിയും നീട്ടിവയ്ക്കാൻ നിവൃത്തിയില്ല" എന്നൊരു വേണുനാദം അവളുടെ കർണ്ണങ്ങളിൽ മാറെറാലിക്കൊള്ളുകയും, അതിൻെറ തരംഗങ്ങളുടേതെന്നപോലുള്ള മൃദുലവും സുരഭിലവുമായ ഒരു സമ്മർദ്ദം അവളുടെ അധരങ്ങൾക്കനുഭവമാകയും ചെയ്തു. ഒൻപതുകൊല്ലങ്ങൾക്കുശേഷം ഈ ആനന്ദഹിന്ദോലയിൽ കിടന്നാടിയപ്പോൾ അവൾ പുളകിതയായി. എങ്കിലും സുഖമില്ലാതെകിടക്കുന്ന മനോരമയെ ഓർത്തപ്പോൾ അവൾക്കു പരിഭ്രമമായി മനോരമയുടെ സ്മരണ, മാധവൻനായരെ അവളുടെ മനോലോചനങ്ങൾക്കുമുമ്പൽ പ്രത്യക്ഷനാക്കി. അവൾ അവിടെനിന്നോടി. നിർവൃതിദായകമെങ്കിലും, ആ വേണുനാദം നിഷിദ്ധമായിരുന്നല്ലൊ. അതെ, അവൾ ആ നിഷിദ്ധസംഗീതംകേട്ടു ആസ്വദിച്ചു മനോരമയുടെസ്മരണ, പ്രണയലഹരിയാൽ പ്രണയത്തോടു അവൾ അപരാധിനിയായ വസ്തുത അവളെ അനുസ്മരിപ്പിച്ചു. അവൾ അവിടെനിന്നു ഓടുകതന്നെ ചെയ്തു.

* * *

മനോരമയുടെ ജലദോഷം മാറിയപ്പോൾ അംബുജം അവളെയുംകൊണ്ടു തിരുവനന്തപുരം വിട്ടു. വീട്ടിലേയ്ക്കു പോകുന്നുവെന്നാണു്, അവിടെ പറഞ്ഞതു് എന്നാൽ, പത്മനാഭപുരത്തുണ്ടായിരുന്ന ഒരു ബന്ധുഗൃഹത്തിലേയ്ക്കാണു അവർ പോയതു്. അവിടെ ഏതാനുംദിവസം അവർ താമസിച്ചു. ചരിത്രപ്രസിദ്ധങ്ങളായ കൊട്ടാരങ്ങളും മററും സന്ദർശിച്ചു സമയംപോക്കിയെങ്കിലും അംബുജത്തിനു സ്വസ്ഥതയുണ്ടായില്ല. അവൾക്കു സുന്ദരേശനെ കാണാ

(ശേഷം 21-ാംപുറം)

...ത്തോടുള്ള ഒരപരാധമായിരിക്കുമെന്നും ഞങ്ങൾ എല്ലായ്പോഴും ഓർത്തുകൊള്ളും."

സത്യമൂർത്തി



തീവണ്ടിയിൽവച്ചു് ഭാര്യയെ ചുംബിച്ചു എന്ന മഹാപരാധത്തിനു മോസ്കോക്കാരനായ ഒരാൾക്കു അധികൃതന്മാർ അഞ്ചുപവൻ പിഴ വിധിക്കയുണ്ടായി. ഭാര്യയ്ക്കു നല്ല സുഖമില്ലാതിരുന്നതിൽ അവളെ ഒന്നു സന്തോഷിപ്പിക്കുവാൻമാത്രമാണു് താൻ ഈ സാഹസത്തിനൊരുമ്പെട്ടതെന്നു് ഭർത്താവു വാദിച്ചു. ചുംബനം നടന്നുകഴിഞ്ഞുടൻതന്നെ തീവണ്ടിഗാർഡ് സ്ഥലത്തെത്തി പിഴവിധിക്കയും ഈടാക്കുകയും ഒന്നായ് തന്നെ ചെയ്തു. തീവണ്ടി, മോട്ടാർകാർ പൊതുസ്ഥലങ്ങൾ മുതലായവയിൽവച്ചു ചുംബനം ചെയ്തുകൂടായെന്നു് സോവിയററുനിയമമുണ്ടു്. ഈ "വഷളത്വത്തെ" തടയുന്നതിനു മോട്ടോർകാറുകളുടെ ഉള്ളിലും വിളക്കുണ്ടായിരിക്കണമെന്നു ഗവമ്മെൻറു നിഷ്കർഷിച്ചിട്ടുണ്ടു്.

* * *

ഒരു പ്രസിദ്ധ ചിത്രമെഴുത്തുകാരിയും സ്വിസ്സ്സ്വദേശിയുമായ മാസ്സ് ആലീസുബോണാർ കേരളകലാമണ്ഡലത്തിൽ മഹാകവി വള്ളത്തോളിൻെറ വസതിയിൽ താമസിക്കുന്നു. ചിത്രമെഴുത്തിലും മററുകലകളിലും കേരളത്തിനുള്ള പ്രത്യേകത ഇവരെ ശക്തിയായി ആകർഷിക്കുന്നുണ്ടെറിയുന്നു. ഇവിടത്തെ താമസത്തിനുശേഷം ഇവർ കൽക്കട്ടായിലേക്കുപോകുന്നതും അവിടെവച്ചു മി. ഉദയശങ്കറിനെ സന്ദർശിക്കുന്നതുമാണു്.



വെൽഷ് സമുദ്രതീരത്തിനപ്പുറം കാൾഡി എന്ന ദ്വീപിലെ മൗനനിഷ്ഠനായ ഒരു സന്യാസി. ഇദ്ദേഹം സന്യാസിമന്ദിരത്തിലുണ്ടാക്കിയ റൊട്ടികൾ വിതരണം ചെയ്യുന്നതാണു ചിത്രം. ഇദ്ദേഹം ഉൾപ്പെട്ടിരിക്കുന്ന ആശ്രമത്തിലെ സന്യാസിമാർ തങ്ങളുടെ പ്രവൃത്തനങ്ങളെക്കുറിച്ചു സ്വസംഘാംഗങ്ങളെ അറിയിക്കുന്നതിനുവേണ്ടിയല്ലാതെ ഒരിക്കലും മൗനം ഭഞ്ജിക്കാറില്ലത്രേ.

* * *

ഈയിട മാർസേൽസിൽവച്ചു് വധിക്കപ്പെട്ട അലക്സാണ്ഡർ രാജാവിനു് ഒരുകോടി ഡാളറിൻെറ സ്വത്തുണ്ടെന്നറിയുന്നു. ഇതിൽ ഒരുഭാഗം ഫ്രാൻസ്, സ്വിറ്റ്സർലണ്ടു ഇംഗ്ലണ്ടു് എന്നിസ്ഥലങ്ങളിൽ പണനിക്ഷേപങ്ങളും, ബാക്കിയെല്ലാം സ്ഥാവരസ്വത്തുക്കളുമാണു. കഴിഞ്ഞ കുറേവർഷങ്ങളായി സ്ഥാവരസ്വത്തുക്കൾ ഗണ്യമായ രീതിയിൽ വർദ്ധിപ്പിക്കുന്നതിൽ രാജാവു് ശ്രദ്ധപതിപ്പിച്ചിരുന്നു. ശമ്പളം, രാജകീയ ചിലവുകൾ എന്നീയിനങ്ങളിൽ ലഭിക്കുന്നതു് പ്രതിവർഷം പത്തുലക്ഷം ഡാളറിൽ കൂടുതലായിരുന്നു. ഇതു പ്രസിഡൻറു് റൂസ്‌വെൽററിൻെറ ഔദ്യോഗികശമ്പളത്തിൻെറ പതിനാലിരട്ടിയാണു്. അലക്സാണ്ഡർ പ്രതിമാസം അറുപതിനായിരം ഡാളർവീതം മിച്ചംവരുത്തുന്നുണ്ടായിരുന്നു. സ്വത്തിൽ നല്ലഭാഗം രാജ്ഞിക്കും പുത്രനുമാണു് ഇദ്ദേഹം നീക്കിവച്ചിരിക്കുന്നതു്. സഹോദരിയായ ഹെലനാരാജകുമാരിക്കും മററുചില ബന്ധുക്കൾക്കും സംഭാവനകൾ കുറെയൊക്കെ ചെയ്തിട്ടുമുണ്ടു്.

* * *

"ഞാൻ ഈയിട റഷ്യാസന്ദർശിച്ചു. വിശേഷബുദ്ധിയുടെ സ്വാതന്ത്ര്യത്തെ മർദ്ദിച്ചും, അടിച്ചുതാഴ്ത്തിയും മുൻപോട്ടുപോയാൽ ഉണ്ടാകുന്ന ഭയങ്കരവിപത്തുകളെ തങ്ങളുടെ അനുഭവത്തിൽനിന്നു് ലോകരെ മനസ്സിലാക്കുന്നതിനു റഷ്യാ നിർബന്ധിതയായിത്തീരുവാൻ ഭാവിക്കുന്നതു ഓർക്കുമ്പോൾ എനിക്കു ഭയമാകുന്നു. വിമർശനസ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു രാജ്യത്തിനും പുരോഗതി പ്രാപിക്കുവാൻ സാധിക്കയില്ല."

എച്ച്. ജി. വെൽസ്.

* * *

"അബ്രാഹ്മണാവകാശങ്ങൾ കാൺഗ്രസ്സിൻെറ രക്ഷയിൽ സുരക്ഷിതമായിത്തന്നെയിരിക്കുമെന്നു എൻെറ അബ്രാഹ്മണസുഹൃത്തുക്കളെ ഞാൻ അറിയിച്ചുകൊള്ളട്ടെ. ആയിരക്കണക്കിനു അബ്രാഹ്മണവോട്ടുകൾ കിട്ടിയാണു് ഞങ്ങൾ കൌൺസിൽ മെമ്പറന്മാരായിത്തീർന്നതെന്നും, ഉപേക്ഷകൊണ്ടോ അലസതകൊണ്ടോ ഏതെങ്കിലും അബ്രാഹ്മണപ്രശ്നങ്ങളെ വിട്ടുകളയത്തക്ക മനഃസ്ഥിതി ഞങ്ങൾക്കുണ്ടായാൽ അതു് രാജ്യ

* * *

"മൊത്തത്തോതിൽ പാശ്ചാത്യരെ അനുകരിക്കുന്നതിൽ എനിക്കു് വിശ്വാസമില്ല. പുരാതനമായ ഇൻഡ്യൻസംസ്കാരത്തെപാടേ ഉപേക്ഷിച്ചു് ആ വിടവിൽ പാശ്ചാത്യ പരിഷ്കാരം ചുവടേ സ്വീകരിക്കുന്നതു് ഒരു പാപമായി ഞാൻ കരുതുന്നു. നമ്മുടെ സംസ്കാരത്തെ ഒരു ഉറപ്പേറിയ സ്തംഭമായി നിർമ്മിച്ചു് നമുക്കു യോജിച്ചതോ, അവശ്യമായതോ ആയ പാടിത്താററൻ പരിഷ്കാരത്തെമാത്രം സ്വീകരിക്കയെന്ന പദ്ധതിയാണുത്തമം."

ബീഗം സുൽത്താൻ മിർ അമിറുഡിൻ.

* * *



ബ്രിട്ടിഷ് പാർലമെൻറിലെ "കുസൃതിക്കുട്ടക."

മി. വിൻസ്റ്റൺ ചർച്ചിൽ - ജമ്മനിയുടെ വ്യോമസൈന്യം ഇപ്പോൾ ബ്രിട്ടൻെറതിനെക്കാൾ 50 ശതമാനം കൂടുതലാണെന്നും രണ്ടുവർഷത്തിനകം ഇരട്ടിയാകുമെന്നും മററും ഇദ്ദേഹം പാർലമെൻറിൽ പ്രസ്താവിക്കുകയുണ്ടായി. ഇൻഡ്യൻഭരണപരിഷ്കാരപദ്ധതി പാർലമെൻറിൽ ആലോചനയ്ക്കുവരുമ്പോൾ ഏതെല്ലാം തിക്കുട്ടുകളാണു ഇദ്ദേഹം എറിയുന്നതിനു തയ്യാറാക്കിവച്ചിരിക്കുന്നതെന്നു രണ്ടു രാജ്യക്കാരും അക്ഷമയോടെ കാത്തിരിക്കുന്നു.

"അത്യന്തംബുദ്ധിമാനും ഇൻഡ്യൻനേതാക്കന്മാരിൽവച്ചു് ഏററവും യുക്തിയുക്തനുമായ പണ്ഡിതജവഹരിലാലിന്റെ മോചനത്തിനു് ജെ. പി സി. റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം ഏററവും യോജിച്ച അവസരമല്ലേ" എന്നു കണ്ണൽ വെഡ്ജ് ജൂവുഡ് സർ സാമുവൽ ഹോറിനോടു കാമൺസിൽ വച്ചു് ചോദിച്ചപ്പോൾ ഈ കാര്യത്തിൽ ഇടപെടുന്നതിനുള്ള ന്യായമൊന്നും കാണുന്നില്ലെന്നു മറുപടിപറഞ്ഞിരിക്കുന്നു.

* * *

അടുത്ത ഒരവസരത്തിൽത്തന്നെ — ഡിസംബർ പത്താംതീയതി വാഷിങ്ങ്ടൺ നാവികഉടമ്പടിയെ ജപ്പാൻകാർ നിരാകരിക്കുമെന്നു് വിശ്വാസയോഗ്യമായ അറിവു കിട്ടിയിരിക്കുന്നു.

* * *

"മയ്യാദയാണു് ഉത്തമനയം" എന്നുള്ള ആപ്തവാക്യമാണു് ജർമ്മൻപോലീസ്സ് ഈയിടെ സ്വീകരിച്ചിരിക്കുന്നതെന്നുതോന്നുന്നു. "ഇവിടെ നിന്നു് 400 വാര അകലെ റോഡിൽ ജോലിക്കാർ ജോലിചെയ്യുന്നു. ദയവുചെയ്തു സൂക്ഷിക്കണേ." ഈവിധമുള്ള വിജ്ഞാപനങ്ങൾ ഓരോസ്ഥലങ്ങളിലും മോട്ടോറുകാരുടെ ദൃഷ്ടിയിൽ പതിക്കുന്നു. മേൽപറഞ്ഞ ആ സ്ഥലം കഴിഞ്ഞാൽ "സൂക്ഷിച്ചതിനുനിങ്ങൾക്കുനമസ്കാരം" എന്നുള്ളവേറൊരുബോർഡും ന്യൂറംബർഗ്ഗ് എന്നസ്ഥലത്തു കാറു് ഇടുവാൻപാടില്ലെന്നു് ഗവർമ്മെൻറു നിരോധിച്ചിട്ടുള്ള പല പൊതുനിരത്തുകൾ ഉണ്ടു്. ആരെങ്കിലും ഈ നിയമത്തിനെതിരായി കാർ ഇട്ടിട്ടുപോയി മടങ്ങിവരുന്നപക്ഷം കാർകണ്ണാടിയേൽ ഒരു ചെറിയ നോട്ടീസ്സ് കാണാം. ഇതു് പോ

വിഷയവിവരം

ലീസ്സ് "സമൻസ്സ്" ആണെന്നുശങ്കിക്കരുതു് മേലിൽ ഈ സ്ഥലത്തു കാറിടരുതെന്നും, ജമ്മനിയിൽ ഗാതഗതത്തിനും നീതിന്യായ നടത്തിപ്പിനും സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്ന ഒരു ചെറിയ കവിത ആ കടലാസ്സുതുണ്ടിൽ കാണാം.





ജാജ്ജുരാജകുമാരനും (ഡ്യൂക്ക് ആഫ് കെൻറു്) മരീനാരാജകുമാരിയും തമ്മിലുള്ള വിവാഹം നവംബർ 29-ാംതീയതി വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിൽവച്ചു മംഗളമായി നടന്നിരിക്കുന്നു.



ഹൈദ്രബാദ് സിവിൽസവ്വീസിലെ മി. ജമിത്ഹുസ്സെയിനും പത്നി മഹമ്മദിബീഗവും. ഇവർ സ്റേററു സ്കാളർഷിപ്പോടുകൂടി ഉപരിവിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലേക്കുപോകുന്നു. അലിഗാറിൽനിന്നും എം. എ. പാസ്സായിട്ടുള്ള മി. ഹുസ്സെയിൻ അക്സ്ഫോർഡിലേക്കാണു പോകുന്നതു്. ബീഗം ഈയിടെ യൂണിവേഴ്സിററിയിൽനിന്നും ബി. എ 1-ാമതായിജയിച്ചിരിക്കുന്നു. പ്രസ്തുത പരീക്ഷാവിജയികളുടെ കൂട്ടത്തിൽ ഈ വനിത പ്രഥമസ്ഥാനത്തെയാണു അലങ്കരിച്ചിട്ടുള്ളതു്.



ജമ്മനിയിൽ ഹെസ്സൻനാസ്സോ എന്ന സ്ഥലത്തെ ഒരു കൊയ്ത്തുകാരൻ

Courtesy, G. B. I. Bureau, London, thro' Mr. K. P. P. Tampi, Trivandrum.

മലയാളരാജ്യം

1110 വൃശ്ചികം 18-ാംനു- തിങ്കളാഴ്ച


ഏതാനുംദിവസം മുമ്പ് ന്യൂഡൽഹിയിൽവച്ചു നടന്ന കൊച്ചിത്തുറമുഖസമ്മേളനത്തെപ്പററിയുള്ള അസോഷ്യേററഡ് പ്രസ്സ് കമ്പിവാത്തകളിൽനിന്നുകാണുന്നതു പ്രസ്തുത തുറമുഖത്തിൽനിന്നുള്ള കസ്റ്റംസ് നികുതിയിൽ അറുപത്തിരണ്ടരശതമാനം ഇന്ത്യാഗവമ്മെൻറിനും ഇരുപത്തൊന്നുശതമാനം കൊച്ചി സക്കാരിനും ബാക്കിയുള്ള പതിനാറരശതമാനം തിരുവിതാംകൂറിനും ലഭിക്കണമെന്നുള്ള നിർദ്ദേശത്തെ അടിസ്ഥാനമാക്കിയാണ് ആലോചനകൾ നടന്നതെന്നാണ്. കൊല്ലംമുതൽ വടക്കോട്ടുള്ള തിരുവിതാംകൂറിലെ തുറമുഖങ്ങളിലെ ഇറക്കുമതിത്തീരുവ കൊച്ചിത്തുറമുഖത്തിലെ ഇറക്കുമതിത്തീരുവയുമായി ചേത്തു് അതിൻെറ മൂന്നിലൊരുഭാഗം തിരുവിതാംകൂറിനു നൾകുകയാണല്ലൊ ഇപ്പോൾ ചെയ്തുവരുന്നതു്. തുറമുഖം പണിയുടെ നാലാംഘട്ടം ആകുന്നതോടുകൂടി തിരുവിതാംകൂറിനു ലഭിക്കേണ്ട വീതം മൂന്നിലൊന്നിൽനിന്ന് ആറിലൊന്നായി കുറയുമെന്നാണ് ഇതിനകം അറിഞ്ഞ വിവരങ്ങളിൽനിന്നും ഊഹിക്കേണ്ടിയിരിക്കുന്നതു്. കൊച്ചിത്തുറമുഖംസംബന്ധിച്ചു തിരുവിതാംകൂർദർബാറും ഇന്ത്യാഗവമ്മെൻറും തമ്മിൽ ഒരു പുതിയ ഉടമ്പടിയിലേപ്പെടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ പലപ്പോഴും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. 186[illegible]-ലെ ഇൻറർപോർട്ടൽ കൺവൻഷൻ അനുസരിച്ചു ബ്രിട്ടീഷ് ഇന്ത്യൻ താരിപ്പു തിരുവിതാംകൂർ അംഗീകരിക്കയും ബ്രിട്ടീഷ് ഇന്ത്യൻ തുറമുഖങ്ങളിൽ ഇറക്കുമതിചെയ്യുന്ന സാമാനങ്ങളെ തീരുവ കൂടാതെ തിരുവിതാംകൂറിലേക്കു പ്രവേശിപ്പിക്കയും ആണ് ചെയ്തുവരുന്നതു്. തിരുവിതാംകൂർ തുറമുഖങ്ങളിൽ ഇറക്കുമതിചെയ്തു തിരുവിതാംകൂറിൽ ചെലവാകുന്ന സാമാനങ്ങളുടെയും ബ്രിട്ടിഷ് ഇന്ത്യയിൽ തീരുവ കൊടുത്തശേഷം കൺവൻഷൻ വ്യവസ്ഥയനുസരിച്ചു ഫ്രീയായി തിരുവിതാംകൂറിലേക്കു കടന്നുവരുന്ന സാമാനങ്ങളുടെയും തീരുവ മുഴവൻ തിരുവിതാംകൂർ സക്കാരിനു കിട്ടേണ്ടതാണെന്നുള്ള വാദം ഏററവും ന്യായമായുള്ളതാകുന്നു. അതുകൂടാതെ കൊച്ചിത്തുറമുഖംപണിക്കായി തിരുവിതാംകൂർസക്കാർ മുടക്കുന്ന മൂലധനത്തിനു മതിയായ ഒരു ആദായവീതവും കൊച്ചി തുറമുഖപദ്ധതിയിൽ സഹകരിക്കുന്നതുമൂലം തിരുവിതാംകൂറിലെ തുറമുഖങ്ങൾക്കുണ്ടാകുന്ന അധഃപതനത്തിനു ശരിയായ പരിഹാരവും തീർച്ചയായും തിരുവിതാംകൂറിനു ലഭിക്കേണ്ടതുതന്നെയാകുന്നു. കൊച്ചി തിരുവിതാംകൂർ സക്കാരുകളുടെ സഹകരണവും സമ്മതവും കൂടാതെ കൊച്ചിത്തുറമുഖംപണി സാദ്ധ്യമാകുമായിരുന്നില്ല എന്നുള്ള വസ്തുതയും ഈ അവസരത്തിൽ മറക്കുവാൻ പാടുള്ളതല്ല. ഇങ്ങനെ ന്യായമായി തിരുവിതാംകൂറിനു കിട്ടേണ്ടതു കിട്ടുകയും ഇൻറർപോർട്ടൽകൺവൻഷൻമൂലം ചിരകാലം തിരുവിതാംകൂറിനുണ്ടായിക്കൊണ്ടിരുന്ന നഷ്ടം, പരിഹരിക്കാൻ സാധിച്ചില്ലെങ്കിലും ഇനി ഉണ്ടാകാതിരിക്കയും ചെയ്യത്തക്കവണ്ണം ആയിരിക്കണം കൊച്ചിത്തുറമുഖംസംബന്ധിച്ചു ഇന്ത്യാഗവർമ്മെണ്ടുമായി ഉടമ്പടിയിലേർപ്പെടേണ്ടതെന്നാണ് എപ്പോഴും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതു്. ഏതായാലും ഹാർബർകാൺഫറൻസിൽ തിരുവിതാംകൂറിനു നിർദ്ദേശിച്ചുകാണുന്ന പാക് വളരെ അതൃപ്തിജനകമായിരിക്കുന്നു. ദിവാൻജി തിരിച്ചെത്തിയാൽഉടൻതന്നെ തുറമുഖംസംബന്ധിച്ച ആലോചനകളുടെ ഇതുപര്യന്തമുള്ള സകല വിവരങ്ങളും വിശദമായി ഗവർമ്മെൻറു പൊതുജനങ്ങളെ അറിയിച്ചു അവരുടെ ഇടയിലുള്ള ഉൽകണ്ഠയ്ക്കു പരിഹാരമുണ്ടാക്കുമെന്നാശിക്കുന്നു. നിയമസഭാംഗങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കുമെന്നും വിശ്വസിക്കുന്നു.

*　　*　　*

തിരുവിതാംകൂർഗവർമ്മെൻറു ചില പത്രങ്ങളോടു കാണിച്ച പെരുമാററത്തെപ്പററി ഇവിടത്തെ പൊതുജനാഭിപ്രായം ശക്തിയായ പ്രതിഷേധം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണു പൊതുജനാഭിപ്രായത്തെ ശൃംഖലിതമാക്കുന്നതിനുള്ള ചിലനിയമോപായങ്ങൾ കൊച്ചിഗവമ്മെൻറു അവിടത്തെനിയമസഭയിലവതരിപ്പിച്ചിരിക്കുന്നതു്. പൊതുജനങ്ങളുടെ ഇഷ്ടത്തെ മുൻനിറുത്തിയാണു ഗവർമ്മെൻറു ഭരണം നടത്തുന്നതെങ്കിൽ പൊതുജനജിഹ്വയായ പത്രങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ പ്രതിബന്ധിക്കുന്നതു അത്യന്തം അനുചിതമാണെന്നും ഏതെങ്കിലും പത്രങ്ങൾ നില വിട്ടു പെരുമാറുന്നപക്ഷം അവയെ പ്രാസിക്യൂട്ടുചെയ്യുകയല്ലാതെ അവയുടെമേൽ എക്സിക്യൂട്ടിവ് അധികാരം പ്രയോഗിക്കുന്നതു കേവലം സ്വേച്ഛാഭരണത്തിൻെറ ലക്ഷണമാണെന്നും കൊച്ചിയിലെ പല അനൌദ്യോഗസ്ഥാംഗങ്ങളും ശക്തിയുക്തം അഭിപ്രായപ്പെടുകയുണ്ടായി. രണ്ടാംവായന തീരുന്നതുവരെ മൂന്നുനാലുപ്രാവശ്യം വോട്ടെടുത്തപ്പോഴെല്ലാം അദ്ധ്യക്ഷൻെറ കാസ്റ്റിംഗ് വോട്ടിൻെറമാത്രം സഹായത്തോടുകൂടിയാണു പാസ്സായതെന്നു കാണുന്നു. ഇതിൽനിന്നു കൊച്ചിനിയമസഭയിലെ സ്വാതന്ത്ര്യാഭിപ്രായഗതി ഏതുതരത്തിലാണെന്നു തെളിയുന്നുണ്ടു്. ബില്ലിൻെറ അധിഷ്ഠാനതത്വംതന്നെ ജനാഭിപ്രായത്തിനു വിരുദ്ധമായിരിക്കെ ബില്ലിൻെറ വ്യവസ്ഥകളെപ്പററി വിസ്തരിച്ചു പ്രതിപാദിക്കേണ്ടയാവശ്യം കാണുന്നില്ല. ബ്രിട്ടീഷ് ഇന്ത്യയിലും മററു നാട്ടുരാജ്യങ്ങളിലും നടക്കുന്ന പല നല്ലകാര്യങ്ങളും കണ്ടില്ലെന്നുഭാവിച്ചു തങ്ങളുടെ ഇഷ്ടയ്ക്കുപററിയതെന്നുതോന്നുന്ന കാര്യങ്ങളെ അന്യസ്ഥലങ്ങളിൽനിന്നു പകത്തുകഎന്നതു പൊതുജനങ്ങളോടുത്തരവാദിത്വമില്ലാത്ത ഭരണമേധാവികളുടെ നയമാകുന്നു. ഏതായാലും പൊതുജനാഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടി ധീരമായി നിലകൊണ്ട കൊച്ചി നിയമസഭാംഗങ്ങൾ അഭിനന്ദനാർഹരാണ്.


*　　*　　*

തിരുവനന്തപുരം ആർട്ട്സ് കാളേജിൽ മലയാളം ബി. ഏ. ആണേഴ്സ്ക്ലാസ്സുകൂടി ഏപ്പെടുത്താൻ ആലോചനയുള്ളതായി അറിയുന്നു. സംസ്കൃതത്തിൽ ബി. ഏ. ആണേഴ്സു പാസ്സാകണമെന്നുള്ളവർ മദ്രാസിൽ പോകണമെന്നുള്ളതു് അനുഭവമാണല്ലോ. സംസ്കൃതത്തിൽ വളരെ കൂടിയ ഉപരിപരീക്ഷകൾ പാസ്സാകണമെന്നുള്ളവർ ലണ്ടനിലും ജമ്മനിയിലുമാണു പോകേണ്ടതു്! ഇപ്പോൾ കാളേജുക്ലാസ്സുകളിൽ മലയാളം നിർബന്ധവിഷയമാക്കിയിരിക്കുന്നു എന്നുള്ളതു് ആശ്വാസകരമാകുന്നു. തിരുവനന്തപുരത്തു് മലയാളം ബി. ഏ ആണേഴ്സുകൂടി ഏപ്പെടുത്താൻ പോകുന്നു എന്നുള്ളതു വാസ്തവമാണെങ്കിൽമലയാളത്തിൻെറ സ്ഥിതി ഒരു പടികൂടെ ഉയരുകയാണെന്നു പറയാം. ബി ഏ ആണേഴ്സിനുള്ള ശ്രമങ്ങൾ റാവുബഹദൂർ കെ വി. രംഗസ്വാമിഅയ്യങ്കാർ ആർട്ട്സ് കാളേജ് പ്രിൻസിപ്പാളായിരുന്ന കാലത്തുതന്നെ തുടങ്ങിയെങ്കിലും അതു സാഫല്യമടഞ്ഞില്ല എന്നു പറയേണ്ടിയിരിക്കുന്നു. ആണേഴ്സ്ക്ലാസ്സ് ഏപ്പെടുത്താനുള്ള യോഗ്യതകൾ ആർട്ട്സ് കാളേജിനുണ്ടോ എന്ന് അന്വേഷിച്ചു മടങ്ങിയിരിക്കുന്ന മി ടി. കെ. കൃഷ്ണമേനോൻ, മലയാളം സംസ്കൃതംലൈബ്രറികളും ക്ലാസ്സ തുടങ്ങാനുള്ള മുറികളും മററും കണ്ടു് അത്യന്താതൃപ്തനായി എന്നു കാണുന്നു. മലയാളം ശാഖയിലേക്കു് ഒരു പ്രൊഫസറും ഒരു അസിസ്റ്റൻറു പ്രൊഫസറുംകൂടി നിയമിക്കപ്പെടേണ്ടിവരുമെന്നും കാണുന്നുണ്ടു്. മലയാളം ബി ഏ. ആണേഴ്സ് ഏപ്പെടുത്തുന്നതിൻെറ ആശാസ്യതയെപ്പററി സംശയിക്കാനില്ലെന്നാണു തോന്നുന്നതു്. ഇംഗ്ലീഷിൽ എം. ഏ. യും, ബി. ഏ. ആണേഴ്സും തുടങ്ങിയ ഉന്നതപരീക്ഷകൾ ആ ഭാഷയുടെ സഹജമായ മാഹാത്മ്യത്തിനുമാററു കൂട്ടുന്നുണ്ടു്. മലയാളത്തിൻെറ അഗണ്യതയ്ക്കും, മററുള്ളവർ അതിനോടു കാണിക്കുന്ന പുച്ഛഭാവത്തിനും ഉന്നതപരീക്ഷകളുടെ അഭാവം ഒരു കാരണമായിരിക്കണം. ദ്രാവിഡഭാഷകൾക്കും, സംസ്കൃതത്തിനും പ്രൊഫസറായിരുന്ന ഏ ആർ. തിരുമേനിയുടെ ചരമത്തിനുശേഷം ആ ശാഖയിൽ പ്രൊഫസറന്മാരില്ലാതിരിക്കയാണ്. മലയാളം ആണേഴ്സ് ഏപ്പെടുത്തുന്നെങ്കിൽ അതു ആ കുറവു പരിഹരിക്കാൻ മാത്രമായിരുന്നാൽ പോരാ. മലയാളത്തിൽ പല ഗവേഷണജോലികളും നടത്തേണ്ടതായിട്ടുണ്ടെന്നുള്ളതിന്, ഗവേഷണം സാഹിത്യപരിഷത്തിൻെറ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതുതന്നെ തെളിവാണ്. ഇന്നും പണ്ഡിതസമ്മതമായി തീരുമാനിക്കപ്പെട്ടിട്ടില്ലാത്ത ഭാഷാചരിത്രവിഷയങ്ങൾ ചിലതുണ്ടു്. മലയാളത്തിൽ ആണേഴ്സുപോലുള്ള ഉപരിവിദ്യാഭ്യാസം, ഇത്തരം വിഷയങ്ങളിൽ സാമാന്യവിദ്യാത്ഥികളെയും ഉത്തേജിപ്പിക്കുന്നതിനു ഉതകേണ്ടതാകുന്നു. ആ നിലയിൽ അതിനെ എല്ലാവരും സ്വാഗതംചെയ്യുകയും ചെയ്യും.



തിരുവനന്തപുരം മൃഗമന്ദിരത്തിലെ ഒരു മൃഗരാജൻ.

Photos by Joseph W. Mathew.



ഈയിടെ നടന്ന ലണ്ടൻ മെൽബോൺവിമാനമത്സരത്തിൽ സംബന്ധിച്ച ഡഗ്ലാസ്സ് മോണോപ്ലേൻ എന്ന വിമാനമാണു ചിത്രത്തിൽ കാണുന്നതു്. മുകളിലായി കാണപ്പെടുന്നതു (ഇടതുവശം) ജെ ജെ മാം, (വലതുവശം) കെ. ഡി. പാർമെൻറീയർ എന്നീ പൈലട്ടുകളാണു് ഈ മത്സരത്തിൽ ഡഗ്ലാസ്സ് വിമാനത്തെ നയിച്ചതു്. മിൽഡെൻഹാളിൽനിന്നു മെൽബോണിലേക്കുള്ള വ്യോമയാനദൂരം 11300 മയിലാണു് പ്രസ്തുത വിമാനത്തിൽ റൈയിട്ടു് 'സൈക്ലോൺ' എൻജിനും ഘടിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ വിമാനമാണു് 'സ്പീഡ്സെക്ഷനിൽ' ഒന്നാം സമ്മാനം നേടിയതു്.

U. P. S.



തിരുവനന്തപുരം മൃഗമന്ദിരത്തിലെ ഒരു വ്യാഘ്രം.



ഹോളിവുഡ്ഡിലെത്തിയിട്ടുള്ള ഒരു ഭാവിതാരം. മൂവികളിൽ അഭിനയംനടത്തിയിട്ടുള്ള 'മിസ്റ്ററ് കാമൽ, മിസ്സിസ്സ് കാമൽ' എന്നിവയുടെ സന്താനമായ 'ഷീബാ' ഒട്ടകമാണ് ഈ താരം. കേവലം ഒരു ശിശുവായ മിസ്സ് ആൽമാഗീമൽ ഷീബായ്ക്കു ഭക്ഷണം കൊടുക്കുന്ന ഒരു രംഗമാണു ചിത്രത്തിൽ കാണുന്നതു്.

U. P. S.

(22-ാംപുറത്തുനിന്നും തുടർച്ച)

"അതേ" കുറച്ചുനേരത്തേക്ക അതിനേക്കുറിച്ചാലോചിക്കാനെന്നപോലെ, അദ്ദേഹം മൗനംഭീക്ഷിച്ചു അനന്തരം അംബുജത്തിൻെറ അടുത്തുചെന്നു കൈക്ക പിടിച്ചുകൊണ്ടു "ഒരുകണക്കിനു നമ്മുടെയും വാർഷികദിനമാണിതു കഴിഞ്ഞ പത്തൊൻപതു കൊല്ലങ്ങൾ, ആകക്കൂടി അത്ര ചിത്തയായിരുന്നില്ല; അല്ലേ?" എന്നു ചോദിച്ചു. അദ്ദേഹം തുടർന്നു പറഞ്ഞു:— "പ്രയാസമേറിയവയായിരുന്നിരിക്കണം; ദാമ്പത്യജീവിതം എപ്പോഴും അങ്ങനെയെ ഇരിക്കയുള്ളു എന്നാണു എൻെറ അഭിപ്രായം. എന്നാലും നമ്മളതു കഴിച്ചുകൂട്ടി!"

"അതേ, കഴിച്ചുകൂട്ടി" ഇതു പറഞ്ഞപ്പോൾ അംബുജം വികാരാവേശത്താൽ അദ്ദേഹത്തിൻെറ കരങ്ങളിൽ മൃദുവായൊന്നു തിരുമ്മി. ഉടനെ മനോരമയെ വിളിച്ചുകൊണ്ടുവരാമെന്നു പറഞ്ഞു, ഉദ്യാനത്തിലേക്ക നടന്നു.

"ശരി"യെന്നു മൂളിയിട്ടു മാധവൻനായർ വീണ്ടും മുകളിലേക്ക പോയി. അദ്ദേഹം എളുപ്പം സംതൃപ്തനായി. വലിയ ജീവിതാനന്ദമൊന്നും അദ്ദേഹം ആഗ്രഹിച്ചില്ല. മകളെപ്പററി നായക്ക എപ്പോഴും വിചാരമുണ്ടായിരുന്നു എന്നാൽ അംബുജമോ, തൻെറ സ്വന്തം വികാരങ്ങളിൽ മുഴുകി മനോരമയ്ക്കു പനി പിടിപെട്ടേക്കാമെന്നുള്ള സംഗതി വിസ്മരിച്ചുപോയി.

മനോരമ, ഗോപാലകൃഷ്ണപ്രതിമയുടെ മുമ്പിലുള്ള ഒരാസനത്തിൽ തലകുനിച്ചിരുന്നു കരയുകയായിരുന്നു. ആ കള്ളക്കണ്ണൻ അവളെ നോക്കി മന്ദഹസിച്ചിരുന്നിരിക്കാം. അംബുജം അവിടെച്ചെന്നു അവളെ കുനിഞ്ഞാലിംഗനംചെയ്തു. "ഓമനേ, കരയരുതേ. നിൻെറ അച്ഛനും ഞാനും പരസ്പരം സ്നേഹിക്കുന്നുണ്ടു". ചിലപ്പോൾ ഞങ്ങൾക്ഷീണബുദ്ധികളായിത്തീരുന്നു എന്നേയുള്ളു. ദാമ്പത്യംവൈഷമ്യരഹിതമല്ല. മനുഷ്യർ ക്ഷീണബുദ്ധികളാകുമ്പോൾ പറയുന്നതിനെക്കുറിച്ചു എൻെറ ഓമന ഗൗനിക്കരുതു്."

ഇത്തവണ മനോരമ, അംബുജത്തെ അവളുടെ മൃദുകരവല്ലികളാൽ ആലിംഗനംചെയ്തു. "പ്രിയപ്പെട്ട അമ്മേ, അതെനിക്കറിയാമായിരുന്നു. അമ്മ പറയുന്നതുപോലല്ല കാര്യങ്ങളെന്നു. ഞാൻ നിങ്ങളെ രണ്ടുപേരെയും അത്രയ്ക്കു സ്നേഹിക്കുന്നുണ്ടു്. അമ്മ അച്ഛനെ ഉപേക്ഷിക്കുന്നതു എനിക്കു ഓർമ്മിക്കാൻകൂടി വയ്യ!

അംബു:— "അതേ അതേ അമ്മിണി. വേഗം പോയി കിടക്കു. ഞാൻ പുറകേ വന്നുകൊള്ളാം."

മനോരമ അംബുജത്തെ ചുംബനം ചെയ്തിട്ടു ഓടിപ്പോയി അവൾ അവിടെത്തന്നെയിരുന്നു. ഗോപാലകൃഷ്ണപ്രതിമ, ആ അവസരത്തിൽ അവളിൽ ബഹുമാനാദരങ്ങൾ ഉദിപ്പിച്ചു. അവൾ തലകുനിച്ചു് ഭക്തിപൂർവം അതിനെ നമിച്ചു. പഴയ നിഷിദ്ധസംഗീതാസ്വാദനത്തിൻെറ "സ്മരണയാലല്ല അവൾ അങ്ങനെ ചെയ്തതു". ലോകനായകനായ അദ്ദേഹം കനിഞ്ഞാൽ തൻെറ ശൂന്യജീവിതത്തെ സുരഭിലവും ആനന്ദകരവുമാക്കുന്നതിനു സാധിക്കയില്ലേ? ഈ വിചാരമാണു്, മനുഷ്യസഹജമായ ദൈവഭക്തിയെ ഉത്തേജിപ്പിച്ചു് അവളുടെ ശിരസ്സിനെ നമിപ്പിച്ചതു്. ഗോപവധൂടികളുടെ ജീവിതാനന്ദദായകൻ സാക്ഷാൽ സച്ചിദാനന്ദസ്വരൂപൻ — അദ്ദേഹം, അവളെ ദയാപുരസ്സരം വീക്ഷിക്കുന്നതുപോലെയും, തൻെറ തൃക്കൈമുരളിയിലൂടെ അനുഗ്രഹപ്രദാനം ചെയ്യുന്നതുപോലെയും അവൾക്ക തോന്നി മാധവൻനായർ ഈ സന്ദർഭത്തിൽ അവിടെ ആഗതനായി. അദ്ദേഹം പറഞ്ഞു:- "നിങ്ങൾ സ്ത്രീകൾ ഈ കനത്ത മഞ്ഞത്തു് ഇങ്ങനെ പുറത്തിരിക്കാൻ ഭ്രാന്തു പിടിച്ചവരാണോ? പനി പിടിച്ചു ചാകാതിരുന്നാൽ കൊള്ളാം."

അംബുജം മന്ദഹസിച്ചുകൊണ്ടെഴുന്നേററു. അവൾ പറഞ്ഞു: "അവിടെ പുരമുറിയിൽ എന്തുഷ്ണമാണു്! വിശേഷിച്ചു ഇന്നത്തെ വിരുന്നു കഴിഞ്ഞശേഷം -" പെട്ടെന്നു അവൾ മാധവൻനായരുടെ കയ്യിൽ കടന്നുപിടിച്ചു "ആകട്ടെ, ഞാനൊന്നു ചോദിക്കട്ടെ, മനോരമയെ കാണുമ്പോൾ, പതിനെട്ടു വയസ്സായിരുന്ന എന്നെ അങ്ങു ഓർമ്മിക്കുന്നുണ്ടോ?"

മാധ:— "ഉണ്ടു്; എപ്പോഴും ഉണ്ടു്. ഭവതി എന്താണു് അങ്ങനെ ചോദിച്ചതു?"

അംബു: "അങ്ങു് അപ്രകാരം ഓർമ്മിക്കേണ്ടിയിട്ടുതന്നെ."

മാധവൻനായർ, ഒരു നവകമുകൻെറ അനുരാഗതീക്ഷ്ണതയോടുകൂടി, അവളെ ആലിംഗനം ചെയ്തു. വിസ്മൃതമായിരുന്ന ചുംബനകലയെ പ്രയോഗസാമർത്ഥ്യത്തോടെ അദ്ദേഹം പുനരുജ്ജീവിപ്പിച്ചു നായർ പറഞ്ഞു:- "അംബുജം, നിന്നെയിന്നൊരനാഘ്രാതപുഷ്പമായിട്ടാണു് എനിക്കു തോന്നിയതു്. കേവലം ഒരു തരുണിയായിട്ടു! നമ്മൾ ഇത്ര അകന്നു പോകേണ്ടിയിരുന്നു എന്നും ഞാൻ ആശിച്ചു. കഴിഞ്ഞ കാലം വിസ്മൃതിയിൽപെട്ടു മറഞ്ഞെങ്കിലോ, അതു വിസ്മരിച്ചുകളഞ്ഞെങ്കിലോ എന്നും [illegible]യുണ്ടായ" അദ്ദേഹത്തിൻെറ തൊണ്ടയിടറി. കണ്ണുകളിൽ ബാഷ്പകണങ്ങളോടുകൂടി അംബുജം പറഞ്ഞു: "അതേ, അതു നമുക്ക വിസ്മരിക്കാം; വിസ്മരിക്കാം!" അവർ കാമിനീകാമുകന്മാരെപ്പോലെ, ഗൃഹത്തിലേക്ക ഒരുമിച്ചു മന്ദംമന്ദം നടന്നുപോയി. നക്ഷത്രങ്ങളുടെ മൃദുലപ്രകാശത്താൽ ആ നേരിയ തമസ്സു് മന്ദഹസിക്കയും, മന്ദമാരുതനാൽ ആശ്വാസനിശ്വാസം പൊഴിക്കയും ചെയ്തു. ആ കററാടിമരങ്ങളുടെ ഇടയ്ക്കുനിന്ന് കള്ളകൃഷ്ണൻെറ മുഖമ കട്ടെ, അവർ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചപ്പോഴേക്കു് ഇരുൾകൊണ്ടു് കലുഷിതമായിരുന്നു!



ഭാരതം.

പൊതുനിരത്തുകൾ വല്പിപ്പിക്കുന്നതിനും, ഇപ്പോൾ ഉള്ളവയെ നന്നാക്കുന്നതിനുമായി ഒരു നൂതനപദ്ധതി സമർപ്പിക്കപ്പെട്ടിരിക്കുന്നതു യു. പി. ഗവർമ്മെൻറിൻെറ ശ്രദ്ധയെ ആകർഷിക്കുന്നതായി അറിയുന്നു. ഇതു നടപ്പിൽവന്നാൽ ആകെ ചിലവു 80 ലക്ഷം രൂപായായിരിക്കും.

* * *

തിരുപ്പൂരിലെ ഒരു പ്രധാന വർത്തകനും മില്ലുടമസ്ഥനുമായ മി. ചിക്കണ്ണചെട്ടിയാർ സ്ഥലത്തെ വിദ്യാഭ്യാസപ്രചാരാർത്ഥം തിരുപ്പൂരു മുൻസിപ്പാലിററിയെ അൻപതിനായിരംരൂപാ ഏല്പിച്ചിരിക്കുന്നു. വ്യവസായസ്ഥാപനങ്ങളുടെ മദ്ധ്യത്തിൽ ഇപ്പോൾ ഉള്ള വിദ്യാലയം മാററി കുറേക്കൂടി ആരോഗ്യകരമായ സ്ഥലത്തേക്കു മാററണമെന്നും പുതുതായി പണിയുന്ന വിദ്യാലയത്തിനു തൻെറ പിതാവായ മരിച്ചുപോയ മി. നഞ്ചപ്പചെട്ടിയാരുടെ പേർ കൊടുത്തിരിക്കണമെന്നും മി. ചിക്കണ്ണചെട്ടിയാർ നിഷ്കർഷിച്ചിട്ടുണ്ടു്.

* * *

തിന്നൽവേലി ബിഷോപ്പായ റൈററ് റവ: വെസ്ററൺ തിരുനൽവേലി മാതൃസംഘംസിക്രട്ടറിയായ മിസ്സ് എം. ജി. ന്യൂ എന്ന മഹിളയെ ഈയിടെ വിവാഹംകഴിച്ചിരിക്കുന്നു. ഇദ്ദേഹത്തിനു ഇപ്പോൾ 52 വയസ്സും, ഭാര്യക്കു 32 വയസ്സും പ്രായമുണ്ടു്. സ്വന്തം ഇടവകയിൽനിന്നു ഒരു ഭാര്യയെ ഒരു ബിഷപ്പ് തിരഞ്ഞെടുക്കുന്നതു ഇൻഡ്യയിൽ ഇദംപ്രഥമമായിട്ടാണെന്നു മദ്രാസ്സ് മെയിൽ പറയുന്നു.

* * *

ഒരു പ്രസിദ്ധസംഗീതതാരമായിരുന്ന പരേതനായ മി. എസ്സ്. ജി. കിട്ടപ്പാ മരിച്ചിട്ടു ഒരുവർഷം തികഞ്ഞ അവസരം റാണിപ്പേട്ടയിൽവച്ചു ഈയിടെ കൊണ്ടാടിയിരിക്കുന്നു. ഇങ്ങിനെയൊരു അവസരം ആഘോഷിക്കപ്പെടുവാൻ പ്രയത്നിച്ചവരിൽ ഒരാൾ മി. ആക്കൂർ അനന്തചാരിയർ ആണു്. പരേതൻെറ ഒരു ചിത്രം ഇവിടെ അനാഛാദനം ചെയ്യുകയുണ്ടായി.

* * *

തിരഞ്ഞെടുപ്പുയാത്രയ്ക്കുശേഷം വായുമുട്ടൽ സുഖക്കേടു ബാധിച്ചിരിക്കുന്ന കാൺഗ്രസ്സ് പ്രസിഡൻറ് രാജേന്ദ്രബാബു ഡിസംബർ 14-ാംതീയതിവരെ പാററ്നായിൽ താമസിക്കുന്നതാണെന്നറിയുന്നു.

* * *

കഴിഞ്ഞ ജൂൺമാസത്തിൽ റംഗൂണിൽവച്ചു ടെൽഫർ എന്നൊരു ആംഗ്ലോഇൻഡ്യനെ സ്കൗട്ട് എന്നൊരു യൂറോപ്യൻ വെടിവച്ചുകൊല്ലുകയുണ്ടായി. ജൂറിമാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം അനുസരിച്ചു കുററക്കാരനെ മരണശിക്ഷയ്ക്കു ഇപ്പോൾ വിധിച്ചിരിക്കുന്നു. ഇൻഡ്യയിൽ ഒരു സായിപ്പിനു മരണശിക്ഷ വിധിയ്ക്കുന്നതു ആദ്യമായിട്ടാണു്.

* * *


മിസ്സസ്സ് കമലാനെഹ്റുവിൻെറ രോഗസ്ഥിതി ഇനിയും കുറഞ്ഞിട്ടില്ലെന്നാണറിയുന്നതു്. അൽമോറായിൽനിന്നു ജവഹരിലാലിനെ ബവാലിയിൽ പത്നിയുടെ സമീപത്തേക്കു അധികാരികൾ കൊണ്ടുപോകുകയും, അദ്ദേഹം ഒരുരാത്രിമുഴുവൻ രോഗിണിയുടെ സമീപത്തു കഴിച്ചുകൂട്ടുകയും ചെയ്തിരിക്കുന്നു. ഭാര്യയെ ബവാലിയിൽനിന്നു ഇനിയും മാററുന്നതിനെപ്പററി ജവഹരിലാലിനു വിപരീതാഭിപ്രായമാണത്രേ ഉള്ളതു്.

* * *

തിരുവിതാംകൂർ ദിവാൻ സർ മുഹമ്മദ് ഹബീബുള്ളാ ഡൽഹിയിൽ പച്ചു് റബർ നിയന്ത്രണപദ്ധതി അനുസരിച്ചു് തിരുവിതാംകൂറിനുള്ള റബർ കോട്ടായെപ്പററി അധികൃതന്മാരോടു് ആലോചന നടത്തുവാൻ ഇടയുള്ളപ്രകാരം അറിയുന്നു.

* * *

കഴിഞ്ഞ ബോംബേ കാൺഗ്രസ്സിൽ ബംഗാളിൽനിന്നു പ്രതിനിധികളായിരുന്ന മി. സീയാമാലാപാലിററും മി. ദീനേശദത്തും സൈക്കിളിൽ ഇൻഡ്യാ സന്ദർശിച്ചുവരുന്നു. മി. പാലിററ് ആഗസ്ററ് 29-ാംതീയതി കൽക്കട്ടായിൽനിന്നു് തിരിക്കയും റാഞ്ചി, നാഗപ്പൂർ, പൂനാ എന്നീ സ്ഥലങ്ങളിൽകൂടി മദ്ധ്യ [illegible] വഴിയായി അക്ടോബർ 8-ാംതീയതി ബോംബെയിൽ എത്തുകയും ചെയ്തു് കാൺഗ്രസ്സ് സമ്മേളനത്തിൽ സംബന്ധിച്ചു കുറച്ചുദിവസങ്ങൾക്കുള്ളിൽ മി. ദത്തനും ബോംബയിൽ എത്തുകയും അക്ടോബർ 30-ാംതീയതി ഇരുവരുംകൂടെ ബോംബെയിൽനിന്നു പുറപ്പെടുകയും ചെയ്തു. ഇൻഡോർ, ആഗ്രാ, ഗ്വാളിയോർ എന്നീ സ്ഥലങ്ങളിൽകടന്നു് ഇവർ സൈക്കിളുകളിൽതന്നെ, ഡൽഹിയിൽ എത്തി. മീററട്, ലക്നൗ, ബെനാറീസ്, പാട്നാ എന്നീ സ്ഥലങ്ങളിൽകൂടി കൽക്കട്ടായിലേക്കു് മടങ്ങുവാനാണു് ഇവർ ഉദ്ദേശിക്കുന്നതു്.



അസംബ്ളി തിരഞ്ഞെടുപ്പിൽ ഡൽഹിയിൽനിന്നും വലിയ ഭൂരിപക്ഷത്തോടെ വിജയിയായ മി. ആസഫ്ആലി ബാർ-അററ്-ലാ.

അസംബ്ളിതിരഞ്ഞെടുപ്പിൽ മദ്രാസ്സിലെ കാൺഗ്രസ്സ്‌വിജയം.




മി. എസ്. സത്യമൂർത്തി.

P. N. A.



മി. സ്വാമിവെങ്കിടാചലം ചെട്ടിയാർ

P. N. A.



ശ്രീയുത് കെ. നാഗേശ്വരറാവു.

കേരളം.

സ്ത്രീകൾക്കു വസ്തുഅവകാശം, വിവാഹം, കുട്ടികളുടെ രക്ഷാകർത്തൃത്വം എന്നീ കാര്യങ്ങളിലുള്ള നിയമപരമായ അവശതകളെ വേഗം ഇല്ലായ്മ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നതിനും ഇപ്പോൾ നിലവിലുള്ള നിയമങ്ങളെ ന്യായവും നീതിയും, ഉള്ളതാക്കത്തക്കവണ്ണം വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും വേണ്ടുവോളം സ്ത്രീകൾ ഉൾപ്പെടെ അനുദ്യോഗസ്ഥഭൂരിപക്ഷത്തോടുകൂടിയുള്ള ഒരു സർവ്വേന്ത്യാ കമ്മീഷൻ ഉടനെ നിയമിക്കണമെന്നു സർവ്വേന്ത്യാ വനിതാസമ്മേളനം അപേക്ഷിക്കുന്നു എന്നുള്ള മി മള്ളൂർ ഗോവിന്ദപ്പിള്ളയുടെ ഒരു പ്രമേയം പ്രസ്തുത സമ്മേളനത്തിൻെറ തിരുവിതാംകൂർ ശാഖയുടെ ആഭിമുഖ്യത്തിലും റാവുബഹദൂർ എ. വെങ്കിട്ടരാമയ്യരുടെ അദ്ധ്യക്ഷതയിലും തിരുവനന്തപുരം വിമൻസുകാളേജിൽ കൂടിയ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

* * * *

തിരുവിതാംകൂറിലെ, "ധർമ്മാശുപത്രി"കളിൽ പ്രധാനപ്പെട്ട എല്ലാ ആസ്പത്രികളിലുംനിന്നു നൽകപ്പെടുന്ന മരുന്നുകൾക്കുമേലാൽമിക്ക്സ്ചർന്നിനു അരുനേരത്തെ മരുന്നിനു—രണ്ടുചക്രംവീതം വില വയ്ക്കണമെന്നും ആശുപത്രികളിലുള്ള പേ വാർഡുകൾക്കുപുറമെ മററു രോഗികൾക്കു കിടക്ക ഒന്നിനു ദിവസമൊന്നുക്കു നാലുചക്രംവീതം ഫീസു ചുമത്തണമെന്നും നിർദ്ദേശിക്കുന്ന ഒരു റിപ്പോർട്ടു തിരുവിതാംകൂർ ഡർബാർഫിസിഷ്യൻ ഗവർമ്മെൻറിൽ സമർപ്പിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ കേവലം നിർദ്ധനരായ രോഗികൾക്കു ധർമ്മമായി ഔഷധം നൽകണമെന്നും, അങ്ങനെയുള്ളവർക്കു ആസ്പത്രിക്കിടക്കയും, സൗജന്യചികിത്സയും അനുവദിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മരുന്നുവില പിരിക്കുന്നതിനും മററുമായി ഓരോ ക്ലാർക്കന്മാരെ നിയമിക്കുന്നതും, രോഗികളുടെ കുചേലകുബേരത്വം അതാതാശുപത്രികളിലെ ഡാക്ടറന്മാർ അവരുടെ വിവേചനാശക്തിയുപയോഗിച്ചു നിർണ്ണയിക്കേണ്ടതുമാണത്രേ.

* * *



മി. കെ. ശ്രീനിവാസൻ ബി. ഏ.
ബാരിസ്റ്റർ അററ്-ലാ.

ഇദ്ദേഹം തിരുവിതാംകൂറിൽ ഈഴവരുടെഇടയിൽനിന്നു ആദ്യമായി ബാരിസ്ററർപരീക്ഷ പാസ്സായിരിക്കുന്ന ഇദ്ദേഹം കൊട്ടാരക്കര പോലീസ്ഇൻസ്പെക്ടർ മി. കെ. എൻ. കേശവൻെറ പുത്രനാണ്. അദ്ദേഹം ലണ്ടനിൽ നിന്നു തിരിച്ചെത്തിയിരിക്കുന്നു.

ഒരു തിരുവിതാംകൂർ വനിതയായ മിസ്സ് അച്ചാമ്മ ഉരുപ്പ് ബി- ഏ- എൽ. ററി-യെ ആലിഗർ മുസ്ലിം വിമൻസുകാളേജിലെ രസതന്ത്രശാസ്ത്രപ്രാസംഗികയായി നിയമിച്ചിരിക്കുന്നു. ശ്രീമതി അച്ചാമ്മ ഹൈക്കോർട്ടുവക്കീൽ മി. ഇ. യു ജേക്കബ്ബിൻെറ സഹോദരിയാണ്

* * *

കറാച്ചിയിൽ നിന്നുമദ്രാസിലേക്കു ഇപ്പോഴുള്ള വിമാനസർവീസിനെ 1935-ൽമദ്രാസിൽനിന്നു കൊളമ്പിലേക്കു നീട്ടുന്നതിനു തീരുമാനിച്ചിരിക്കുന്നു. രണ്ടിൻെറയും മദ്ധ്യേയുള്ള ദൂരം 450 നാഴികയാണ്. 5 മണിക്കൂർകൊണ്ടു ഈ ദൂരം തരണം ചെയ്യുവാൻ സാധിക്കുന്നതാണ്.

* * *

കൊച്ചി ഹാർബർ കാൺഫറൻസു ഡൽഹിയിൽവച്ചു കഴിഞ്ഞ തിങ്കൾ ചൊവ്വാ എന്നീ ആഴ്ചകളിലായി കഴിഞ്ഞുകൂടിയിരിക്കുന്ന അനൗപചാരികമായി നടന്ന ഈ കൂടിയാലോചനയിൽ ഇന്ത്യാഗവർമ്മെൻറിൻെറയും, മദ്രാസുഗവർമ്മെൻറിൻെറയും തിരുവിതാംകൂർ, കൊച്ചി ഡർബാറുകളുടെയും പ്രതിനിധികൾ സംബന്ധിച്ചിരുന്നു. നിശ്ചിതതീരുമാനമൊന്നും ഉണ്ടായിട്ടില്ലെങ്കിലും, അടുത്ത ഡിസംബറിനുമുമ്പു കൊച്ചി ഡർബാർ ഒരു പദ്ധതി തയാറാക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും മററു കക്ഷികൾ അതു അംഗീകരിക്കുന്നപക്ഷം 1935 ആരംഭത്തിൽ ഒരു കാൺഫറൻസുനടത്തി, ഈ വിഷമപ്രശ്നം തീരുമാനിക്കാമെന്നാശിക്കുന്നുഎന്നും ഇൻഡ്യാഗവർമ്മെൻറു കമ്മ്യൂണിക്കിൽ കാണുന്നു. മിക്കവാറും പതിനാറു ശതമാനം തിരുവിതാംകൂറിനും ഇരുപത്തിരണ്ടു ശതമാനം കൊച്ചിക്കും ബാക്കി അറുപത്തിരണ്ടു ഇൻഡ്യാഗവർമ്മെൻറിനും ഇരിക്കത്തക്കവിധം കസ്ററംസ്നികുതി വിഭജിക്കത്തക്കവ്യവസ്ഥയായിരിക്കും ഉണ്ടാകുക ഇനിയത്തെ കാൺഫറൻസു മിക്കവാറും അടുത്ത ഫെബ്രുവരിമാസത്തിൽ ആയിരിക്കാൻ ഇടയുണ്ട്.

* * *

ആലപ്പുഴപട്ടണത്തിൽ അവിടത്തെ മുൻസിപ്പാലിററിയുടെ ആഭിമുഖ്യത്തിൽ ഒരു ശിശുസംരക്ഷണാലയം തുറന്നിരിക്കുന്നു.

* * *

ചക്രവർത്തിതിരുമനസ്സിലെ ഇളയപുത്രനായ ജാർജ്ജുരാജകുമാരനും ശ്രീ സിലെമെരീനാരാജകുമാരിയും തമ്മിൽ ഇക്കഴിഞ്ഞ വ്യാഴാഴ്ച നടന്ന വിവാഹം സംബന്ധിച്ചു ഇൻഡ്യാഗവർമ്മെൻറിൻെറ ആഗ്രഹവും നിർദ്ദേശവും അനുസരിച്ചു തിരുവിതാംകൂറിലെ എല്ലാ ഗവർമ്മെൻറുകെട്ടിടങ്ങളിലും പബ്ലിക്കുആഫീസുകളിലും ഇംഗ്ലീഷുകൊടി ഉയർത്തി ബഹുമാനാദരങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നു.

* * *

മലബാർ മാപ്പിളലഹളസംബന്ധിച്ചു ജയിലിലടയ്ക്കപ്പെട്ട മി. എം. പി നാരായണമേനവൻ 13 സംവത്സരത്തെ ജയിൽവാസത്തിനുശേഷം, ബന്ധനവിമുക്തനായി കഴിഞ്ഞയാഴ്ച മലബാറിൽ എത്തിയപ്പോൾ അദ്ദേഹത്തിനു ഗംഭീരമായ സ്വീകരണങ്ങൾ നൽകിയിരിക്കുന്നു. അധികമാർക്കും ലഭിച്ചിട്ടില്ലാത്തതും, രാജോചിതവും, ആയ സ്വീകരണമാണു അദ്ദേഹത്തിനു നൽകപ്പെട്ടത്. പൊതുജനങ്ങളും കാൺഗ്രസ്സും മുനിസിപ്പാലിററിയും ഹിന്ദപ്രേമീസംഘവും, തൊഴിലാളിയൂണിയനും അദ്ദേഹത്തിനു പ്രത്യേകംപ്രത്യേകം മംഗളപത്രങ്ങളും സമർപ്പിക്കയുണ്ടായി.

* * *



പുതിയ മദ്രാസ്ഗവർണരുടെ പത്നിയായ ലേഡി മാർജോറീ എഴസ്കിൻ.

കഴിഞ്ഞ എസ്. എൻ. ഡി. പി. സമ്മേളനാദ്ധ്യക്ഷന്മാർ



ഇടത്തുനിന്നു വലത്തോട്ട്—മെ. ടി. കെ. നാരായണൻ, പള്ളത്തു രാമൻ, കന്തക്കാരൻരാഘവൻ, എൻ. ആർ. കൃഷ്ണൻ, കെ. അയ്യപ്പൻ, ശ്രീമതി ശാരദാപൊന്നൻ.

Photo by Oommachan, Quilon.

(14-ാംപുറത്തുനിന്നും തുടർച്ച.)

തെ കഴിക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഒന്നു കണ്ടെങ്കിലോ എന്നു ചിലപ്പോൾ ആഗ്രഹിക്കയുംചെയ്തു. ഈ അസ്വാസ്ഥ്യത വീണ്ടും അവരെ തിരുവനന്തപുരത്തേക്കാനയിച്ചു. സുന്ദരേശനെ വീണ്ടും കണ്ടുതുടങ്ങി. ജീവിതം ഒരാനന്ദമാണെന്നും, അവൾ അതിൽകിടന്നു വീണ്ടും മുഴുകുകയാണെന്നും അംബുജത്തിനുതോന്നി അവൾ ചുരുക്കത്തിൽ ഒരു 'ഭ്രാന്തി'യായി. മനോരമയെ ഓർക്കുമ്പോൾ ഉടൻ മാധവൻനായരുടെ അടുക്കലേക്കു തിരിച്ചുപോകണമെന്നു തോന്നും. ഏതായാലും അവൾ അങ്ങനെ തന്നെ നിശ്ചയിച്ചു. മനോരമ അച്ഛന്റെ കൂടെ താമസിച്ചുതന്നെ പഠിക്കട്ടെ എന്നു തീരുമാനിച്ചു. ഇതറിഞ്ഞപ്പോൾ സുന്ദരേശൻപറഞ്ഞു:—"ഭവതി തിരിച്ചുപോയി, വീണ്ടും മിസ്സിസ്സ് മാധവൻനായരായിരിക്കാൻ നിവൃത്തിയില്ല. അതു നിരർത്ഥകമാണു്; മൃഗീയമാണു്; അപരിഷ്കൃതമാണു്! ഇതിൽനിന്നു രക്ഷപ്രാപിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടാക്കണം. എന്തുകൊണ്ടു വിവാഹബന്ധം ഒഴിയാൻപാടില്ല? അതിനു നിയമമുണ്ടല്ലോ. നമുക്കു്, മനോരമയുമൊരുമിച്ചു, ഇവിടെതന്നെ താമസിക്കാം. ശുഷ്കമായ ഭൂതകാലത്തിൽ സാന്ദ്രസരളമായ ഒരു വർത്തമാനകാലത്തെ നമുക്കു കെട്ടിയുയർത്താം."

സുന്ദരേശന്റെ വാക്കുകൾ വിപരീതഫലമാണു ചെയ്തതു്. അംബുജം തിരിച്ചുപോകാൻ ദൃഢനിശ്ചയം ചെയ്തു. കടൽപ്പുറത്തെ കാററാടിമരങ്ങളുടെ ഛായയിൽവച്ചു്, ഏതായാലും അവൾ നിഷിദ്ധസംഗീതം ആസ്വദിച്ചു ആ ഗാനലോലന്റെ കൂടെ ഇനിയും അവൾ കഴിയുകയോ? അതവൾക്കു വയ്യായിരുന്നു. അവൾക്കു പോവുകതന്നെ വേണം വിവാഹബന്ധം ഒഴിയാമെന്നു വയ്ക്കുക—അതു മനോരമയെ വിടാതെ—അവളുടെ ആത്മാംശത്തെ ഉപേക്ഷിക്കാതെ —സാദ്ധ്യമാകുമോ? സുന്ദരേശനു കോപം വന്നു. അദ്ദേഹം അക്ഷമനായി പറഞ്ഞു:-"എന്തൊരു യുക്തിഹീനത! കൊള്ളാവുന്ന ഒരു മനുഷ്യനും, ഒരു സ്ത്രീയിൽനിന്നു് അവളുടെ ശിശുവിനെ അകററാൻ ശ്രമിക്കയില്ല. ഭവതിയുടെ ഭർത്താവു് ഭവതിയെപ്പററി ലേശമെങ്കിലും സ്നേഹമുള്ളവനാണെങ്കിൽ, അതിനെ അകററി ഭവതിയെ വേദനിപ്പിക്കയില്ല. അല്ല; ഇതൊന്നുമല്ല കാര്യം: ബന്ധമൊഴിയാൻ ആവശ്യപ്പെടാൻമാത്രം അനുരാഗം, ഭവതിക്കെന്നിലില്ല. എന്നോടുകൂടിയുള്ള ജീവിതം സുരക്ഷിതമായിരുന്നുകയില്ലെന്നു ഭവതി സന്ദേഹിക്കുന്നു ദാമ്പത്യബന്ധമൊഴിയുന്നതു സംബന്ധിച്ചുണ്ടായേക്കാവുന്ന ദുഷ്കീർത്തികളും, എന്റെ സന്ദിഗ്ദ്ധസമ്പന്നതയും ഭവതിയെ ഭയപ്പെടുത്തുന്നുണ്ടാവും. ഇതിന്റെയെല്ലാം അർത്ഥം, ഭവതിക്കു് എന്നിൽ പ്രേമം—ഇല്ലെന്നുമാത്രം!"

ഒരു മനുഷ്യജീവിയും ഇത്ര വേദന തോന്നിക്കുന്ന വാക്കുകൾ, മറെറാരു ജീവിയോടു പറഞ്ഞിരിക്കയില്ലെന്നു് അംബുജം വിചാരിച്ചു. അവൾക്കു് അദ്ദേഹത്തോടു പ്രേമമില്ലെന്നോ? അവളുടെ ആത്മാവുപോലും ഇതുകേട്ടു കരഞ്ഞുപോയി. ഈ വാക്ശരമേററു് അതു തുളഞ്ഞുപോയി!

അവൾ മാധവൻനായർക്കു് എഴുതിഅയച്ചു:—"പതിനെട്ടു വയസ്സുമുതൽ ഇരുപത്തെട്ടുവയസ്സുവരെ ഞാൻ അങ്ങയോടുകൂടി ഇരുന്നു ഇങ്ങനെ പ്രായമായതു എന്റെകുററമാണോ? ൨൮ വയസ്സായ സ്ത്രീ എങ്ങനെ വീണ്ടും പഴയ പതിനെട്ടുകാരത്തിയാകും? ഒരു പത്തുകൊല്ലംകൂടി കഴിഞ്ഞാൽ എന്റെ യൌവനദശ അവസാനിക്കുമല്ലോ. ആ കാലം എന്റെ ഇഷ്ടംപോലെ വിനിയോഗിക്കാൻ അങ്ങു വിട്ടുതരുമോ?"

മര്യാദയുടെ പ്രതിരൂപമായിരുന്നു മി. നായർ. തന്നോടുകൂടി ജീവിക്കാൻ സാധിക്കാത്ത ഒരുവളെക്കൊണ്ടു് അങ്ങിനെ ചെയ്യിക്കണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമില്ല. എന്നാൽ മനോരമ അദ്ദേഹത്തിന്റെ മകളാണു്. നിയമപ്രകാരം അവളുടെ രക്ഷകർത്താവു് അദ്ദേഹമാകുന്നു. അതിനാൽ അവളെ വിട്ടുകൊടുക്കാൻ നിവൃത്തിയില്ല. ഈ രീതിയിലായിരുന്നു മി. നായരുടെ മറുപടി. പിന്നെയും അവർ തമ്മിൽ പല എഴുത്തുകുത്തുകൾ നടന്നു. ഒടുവിൽ മാധവൻനായർ എഴുതി:—"ഏതായാലും ഈ അസ്ഥിരതയിൽ എനിക്കു സുഖമില്ല. ഭവതി ഒന്നു തീർച്ചപ്പെടുത്തണം. അങ്ങനെ ചെയ്യാതിരുന്നാൽ, ബന്ധവിഘാടനത്തിനു ഞാൻ നിയമസഹായം അന്വേഷിക്കും. അതിൽ ഭവതി കീഴടങ്ങുന്നില്ലെങ്കിൽ, ഭവതി അനുകൂലിച്ചാലും ഇല്ലെങ്കിലും, നാം തമ്മിലുള്ള ബന്ധം ഒഴിക്കുന്നതിനു എനിക്കു കഴിയും. മനോരമയുടെ രക്ഷാകർത്തൃത്വം, അപ്പോൾ എന്നിൽ നിയമാനുസാരം വന്നുചേരുകയും ചെയ്യും."

ഈ പ്രാവശ്യം അംബുജം പരാജയപ്പെട്ടു. അവൾ മകളോടുകൂടി ഉടൻ തിരുവനന്തപുരം വിട്ടു്, മാധവൻനായരുടെ വാസസ്ഥലത്തു ചെന്നുചേർന്നു. അവളുടെ വിവേകം മുഴുവൻ അവളെ ഉപേക്ഷിച്ചിട്ടില്ലെന്നും, ഇതെല്ലാം കണ്ടമാനംനടക്കാൻ താൻ അനുവദിച്ചതുകൊണ്ടു വന്നുകൂടിയതാണെന്നും, മേലാൽ അവൾ എങ്ങും പോകേണ്ടതില്ലെന്നും നായർ അവളോടു പറഞ്ഞു. അദ്ദേഹം അവളെ ജയിച്ചു കീഴടക്കി. അന്നുമുതൽ അദ്ദേഹം അംബുജത്തിന്റെ ഭർത്താവു്—ഭരിക്കുന്നവൻ ആയി. അവളാകട്ടെ, നിഷേധസ്വരം പുറപ്പെടുവിക്കാൻ സാധിക്കാതെ തോററു നിലത്തോളം താഴ്ന്നു് പഴയ ജീവിതഭാരം വീണ്ടും പേറി.

എന്നാൽഇതിന്റെ അതിർത്തി അവൾ കണ്ടിരുന്നു. എട്ടു കൊല്ലംകൂടി കഴിഞ്ഞാൽ മനോരമ മേജറാകും. അതുവരെ ക്ഷമിക്കാൻതന്നെ അവൾ തീർച്ചപ്പെടുത്തി. അങ്ങനെയിരിക്കുമ്പോൾ സുന്ദരേശന്റെ ഒരെഴുത്തു് അവൾക്കു കിട്ടി:—"ഭവതി എന്നെ പരമാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടെങ്കിൽ പോംവഴിയുണ്ടു്. മനോരമയെ കൂടെക്കൂടെ കാണത്തക്കവണ്ണം എന്തെങ്കിലും വ്യവസ്ഥ ചെയ്തു്, ഒഴിയാമല്ലോ. അതിനെ തടസ്സപ്പെടുത്താൻമാത്രം കർക്കശമല്ല നിയമമെന്നു് എനിക്കറിയാം."

ഇതുവായിച്ചിട്ടും, സുന്ദരേശൻ ബുദ്ധിമാനാണെന്നു് വൃഥാപറകയാണെന്നായിരുന്നു അംബുജത്തിനു തോന്നിയതു്. അദ്ദേഹത്തിനു ഒന്നും അറിഞ്ഞുകൂട. അദ്ദേഹത്തിനുവേണ്ടി തന്റെ ജീവിതം സമർപ്പിക്കാം; എന്നാൽ, മനോരമയെ ത്യജിക്കുക സാദ്ധ്യമാണോ? അദ്ദേഹം ഒരുപുരുഷനായതുകൊണ്ടു് ഇതു അറിഞ്ഞുകൂടായിരിക്കും. ഒരു സ്ത്രീയെപ്പോലെ, നിസ്സ്വാർത്ഥമായി സ്നേഹിക്കുന്നതിനു ഒരു പുരുഷൻ പ്രാപ്തനല്ല. അവളെപ്പോലെ, അദ്ദേഹത്തിനും നിഷ്കളങ്കപ്രണയമാണുള്ളതെങ്കിൽ, എന്തുകൊണ്ടു അവൾ സ്വതന്ത്രയാകുന്നതുവരെ അദ്ദേഹത്തിനു കാത്തിരുന്നുകൂട? ഇങ്ങനെയെല്ലാമായിരുന്നു അവളുടെ ചിന്താഗതി. അദ്ദേഹംകാത്തിരിക്കയില്ലെന്നും അവൾക്കു തോന്നി. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ പ്രേമത്തിനുവേണ്ടി, മനോരമയെ ഉപേക്ഷിക്കാൻ അവൾ സന്നദ്ധയായില്ലല്ലോ.

അംബുജം പ്രതീക്ഷിച്ചതുപോലെതന്നെ സംഭവിച്ചു. സുന്ദരേശൻ, അദ്ദേഹത്തിന്റെ സുകുമാരകലാപ്രാവീണ്യത്താൽ ദൈനംദിനം പ്രശസ്തനായിത്തീർന്നു. അദ്ദേഹം രൂപവൽക്കരിച്ച ദേശീയനാടകസംഘത്തിലെ സ്ത്രീപാർട്ടുകാരിയായിരുന്ന ഒരു തരുണീമണിയെ അദ്ദേഹം അധികം താമസിയാതെ വിവാഹംചെയ്തു.

* * * *

കാററാടിമരങ്ങളുടെ നിഴലിൽവച്ചു് അംബുജം ആ നിഷിദ്ധസംഗീതമാസ്വദിച്ചിട്ടു അഞ്ചുകൊല്ലത്തോളമായി. നായകൻ അതു മറന്നിരിക്കാം. അവളുടെ അന്തരിന്ദ്രിയങ്ങളിൽ ഒരു വേദനയെ അവശേഷിപ്പിച്ചിട്ടു്, അയാൾ കടന്നുകളഞ്ഞു. അതും അവളെ മാധവൻനായരിൽനിന്നു കൂടുതൽഅകററാനാണു് ഇടയാക്കിയതു്. മനോരമയെ വിട്ടുകൊടുക്കാതെ, അവളെ അസ്വതന്ത്രയാക്കിവച്ചതു് അദ്ദേഹമാണല്ലോ. അവൾക്കു പ്രേമം ഒരു സ്വപ്നം; അതിൽനിന്നു അവൾ അതീതയായി; അല്ലെങ്കിൽ ഒരുമായ — അതു മറഞ്ഞതിൽ അവൾ പശ്ചാത്തപിക്കുന്നതെന്തിനു്? അവൾക്കു എല്ലാററിനും മനോരമയുണ്ടു്. മനോഹരവും ഉജ്ജ്വലവുമായ ആ നക്ഷത്രം, അവളെ പ്രസന്നയാക്കി. അവിദൂരാഗതമാകുന്ന സ്വാതന്ത്ര്യത്തെപ്പററി ചിന്തിച്ചു അവൾ ആശ്വസിച്ചു. മനോരമയുടെ സാമീപ്യമുണ്ടെങ്കിൽ പിന്നെ അവൾക്കെന്തുവേണം? ഒരു ചെറിയ വീടുവേണം, ശാന്തമായി താമസിക്കാൻ സഹവസിക്കാൻ പുസ്തകങ്ങൾ വേണം. ബന്ധുജനങ്ങൾ കൂടക്കൂടെ അവളെ വന്നുസന്ദർശിച്ചാൽ കൊള്ളാം. ആ കാലത്തിലേക്കു് എത്തിനോക്കുകയായിരുന്നു എപ്പോഴും അവളുടെ മനസ്സിന്റെജോലി. മാധവൻനായരുമായി അവൾക്കൊരു വഴക്കമില്ല. അവരുടെ ശണ്ഠ, പരസ്പരമുള്ള ഒരനാസ്ഥയായി പരിണമിച്ചു എന്നേയുള്ളൂ. അവർ ഒരിക്കലും പിരിഞ്ഞിരുന്നില്ല. എന്തുകൊണ്ടെന്നാൽ, മനോരമയ്ക്കു ഒരച്ഛനും അമ്മയും ആവശ്യമായിരുന്നു. മററുകുട്ടികളെപ്പോലെ, ഒരു വീടും മാതാപിതാക്കന്മാരും അവൾക്കും വേണമല്ലോ.

മാധവൻനായർ ഈ സന്ദർഭത്തിൽ ഒരു രസികൻ കെട്ടിടം പണികഴിപ്പിച്ചു. നായരുടെ വ്യവസായം, അദ്ദേഹത്തെ സമ്പന്നനാക്കി. വ്യവസായശാലയിൽ പോകുന്നതിനു അദ്ദേഹം ഒരു പുതിയ കാർവാങ്ങ

കയും, ഒരു ഡ്രൈവറെ നിയമിക്കയും ചെയ്തു കെട്ടിടത്തിനു പിമ്പിലുള്ള പൂവാടി അംബുജത്തിന്റെ പ്രത്യേകമേൽനോട്ടത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു. അതിൽ ഒരിടത്തു അവൾ ഏതാനും കാററാടിമരങ്ങൾ വച്ചു പിടിപ്പിക്കയും, അവയുടെ തണലിൽ വെണ്ണക്കല്ലുകളാൽ ഇരിപ്പിടങ്ങൾ പണിയിച്ചതുകൂടാതെ, അവയുടെ മദ്ധ്യത്തിലായി മുരളീധരനായ ബാലഗോപാലകൃഷ്ണന്റെ ഒരു മാർബിൾപ്രതിമ ഉണ്ടാക്കിച്ചുവയ്ക്കുകയും ചെയ്തു. അവിടെ ചെല്ലുമ്പോളുണ്ടാകുന്ന പൂർവ്വചരിത്രസ്മരണയിലെ രംഗങ്ങളെ കാലക്രമേണ അവൾ അവഗണിച്ചു. ആ തരുമൂലങ്ങളിലെ വിചിത്രപ്പണികളുടെ സ്വാഭാവികഭംഗിയാസ്വദിപ്പാൻമാത്രമാണു്, ഇപ്പോൾ അവൾഅവിടം സന്ദർശിക്കുന്നതു്

മനോരമയ്ക്കു വയസ്സു പതിനാറായി; പതിനേഴായി. തന്റെ ജീവിതം പാഴാക്കിയതിനും സുന്ദരേശനെ നഷ്ടപ്പെടുത്തിയതിനും മാധവൻനായരോടു പ്രതികാരംചെയ്വാനുള്ള അവസരം അടുത്തുവരുന്തോറും അംബുജത്തിന്റെ ഹൃദയം അതീവ സംതൃപ്തമായി പ്രണയപ്രതീകാരത്തിന്റെ പൈശാചികത! മനോരമയ്ക്കു 18-വയസ്സായാൽ അവളോടു തന്റെ നൈരാശ്യവും കഷ്ടതകളും ആത്മത്യാഗകഥകളും പറഞ്ഞുകേൾപ്പിക്കണം; അന്നവൾക്കു മനസ്സിലാകും. അമ്മ തനിക്കുവേണ്ടി എന്തെല്ലാമാണു സഹിച്ചതെന്നു് അവൾ അറിയും തൽഫലമായി, തന്നോടു കൂടുതൽ സ്നേഹം അവൾക്കുദിക്കും—ഇത്തരം വിചാരധാരകളിൽ മുഴുകി, ഒരുകൊല്ലംകഴിഞ്ഞതു് അംബുജം അറിഞ്ഞില്ല.

മനോരമയുടെ 18-ാമത്തെ പുറന്നാൾ ക്ഷേമമായി കൊണ്ടാടി. വൈകുന്നേരത്തെ വിരുന്നിനും, പാട്ടുകച്ചേരിക്കും, മററു വിനോദങ്ങൾക്കുമായി അവരുടെ ബന്ധുജനങ്ങളെഎല്ലാം ക്ഷണിച്ചിരുന്നു. മനോരമയുടെകൂടെ പഠിക്കുന്ന അവളുടെ സഖികളേയും ഇതിൽനിന്നൊഴിവാക്കിയില്ല അവൾ ഒരു ഖദർ പട്ടുസാരിയുടുത്തു്, പുഷ്പമുദ്രകളുള്ള നീലവർണ്ണജാക്കററുമണിഞ്ഞു്, വിശിഷ്ടാഭരണങ്ങളുംധരിച്ചു് ഒരു ചിത്രശലഭത്തെപ്പോലെഅവരുടെഇടയിൽ ഓടിനടന്നു് അവരെ ആനന്ദസാഗരമഗ്നരാക്കി. അച്ഛനും അമ്മയും അന്നു മകളെനോക്കി ആനന്ദബാഷ്പം പൊഴിച്ചു. അതിഥികൾപോയഉടനെ, രാത്രി അധികമായതിനാൽ, ഉറക്കമിളയ്ക്കുകശീലമില്ലാത്ത ഗൃഹനായകൻ, മുകളിൽ തന്റെ മുറിയിൽപോയി കിടന്നു. അമ്മയും മകളും താഴെ വരാന്തയിലിരുന്നു ഓരോ വർത്തമാനങ്ങൾ പറഞ്ഞുരസിച്ചു. ഈ നേരമത്രയും, അംബുജം തനിക്കു മകളോടു പറയാനുള്ളതു എങ്ങനെ പറയേണ്ടുവെന്നാലോചിക്കയായിരുന്നു. ഒടുവിൽ അവളുടെ കൈ കടന്നുപിടിച്ചിട്ടു അംബുജം ആരംഭിച്ചു:—"ഓമനേ, ഈ സന്ദർഭത്തിനുവേണ്ടി ഞാൻ വളരെനാൾ കാത്തിരുന്നു- നിനക്കു പ്രായമാകാൻവേണ്ടി ഈ കാലമത്രയും വളരെ സങ്കടങ്ങളനുഭവിച്ചാണു് ഞാൻ കഴിഞ്ഞുകൂടിയതു്. നിന്റെ പ്രായത്തിലാണു എന്നെ നിന്റെ അച്ഛൻ വിവാഹം ചെയ്തതു് "

മനോ: – "ഇപ്പോഴത്തെ തലമുറക്കാരെപ്പോലെ ഒന്നുംപറയാൻ ഭാവിക്കയല്ലല്ലോ അമ്മ. അച്ഛന്റേയും അമ്മയുടേയും പ്രായത്തിലുള്ളവർക്കു സ്ഥിരതയുണ്ടെന്നാണു് എന്റെ വിശ്വാസം".

അംബു:—"എന്റെ കുഞ്ഞേ, നിന്റെ രക്ഷാകർത്തൃത്വത്തെപ്പററിയായിരുന്നു ഞങ്ങൾക്കു തർക്കം. മനസ്സിലാകുന്നുണ്ടോ? അതിനാൽ നീ പ്രായമാകാൻ ഞാൻ കാത്തിരുന്നു. ഇന്നുരാത്രി നിനക്കു പ്രായപൂർത്തിവന്നിരിക്കുന്നു".

മനോരമ ആശ്ചര്യസമേതം ചോദിച്ചു:- "അമ്മ എന്താണുപറയുന്നതു്? എനിക്കുവേണ്ടിയല്ലായിരുന്നെങ്കിൽ, അച്ഛനെ അമ്മ വിട്ടുപിരിയുമായിരുന്നുവെന്നോ?" അംബുജം തലകുലുക്കി. "അതേ, നീയിപ്പോൾ ഒരു കൊച്ചുകുഞ്ഞല്ലാത്തതുകൊണ്ടു്, ഞാൻ സ്വതന്ത്രയായിരിക്കുന്നു. മനോരമേ, ഇപ്പോൾ എന്തൊരാശ്വാസമാണു് എനിക്കു ലഭിച്ചിട്ടുള്ളതെന്നു നിനക്കറിഞ്ഞുകൂടാ". അംബുജത്തിനു മകൾ അവളെ കെട്ടിപ്പിടിക്കണമെന്നുണ്ടായിരുന്നു; എന്നാൽ മനോരമ ചാടിയെഴുന്നേററു്, ഭിത്തിയിൽ ചാരിനിന്നുകൊണ്ടു്, അമ്മയുടെനേരെ അവിശ്വാസത്തോടെ സൂക്ഷിച്ചുനോക്കി.

"അമ്മേ, പക്ഷേ, ഇതു ഭയാനകമായിരിക്കുന്നു! അമ്മയുടെ പ്രായത്തിൽ—ഇത്രയും കൊല്ലങ്ങൾക്കുശേഷം—അച്ഛനെ പരിയാൻ ആവശ്യപ്പെടുന്നു! അച്ഛൻ ഒരു ദേവൻ; അദ്ദേഹം അമ്മയെ ആരാധിക്കുന്നു!'

അംബുജം നൈരാശ്യത്തോടെ ചിരിച്ചു "മകളേ, കുട്ടികളുടെമുമ്പിൽ മാതാപിതാക്കന്മാർ 'കള്ളി'കളൊന്നും പ്രകാശിപ്പിക്കാൻ പാടില്ല. അദ്ദേഹവും എന്നെപ്പോലെതന്നെ സങ്കടപ്പെട്ടാണു കഴിഞ്ഞുകൂടിയതു്. പക്ഷേ, ഇത്ര കഠിനമായ രീതിയിലല്ലായിരിക്കാം."

"അമ്മ അതു കഠിനമാക്കാൻ ഉദ്ദേശിക്കുന്നുവല്ലോ? ലജ്ജാവഹം! പൈശാചികം! അമ്മയ്ക്കു ഭ്രാന്താണമ്മേ. ആളുകൾ എന്തു പറയും? നിങ്ങൾ വൃദ്ധന്മാരായതുപോലെ- നിന്ദ്യം! മൂഢീയം—" ഇത്രയും പറഞ്ഞു്, ആ ചിത്രശലഭം, ഉദ്യാനത്തിലെ നക്ഷത്രപ്രകാശത്തിലേക്കു് ഓടിക്കളഞ്ഞു.

* * *

ചിന്തകളെ ക്രമീകരിക്കാൻ ധൈര്യപ്പെടാതെ, ഒരു പ്രതിമപോലെ, അംബുജം അവിടെത്തന്നെയിരുന്നു. കുറച്ചുകഴിഞ്ഞു മാധവൻനായർ താഴത്തിറങ്ങിവന്നു്, മനോരമ തോട്ടത്തിൽനിന്നു വന്നോ എന്നു ചോദിച്ചു. അവൾ പോയതു അദ്ദേഹം കണ്ടിരുന്നു

അംബു:—"ഇല്ല".

മാധ: – "കൊള്ളാം. ഈ മഞ്ഞത്തു പുറത്തു ചുററിനടന്നാൽ അവൾക്കു പനിപിടിക്കും".

അംബു: "അവൾക്കു സ്വല്പം കാററു കൊള്ളണമെന്നുപറഞ്ഞാണു പോയതു്. ഇപ്പോൾ വിളിച്ചുകൊണ്ടുവരാം". അതിനുശേഷം അംബുജം തുടർന്നുപറഞ്ഞു:— "ആകപ്പാടെ വിരുന്നു ഭംഗിയായി. ഇല്ലേ?" ഈ ചോദ്യം വളരെ വിഷമിച്ചാണു അവൾ ചോദിച്ചതു്. മാധവൻനായർ പ്രസന്നവദനനായി പറഞ്ഞു: "വളരെ വളരെ. മനോരമയ്ക്കു പതിനെട്ടുവയസ്സ്. അതിനെപ്പററി ആലോചിക്കുക". പിതൃസഹജമായ അഭിമാനത്തോടെയാണു്, നായർ ഇതു പറഞ്ഞതു്. "നമ്മൾ ആദ്യം കണ്ടുമുട്ടിയപ്പോൾ എനിക്കും പതിനെട്ടുവയസ്സേ ഉണ്ടായിരുന്നുള്ളു" എന്നു അംബുജം പതുക്കെ പറഞ്ഞു

(ശേഷം 18-ാംപുറം)

പൂതനയും ശ്രീകൃഷ്ണനും.



കൃഷ്ണനെ വധിക്കുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനുശേഷം, കംസൻ പൂതനയെ കൃഷ്ണന്റെ അടുക്കലേക്കയയ്ക്കുന്നു. എന്നാൽ കൃഷ്ണൻ പൂതനയുടെ ജീവൻ തന്നെ നശിപ്പിക്കുന്നു. (ജെ പി സി റിപ്പോർട്ടിനെ പൂതനയായും ഇൻഡ്യൻ ദേശീയത്വത്തെ ശ്രീകൃഷ്ണനായും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു.)

Hindustan Times

ബുദ്ധമതതത്വങ്ങൾ.

കെ. പി. ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി.

അഞ്ചാം അദ്ധ്യായം.

രാജാവും ഭിക്ഷുവും.

ധാരാളംവളൎന്നു ചുരുണ്ടു. ഇരുണ്ടുകിടന്ന തലമുടിയെല്ലാം വെട്ടിക്കളഞ്ഞു, വളരെ വിലപിടിച്ച പട്ടുവസ്ത്രങ്ങൾഇട്ടിരുന്ന തന്റെ ദേഹത്തിൽ, കേവലം മണ്ണിന്റെ നിറമുള്ള മരവിരിഇട്ടുമൂടി, യാചനാൎത്ഥം കയ്യിൽ ഒരു മൺചട്ടിയുംഎടുത്തു് സിദ്ധാർത്ഥൻ പുറപ്പെടുവാൻ തയാറായി. അതിനുമുമ്പു് "പുത്രൻ ലൗകികജീവിതംവിട്ടുപോയി" എന്നുള്ള വൎത്തമാനം സമയംനോക്കി മഹാരാജാവിനെ അറിയിക്കുവാനായി, സാരഥി ഛന്നനെ പറഞ്ഞയച്ചു. സൎവ്വലോകനിയന്താവായ ജഗദീശനെ മനസ്സിൽ ധ്യാനിച്ചു് പതുക്കെ നടക്കുവാൻ തുടങ്ങി.

ആകൃതിയിൽ കേവലം ഒരു ഭിക്ഷുവിനെപ്പോലെ ഇരുന്നു എങ്കിലും, മുഖത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന തേജസ്സും, ശാന്തതയുംകണ്ടു് വഴിപോക്കരെല്ലാം അത്ഭുതപ്പെടുകയും "ഈ മഹാൻ ആരാണു" എന്നു മനസ്സിൽ വിചാരിച്ചു തിരിഞ്ഞുതിരിഞ്ഞു നോക്കിക്കൊണ്ടു പോകയും ചെയ്തു. മററു ചിലർ താഴ്ന്നു കുമ്പിട്ടു് "സ്വാമിൻ, അങ്ങു് ആരാണു്? എവിടെ പോകുന്നു" എന്നു ചോദിച്ചു. പക്ഷെ ഒന്നിനും മറുപടിപറയാതെയും ഇതൊന്നും കണ്ടതായോ കേട്ടതായോ ഭാവംകൂടിഇല്ലാതെയും സിദ്ധാൎത്ഥൻ നടന്നുകൊണ്ടിരുന്നു.

അധികം ദൂരമില്ലാത്ത "രാജഗൃഹം"എന്ന പട്ടണത്തിൽ സിദ്ധാർത്ഥൻ വന്നുചേൎന്നു. ദിനംപ്രതി ഓരോ വീടുകൾതോറും പോയി യാചിച്ചു്, കിട്ടുന്നതുവാങ്ങിക്കൊണ്ടും ഇരുന്നു പക്ഷെ ഇദ്ദേഹം എവിടെ പോയാലും അവിടെയുള്ള സാമാനങ്ങളിൽ എന്തും കൊടുക്കുവാൻ, ജനങ്ങൾ തയ്യാറായിരുന്നു. കണ്ടഉടനെ അനേകംപേർ സാഷ്ടാംഗം നമസ്കരിച്ചും വന്നു.

"എന്റെ ഭവനം പൂജ്യമായി—ഇതു് കേവലം ഒരു അവതാരപുരുഷൻതന്നെ. ഇദ്ദേഹം മനുഷ്യനല്ല" എന്നുംമററും പറഞ്ഞുകൊണ്ടു് ഈ നഗരത്തിലുള്ള അനവധിജനങ്ങൾ ഇദ്ദേഹത്തെ അനുഗമിക്കുവാൻ തുടങ്ങി. ആകപ്പാടെ രാജധാനിയിൽ വലുതായ ഒരു ക്ഷോഭം ഉണ്ടായി. എവിടെനോക്കിയാലും ജനങ്ങൾ കൂട്ടംകൂട്ടമായിനിന്നു്, ഇദ്ദേഹത്തെപ്പററിയുള്ള വൎത്തമാനമേഉള്ളു. ദൂരെ കാണുന്നമാത്രയിൽതന്നെ ജനങ്ങൾ ഇദ്ദേഹത്തെ സ്തുതിച്ചു് പാടുവാനും, നമസ്കരിക്കുവാനും തുടങ്ങി. അനേകം തൊഴിൽ മുടങ്ങി. ഈ സംഗതികളും നഗരത്തിൽ ഉണ്ടായിട്ടുള്ള ബഹളവുംമററും കണ്ടുംകേട്ടുംകയായി, രാജാവായ "ബിംബിസാരൻ" അറിഞ്ഞു. ഈ "പരദേശി" ആരെന്നും അയാളുടെനടപടിയെന്തെന്നും, എന്തിനായി ഇവിടെ വന്നിരിക്കുന്നു എന്നുംമററും അറിഞ്ഞുവരുവാനായി മഹാരാജാവു ചില പ്രത്യേകദൂതരെ നിയമിച്ചു.

ഈ ദൂതന്മാർപോയി അദ്ദേഹത്തെകണ്ടു നമസ്കരിച്ചു്, കാൎയ്യങ്ങളെല്ലാംഅന്വേഷിച്ചു മനസ്സിലാക്കിതിരിച്ചുവന്നു്, "ഇദ്ദേഹം ഒരു ശാക്യമുനിതന്നെ, ഭിക്ഷയെടുത്തുകിട്ടുന്ന ഭക്ഷണസാധനങ്ങൾ, വനാന്തരത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയുടെ കരയിൽ ഇരുന്നു്, ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. കാലദേശാവസ്ഥകളാൽ ഒരു മാററവും ഇല്ലാതെ സദാ സ്ഥിരമനസ്സോടും, ദീർഘാലോചനയോടും ഇഹലോകത്തെ ത്യജിച്ചവനേപ്പോലെ, ഇരുന്നുവരുന്നു എന്തോ ചില അത്ഭുതങ്ങൾ ഇദ്ദേഹത്തിൽഅന്തർഭവിച്ചിട്ടുണ്ടു് എന്നും മററും രാജാവിനെ അറിയിച്ചു.

ഇതെല്ലാംകേട്ടു ആശ്ചൎയ്യപ്പെട്ടു ഈ മഹാനെ ഉടനെപോയി കാണണമെന്നു് ബിംബിസാരമഹാരാജാവു തീർച്ചയാക്കി. മന്ത്രിവൎയ്യന്മാരെ ഉടൻ ആളയച്ചുവരുത്തി. വിവരങ്ങൾ അവരോടു പറഞ്ഞു. രത്നഖചിതമായ തന്റെ കിരീടവുംധരിച്ചു്, മററു രാജചിഹ്നങ്ങളോടു, മന്ത്രിമാരോടും സന്നാഹങ്ങളോടുംകൂടി പുറപ്പെട്ടു. രഥം വേഗം പോയിട്ടും, രാജാവിനു വളരെ താമസം വരുന്നതുപോലെ തോന്നി. സാരഥിയോടുവേഗംകൂട്ടുവാൻ ആജ്ഞാപിച്ചു. നഗരിയിലെ അനേകവീഥികളുംചുററി, നഗരംവിട്ടു് പുറത്തിറങ്ങി കുഗ്രാമങ്ങൾവഴിയായി അതിവേഗം വനാന്തരത്തിലേയ്ക്കു രഥം പോകുന്നതുകണ്ടു്, ജനങ്ങൾ അത്ഭുതപ്പെട്ടു. കുറച്ചുദൂരെ ഒരു തേജസ്സുകണ്ടഉടനെ രഥം നിൎത്തുവാൻ ആജ്ഞാപിച്ചു്, മഹാരാജാവു് താഴെ ഇറങ്ങി, വിനീതനായി മന്ത്രിമാരോരോടുംകൂടി പതുക്കെ നടന്നുതുടങ്ങി.

വലിയ ഒരു മരത്തിന്റെ നിഴലിൽ കാരുണ്യദൃഷ്ടിയോടും, ബകധ്യാനത്തോടും, അല്പാഹാരം, ജീൎണ്ണവസ്ത്രം എന്നിവകളോടുംകൂടി, ഏററവും നിശ്ചലനായി വലത്തുകയ്യിൽഒരു കമണ്ഡലുവോടുംകൂടി ഇരിക്കുന്ന ഈ പാവനപുരുഷനെ കണ്ടഉടനെ, ബിംബിസാരൻ സാഷ്ടാംഗം നമസ്കരിച്ചു. എണീററു് സഗൽഗദം താഴെപ്പറയുന്നതുപോലെഈ ഭിക്ഷുവിനോടു പറയുവാൻ തുടങ്ങി "അല്ലയോ ശ്രമണമഹാമുനേ! ചെങ്കോൽവച്ചുകൊണ്ടിരിക്കുന്നകയ്യിൽ അവിടുന്നു പിച്ചഎടുക്കുവാനുള്ള പട്ടിവന്നിരിക്കുന്നുവല്ലോ ഈ നവയൌവനത്തിൽ ഈ സ്ഥിതി അവലംബിച്ചതു് എത്ര കഷ്ടമായിപ്പോയി. ഒരു മഹാരാജകുടുംബത്തിലുള്ളവനാണു അവിടുന്നു്, എന്നതിൽ യാതൊരു സംശയവുമില്ല. തല്ക്കാലം എന്റെ രാജ്യത്തിൽവന്നുചേൎന്നിരിക്കുന്നതിനാൽ എന്നോടുകൂടി രാജ്യഭാരം ചെയ്യുകയാണെങ്കിൽ ഞാൻ കൃതാൎത്ഥനായി. ധനസമ്പത്തും രാജ്യസമ്പത്തും ചേരേണ്ട പ്രായമല്ലേ. മോക്ഷമാൎഗ്ഗസമ്പത്തിനെ അന്വേഷിക്കേണ്ടപ്രായം വന്നിട്ടില്ലല്ലൊ. അഥവാ, ഈ മൂന്നുസമ്പത്തുകളേയും ഒന്നായി സ്വീകരിച്ചു അനുഭവിക്കാനും അവിടുത്തേയ്ക്കു പ്രയാസമുണ്ടോ. അങ്ങനെ ചെയ്യുകയല്ലേവേണ്ടതു്."

നിഷ്ഠയിലിരുന്ന മഹാത്മാ, ഈ വാക്കുകൾകേട്ടു കണ്ണുതുറന്നു്, സൂക്ഷിച്ചു കുറേനേരം നോക്കി. അതിനുശേഷം "ഹേ, രാജൻ, ധൎമ്മത്തിലും, ന്യായത്തിലും നീ, അഭിരുചിയുള്ളവനെന്നു് എനിക്കറിയാം. ധനസമ്പത്തു ധൎമ്മത്തോടുചേൎന്നു അനുഭവിച്ചുവരുന്നതു്, രാജാക്കന്മാരുടെ മുറയാണു. നീ അതു ശരിയായി നടത്തിവരുന്നു ധൎമ്മം ഇല്ലാതെ കേവലം ധനംശേഖരിച്ചു, കുബേരസമാനനാകുന്നതിൽ ഒരു പ്രയോജനവും ഇല്ലെന്നു നിനക്കു നന്നായി അറിയാം. ധനം, ചിന്നിച്ചിതറിപ്പോകുന്ന വസ്തുതന്നേ എങ്കിലും ശരിയായ ധൎമ്മത്തോടുകൂടി വിനിയോഗിച്ചാൽ, അതിന്റെ ഉടമസ്ഥനു സന്തോഷത്തേയും സമാധാനത്തേയും ഉണ്ടാക്കുന്നു. ഇതെല്ലാം അറിഞ്ഞിരുന്നും, മോക്ഷമാൎഗ്ഗത്തെ തേടുവാനായിമാത്രം, ഞാൻ ഈ ബന്ധങ്ങളിൽനിന്നും വിമുക്തനായി. ഇനി ലൌകികവ്യവഹാരങ്ങൾ എന്നാൽ സാദ്ധ്യമല്ല നിൎവ്വാണത്തെ ആരാഞ്ഞു് പുറപ്പെട്ടിരിക്കുന്ന എനിയ്ക്കു് ത്യാഗം അത്യാവശ്യമാണു്. ധനം, പൌരുഷം,



ഡാക്ടർ കസിൻസിന്റെ അദ്ധ്യക്ഷതയിൽ ഈയിടെ തിരുവനന്തപുരത്തു കൂടിയ ജീവകാരുണ്യസമ്മേളനം.

(Photo, Raman Pillai & Bros.)



നിയമസഭാ വോട്ടിംഗ്സംബന്ധിച്ച ബാംബെ ഗ്രാൻറുറോഡിൽ മുസഫർബാഗ് പോളിംഗ്സ്റ്റേഷനിൽ പോളിംഗ് തുടങ്ങിയപ്പോൾതന്നെ ഉണ്ടായിരുന്ന വോട്ടറന്മാരുടെ തിക്കുംതിരക്കും. U. P. S.

മദം, മാത്സര്യം—എന്നിവകൾ ഞാൻ ആരാഞ്ഞുകൊണ്ടിരിക്കുന്ന മാൎഗ്ഗത്തിന്ന പ്രതിബന്ധങ്ങളാണ്. വലയിൽ കടുങ്ങിയെങ്കിലും രക്ഷപെട്ട് പറന്നു വെളിയിൽ പോയ പക്ഷി, വീണ്ടും വലയിൽ വീഴുവാൻ താല്പൎയ്യപ്പെടുമോ? ചൂണ്ടയിൽ കോത്തിരുന്ന കീടം വലിയ മത്സ്യത്തെ പിടിക്കുവാൻ ഇടയാക്കി എങ്കിലും വീണ്ടും ആ ചൂണ്ടയിൽ ചേരുവാൻ ആഗ്രഹിക്കുമോ? രാജപദവിയുടെ ആരംഭത്തിൽതന്നെ അവയെല്ലാം വിട്ടു പുറപ്പെട്ട ഞാൻ ഇനിമേലും അവയോടു ചേരുവാൻ ആഗ്രഹിക്കുമോ? ഒരുകാലത്തും ഇല്ലാ" — എന്നുപറഞ്ഞു.

ഇതെല്ലാം കേട്ട ഒരു മറുപടിയും പറയാതെ ബിംബിസാരൻ സ്തംഭിച്ചു നില്ക്കുന്നതു കണ്ടു, മുനീശ്വരൻ വീണ്ടും താഴെപറയുന്ന വിധം അദ്ദേഹത്തോടു ചോദിക്കുവാൻ തുടങ്ങി. "കയ്യിൽവച്ചിരുന്ന പന്തംകൊണ്ടു കൈപൊള്ളി അതിനെ താഴെ ഇട്ടവൻ വീണ്ടും അതു എടുക്കുമോ. സൎപ്പത്തിന്റെ വായിൽനിന്നും ഓടിരക്ഷപ്പെട്ട, തവള, വീണ്ടും അങ്ങോട്ടുതന്നെ പോകുമോ. അതിയായ ദാഹംതീൎക്കുവാൻ വെള്ളം ആവശ്യപ്പെടുന്നവനു, ഉപ്പുകൊടുത്താൽ എന്താണു ഫലം. ബലമായി എരിഞ്ഞുകൊണ്ടിരിക്കുന്ന തീ അണയ്ക്കുവാൻ, അതിൽ എണ്ണ ഒഴിയ്ക്കുകയാണോ വേണ്ടതു്?" എന്നോ നോക്കി, നീ വ്യസനിക്കേണ്ടാ. രാജ്യം, ധനം, ഇവയെല്ലാം വച്ചുകൊണ്ടിരിക്കുന്നവരോടു് അനുതപിക്കുക. ഇതെല്ലാം എന്നെ വിട്ടുപോകുമല്ലോ എന്നുള്ള ഭയം എനിക്കു ഇല്ലതന്നെ രാജാക്കന്മെക്കൊ—ഈ വിചാരവും ദുഃഖവും ഒരിക്കലും ഇല്ലാതിരിക്കുകയുമില്ലാ. നീ മരിക്കുമ്പോൾ നവരത്നഖചിതമായ കിരീടമൊ, ധനമൊ, രാജ്യമോ, നിന്റെ കൂടെ വരുമോ. മരിച്ചുകിടക്കുന്ന ഒരു രാജാവിനും അനാഥനായി വഴിയിൽ ചത്തുകിടക്കുന്ന ഒരു പിച്ചക്കാരനും, എന്താണു വ്യത്യാസം. അനിത്യങ്ങളും, നിസ്സാരവുമായ വസ്തുക്കളിൽ എനിയ്ക്കുമോഹമില്ലാ. അതുകൊണ്ടു മാത്രമാണ്, ഞാൻ രാജ്യത്തേയും കുടുംബത്തേയും വിട്ട്, നഷ്ടകാമനായി കഴിച്ചുകൂട്ടുന്നതു്. അതിനാൽ വീണ്ടും എന്നേ ബന്ധിതനാക്കുന്ന മാൎഗ്ഗങ്ങളിലേയ്ക്കു നീ എന്നെ ക്ഷണിക്കുന്നതു് ശരിയല്ല. ഏതുസ്ഥിതിയെ പ്രാപിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നുവോ, അതിൽ ഞാൻ നിശ്ചയമായും ചെന്നുചേരും" എന്നും രാജാവിനോടു് ഇദ്ദേഹം പറഞ്ഞു

ഇതെല്ലാംകേട്ട രാജാവു"

"എനിക്കു ഇനി ഒന്നും പറയുവാനില്ല. അവിടുത്തെ വിട്ടുപോകുന്നതിൽ വലുതായ വ്യസനമുണ്ടു് ഞാനും അവിടുത്തെ അനുകരിച്ചു, മഹാത്മാക്കളെ സന്ദർശിച്ചു സത്യമാർഗ്ഗങ്ങളേയും മോക്ഷസിദ്ധിക്കുവേണ്ടിയ ജീവിതത്തേയും മനസ്സിലാക്കി, അവരിൽനിന്നും ഉപദേശം വാങ്ങി, എന്റെ ജീവിതത്തെ മാററിക്കൊള്ളാം" എന്നുപറഞ്ഞു വീണ്ടും സാഷ്ടാംഗം വീണു നമസ്ക്കരിച്ചു

ബുദ്ധനോ "നിന്റെ രാജ്യത്തിനു് അഭിവൃദ്ധിയും, നിന്റെ കുലത്തിനു് ശ്രേയസ്സും ഉണ്ടാകട്ടെ. സമാധാനത്തോടുകൂടി നിഷ്പക്ഷപാതിയായി നീ രാജ്യം ഭരിക്കുക. ന്യായവും സത്യവും നിന്നിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ" എന്നു അനുഗ്രഹിച്ചു

മഹാരാജാവു്, വിനീതനായി കുമ്പിട്ടു് "മഹാപ്രഭോ, അവിടുന്നു തേടുന്ന വസ്തു കണ്ടുകിട്ടിയതിൽ പിന്നീടെങ്കിലും, എന്നേ അവിടുത്തെ ഒരു ശിഷ്യനായി സ്വീകരിക്കണമേ" എന്നു് അപേക്ഷിച്ചു.

ഒരു കാലത്തു ഈ അപേക്ഷ സാധിച്ചുകൊടുക്കണമെന്നു് തന്റെ മനസ്സിൽ ബുദ്ധൻ നിശ്ചയിക്കയും, ഭിക്ഷുവും രാജാവും സസന്തോഷം പിരിയുകയും ചെയ്തു.

ആരാമത്തിൽ.

വി. വി. കെ നമ്പ്യാർ.

അഴകിലഴകിനെത്തേടിത്തേടി
യകലെയകലെപ്പറന്നുപോകും
ശബളിതകാന്തിക്കതിരായ മിന്നും
ശലഭത്തെക്കണ്ടുകൊതിച്ചുമല്ലി
കളിർചില്ലക്കയ്യിൽമുകുളമാല
കുതുകാലെടുത്തുവരിപ്പതിന്നായ്
തിരിയെവരാത്തൊരപ്പാററതന്നെ
യിരവുപകലുനിനച്ചുകൊൾകെ,
തനതംഗകാന്തിയപ്പൂവോരോന്നും,
തനിയെകൊഴിഞ്ഞുകഴിയുമാറായ്.

അമലമാമാത്മാവിൻമീതെയായി-
ട്ടഴകിനെയെന്നുമപ്പാററകഷ്ടം!
പനിനീരലരിലണഞ്ഞിടുമ്പോൾ
പരിമൃദുലാംഗംമുറിഞ്ഞുമുള്ളാൽ
ലവലേശംപോലുമനങ്ങാനാകാ-
തവശപ്പെട്ടങ്ങേശയിച്ചീടുന്നു
അറിയുമീ വാസ്തവമെന്നാൽതെല്ലും
നറുമല്ലവിശ്വസിക്കുന്നുമില്ല.
നലമൊന്നേകാണുംജനമെങ്ങോരു
മലരിൻെറപൊൻപൂച്ചുംവക്രതയും?

II

നിശിതമാംനൈരാശ്യക്രൂരമ്പേററു
നിതരാംമുറിപ്പെട്ടനിന്നാത്മാവിൽ
കനിവിൻചഷകത്താലാനന്ദത്തേ-
നനിശമൊഴുക്കാനുദാരനായി,
വിധുരയായ്നീവാഴ്കെദീനനായി,-
ട്ടിതരസുമങ്ങളെത്തേടിടാതെ,
പരിചോലുംപ്രേമസുധാകാരത്തോടെ
കരിവണ്ടൊന്നാത്മോപഹാരത്തോടെ
മൃദുമൃദുല്ലെ, ചുററുന്നു, നിന്നരികി-
ലതുനീയറിയില്ലേ? സത്യമായി?
വിമലതയൊന്നുതാൻ മായാത്തൊരു
വിലയാന്നസൗന്ദൎയ്യമെന്നുകാട്ടും
സരളവിനീതമാംനിന്മനവു-
മൊരുവെറുംകാന്തിയിലന്ധമായോ?
പുറമോടിയൊന്നുതാൻനോക്കിയാണ-
ച്ചെറുപാററപാവമധഃപതിച്ചു.
അനുദിനമിങ്ങിനെയെത്രയെത്ര
മനുജരുമയ്യോ! കുഴങ്ങിടുന്നു?
പരിചോടച്ചൊല്ലിവെടിഞ്ഞെന്നാലെ
വരുമീയുലകിനനിത്യതൃപ്തി

മുറുക്ക്.

എൻ. എൻ. അമനകര.

"മാളികമുകളേറിയമന്നനും" പാടത്തു പണിയെടുക്കുന്ന പുലയനും ഒരുപോലെ ഉത്സാഹജനകമാണ് മുറുക്ക്. ഇതിൽ ആദ്യത്തെയാൾ ജോലിയില്ലാഞ്ഞു മുഷിഞ്ഞും രണ്ടാമത്തവൻ വേലയെടുത്തു ക്ഷീണിച്ചും ഇരിക്കുകയാണെങ്കിലും താംബൂലചർവ്വണത്തിൽ ആസക്തി പ്രദർശിപ്പിക്കുന്ന കഠിനമായി അദ്ധ്വാനിക്കുകയാണെങ്കിലും ഇടയ്ക്കിടയ്ക്കുള്ള വിശ്രമാവസരം ഒരു മുറുക്കിൻ പററിയ സമയമാണ്. അതിനുശേഷമുള്ള ജോലിക്ക് ഒരു ചുറുചുറുപ്പും കണ്ടുവരുന്നു. ഒരു ജോലിയുംകൂടാതെ ഊണും ഉറക്കവുമായി കഴിയുന്നവർക്കും മുറുക്കുവാനുള്ള ജാഗ്രത ഒന്നു വേറെതന്നെയാണ്. ചുരുക്കത്തിൽതൊഴിലാളിയുംമുതലാളിയും ഒരുപോലെ സ്വീകരിച്ചിരിക്കുന്ന ഒരു ദുശ്ശീലമാണ് ഇതു്. ആരോഗ്യത്തിനു അത്യന്താപേക്ഷിതമായ കുളി, ഭക്ഷണം, വ്യായാമം മുതലായ ദിനകൃത്യങ്ങൾപോലെ മുറുക്കലും ഒരു ചടങ്ങായി മിക്കവരും സ്വീകരിച്ചിട്ടുണ്ട്. മുറുക്കുക എന്നുപറയുന്നതുതന്നെ ഈ ക്രിയയുടെ ഒരു യഥാർത്ഥസൂചനയായി വിചാരിക്കാൻ നിവൃത്തിയില്ല. വാസ്തവത്തിൽ നാലു സാധനങ്ങൾ പാകംപോലെ ചേർത്തുള്ള ഒരു സമ്മിശ്രചർവ്വണത്തിനു ഈ പദം ഒരു വിധത്തിലും അനുരൂപമല്ല. ചവയ്ക്കുക എന്നോ ചവയ്ക്കൽ എന്നോ പച്ചമലയാളത്തിൽ പറയുന്നപക്ഷം ആയതു നാംചെയ്യുന്ന ക്രിയയുടെ യഥാർത്ഥപേരാകുമായിരുന്നു. ഇംഗ്ലീഷിൽ (chewing) എന്നു പറയുന്നതു യഥാർത്ഥമാണ് കുഗ്രാമങ്ങളിലുംമററും ചിലർ "തിന്നുക" എന്നും "ചവയ്ക്കുക" എന്നും പറയാറുണ്ട്. എന്നാൽ ഇതു സർവ്വത്ര സ്വീകാര്യമല്ലാത്തതിനാൽ പാമരന്മാർക്കുമാത്രം പററിയ പദമായിട്ടാണ് സാധാരണവയ്പ്. നാം വല്ല "ഫാഷണബിൾ സൊസൈററി"യിൽവച്ചും ഈ ഗ്രാമ്യപദം ഉപയോഗിച്ചുപോയാൽ വലിയ അബദ്ധം തന്നെ പററിയേക്കാം. വെറും "അപ്പ്കൻട്രി" എന്നൊരു 'ടൈററി'ലും' ഉടനടി സമ്പാദിക്കാം.

മുറുക്ക് എന്നുപേരുള്ള ഒരുമാതിരി പലഹാരം ഭക്ഷിക്കാത്തവർ ചുരുക്കമായിരിക്കുമല്ലോ. ദുർല്ലഭം ചിലർക്കു ഈ മുറുക്കിനോടു വല്ല വെറുപ്പും തോന്നുന്നുണ്ടെങ്കിൽ, ആയതു് ഭക്ഷിക്കുന്ന സന്ദർഭത്തിൽ ഉണ്ടാകുന്ന ദുസ്സഹമായ ശബ്ദംകൊണ്ടു മാത്രമാണ്. കെട്ടുക, തേക്കുകമുതലായ പദങ്ങളോടു മുറുക്കി എന്ന വാക്കുചേർത്തു ഉപയോഗിക്കുമ്പോൾ ആ പ്രവൃത്തികൾക്കു കുറെക്കൂടി ശക്തികൂട്ടുന്നു ഇപ്രകാരം നാമരൂപത്തിലും ക്രിയാവിശേഷണത്തിലും മുറുക്ക് പ്രചാരത്തിലുണ്ടെങ്കിലും ആദ്യത്തെ മുറുക്കുമായി ഒരു സാമ്യവും ഇതിനില്ല. അതുകൊണ്ടു "മുറുക്കു" എന്നുപറയുന്നതു് ഒന്നാംതരം കിറുക്കുതന്നെ.

മുറുക്കു ആകപ്പാടെ സാർവ്വത്രികമായി തീർന്നിട്ടുണ്ട്. ഇതിനുള്ള നാലുസാധനങ്ങളിൽ ഏതെങ്കിലും വർജ്ജിക്കണമെന്നുണ്ടെങ്കിൽ ആയതു് പുകയിലമാത്രമാണ്. മററുപകരണങ്ങൾ എത്രതന്നെ നല്ലതായിരുന്നാലും ചുണ്ണാമ്പ് നല്ലതല്ലെങ്കിൽ മുറുക്കിനുള്ള ഗുണം മുഴവൻനശിക്കും. എന്നാൽ ഇതൊരു ഉപായത്തിലുള്ള മുറുക്കിന്റെ വട്ടമാണ് വിസ്തരിച്ചുള്ള മുറുക്കിനു വിഭവങ്ങൾ വളരെ വർദ്ധിക്കും. വാലുമുളക്, കരയാമ്പൂ, ജാതിക്കാ മുതലായ എരിവും സുഗന്ധവുമുള്ള സാധനങ്ങളും ഇതിന്റെ മററുപകരണങ്ങളാണ്. പാക്കിന്റെ പാകം അത്രവകവെക്കാനില്ല. എന്നാൽ പുകയിലയുടെകാര്യം അങ്ങിനെ നിസ്സാരമാക്കിയാൽ നിശ്ചയമായും നിരാശയുണ്ടാകും. അന്തസ്സിലും സ്ഥിതിയിലും കഴിയുന്നവർ ഗാലിപുകയില ഉപയോഗിച്ചില്ലെങ്കിൽ നാലുപേർ കേട്ടാൽ നിരക്കുകയില്ല. വെറും വടക്കൻ ഉപയോഗിക്കുന്നതു തീരെ മോശം. അതു അപരിഷ്കൃതരായി "കാററും മഴമഞ്ഞുമേററുകൊണ്ടപ്പൊഴും കാട്ടിൽകിടക്കുന്ന" പരിഷകൾക്കുള്ളതല്ലേ. നമ്മേപ്പോലുള്ളവർ ഇത്തരം പുകയില ഉപയോഗിക്കുന്നതുതന്നെ കുറച്ചിൽ. പിന്നെ എടത്തരക്കാരുണ്ട്. അവർക്കു ഗാലിപുകയിലയിലെത്താൻമാത്രം കൈക്കനീള ഇല്ല. വടക്കൻ ഉപയോഗിക്കുന്നതിനു ഒരു മടിയും. അതുകൊണ്ടു ആ അരിഞ്ഞുകൂട്ടിയതിനെ ശരണംപ്രാപിക്കുകയാണ് അവരുടെപതിവ്. താണ വടക്കൻ സ്വല്പം ശർക്കരയും എരിവിനു കുറച്ചു് നല്ലമുളകും കർപ്പൂരവും ചേർത്തു ഒരുമാതിരി തുവരൻമട്ടിൽ കലർത്തിയാൽ അവർക്കു തൃപ്തിയാകും.

വിവിധ വിഭവങ്ങൾസഹിതംഉള്ള ഭക്ഷണാനന്തരം ഒന്നു മുറുക്കാൻകിട്ടിയില്ലെങ്കിൽ ഉണ്ടാകുന്ന വല്ലായ്മ അനുഭവിച്ചവർക്കേ അറിയാവൂ. ഒന്നു മുറുക്കിയാലൊ. അതും അനുഭവിച്ചുതന്നെ അറിയണം. ഏതാണ്ടാക്കെ ഒരുരസം എന്നേ അതിനു പറയാൻ സാധിക്കുകയുള്ളു രാവിലെ നിദ്രയിൽനിന്നും വിരമിച്ചാൽ ഉടൻ മുറുക്കാഞ്ഞാൽ ചിലരുടെകണ്ണു അടഞ്ഞുതന്നെയിരിക്കും. ഇവരുടെ ഈ "ഉറക്കഭ്രാന്തു്" ശമിപ്പിക്കാൻ മുറുക്കിനുള്ളശക്തി അപാരം തന്നെ.

വിവാഹം, പുറന്നാൾ മുതലായ അടിയന്തിരങ്ങൾക്കു മുറുക്കാനുള്ളവട്ടം ഇല്ലെങ്കിൽ കാര്യം വളരെ മോശമായി കലാശിക്കും അലോഹ്യവും ആക്ഷേപവും ഉണ്ടാകാതിരിക്കണമെങ്കിൽ അതിനുതന്നെ ഒരു പ്രത്യേക കലവറയും കലവറക്കാരനും ഉണ്ടായിരിക്കണം. പുകയിലയോ, വെററിലയോ ഏതെങ്കിലും ഒന്നു അൽപം ഗുണംകുറഞ്ഞതായാലും വൈഷമ്യംതന്നെ. എന്നാൽ, എല്ലാം "തികഞ്ഞൊരുവസ്തുപോലും" ഇല്ലെന്നുള്ളതു ഈ സന്ദർഭത്തിൽ സ്മരണീയമാണ്. മിക്ക സ്ഥലങ്ങളിലും ഏതെങ്കിലും ഒന്നിനു ഉന്തിഅരശായട്ടാണു കണ്ടുവരുന്നതു്. അതിനുകാരണമായി, ശാപം കിട്ടിട്ടുള്ളതായതുകൊണ്ടാണെന്നു ഒരു കാരണവും ബലമായി പറയുന്നുണ്ട്. മററുള്ള സാധനങ്ങൾ എങ്ങനെയിരുന്നാലും പാക്ക് "നന്നാറിസത്തു്" അല്ലെങ്കിൽ എങ്ങനെയും കഴിച്ചുകൂട്ടാം.

മററു ലഹരിപദാർത്ഥങ്ങളെ അപേക്ഷിച്ചു മുറുക്കിനു ഒരു വിശേഷാൽ ഗുണം ഉണ്ട്. ഒരുമാതിരിക്കാർക്കു പരസ്യമായി ഉപയോഗിക്കാൻ ഒരറപ്പു തോന്നുന്നതാണ് മററുള്ളതെല്ലാം. ഏതു സദസ്സിലായാലും മുറുക്കുന്നതു അത്ര വകതിരിവുകെട്ടതായി ആരും പറയാറില്ല. എന്നുതന്നെയുമല്ല, അതിനു ഒരു പ്രഥമസ്ഥാനം കൊടുക്കുന്നും ഉണ്ട്. നേരെ മറിച്ചു പുകയിലയുടെ മററുരൂപങ്ങളെ ആശ്രയിക്കുന്നവർ സ്ഥലകാലങ്ങൾ നല്ലവണ്ണം പരിശോധിച്ചതിനുശേഷമെ അതിനു ഉദ്യമിക്കയുള്ളൂ. മുറുക്കിനുള്ള ഈ മെച്ചമാണ്, ഇതിനു അനുദിനം പ്രചാരം വർദ്ധിക്കുന്നതിന്റെ രഹസ്യം.

സമവയസ്കരും സ്നേഹിതന്മാരും ആയ ചില സെററുകാർ ഒരുമിച്ചുകൂടുമ്പോൾ മുറുക്കുന്നതും ശീട്ടുകളിക്കുന്നതും വളരെ ഉല്ലാസപ്രദമാണ്. പലതും പറയുകയും ചിരിക്കുകയും ചെയ്തു അവനവന്റെ പാട്ടിനു പോകാൻ തുടങ്ങുമ്പോഴും ഒന്നു മുറുക്കിയില്ലെങ്കിൽ ആയതു അല്പം കണ്ടുറിതത്തിൽ കലാശിക്കും. ചിലപ്പോൾ ഉന്മേഷവും രസവും തോന്നുമെങ്കിലും എല്ലായ്പ്പോഴും ഈ ഫലം സിദ്ധിക്കുന്നില്ല. ക്ഷീണിതന്മാരും ക്ഷുൽപീഡിതരും മുറുക്കുന്നതായാൽ കൂടുതൽ തളർച്ചയും ദാഹവും ഉണ്ടാകുവാനിടയുണ്ട്.

യാതൊരു ക്ലിപ്തവും കൂടാതെ സദാസമയവും മുറുക്കിക്കൊണ്ടിരിക്കുന്നവരുണ്ട്. വീണ്ടും ഒരു ചവയ്ക്കു തയാറാക്കിവെച്ചുകൊണ്ടേ ഇവർ വായിൽ കിടക്കുന്ന ചണ്ടി പുറത്തുതള്ളുകയുള്ളൂ. ചിലർ തങ്ങൾക്കു ചിലവില്ലാതെ മുറുക്കാൻകിട്ടുമ്പോൾ കാണിക്കുന്ന ആർത്തികണ്ടാൽ വളരെ മുഷിയും. തരമുള്ളിടത്തോളം മുറുക്കിയാൽ ആയതു ഒരു സൗഭാഗ്യമായി ഇവർ കരുതുന്നുണ്ടോ എന്നു സംശയിച്ചേക്കാം. ഈ പരാക്രമങ്ങളുടെയിടയിൽ കണക്കില്ലാതെ തുപ്പുന്നതും പതിവാണ്. സാമഗ്രികളുടെ ദൌർല്ലഭ്യം പ്രത്യക്ഷപ്പെടുന്നതുവരെ ഇവരുടെ ഈ വെപ്രാളം നീണ്ടുനിൽക്കും.

രാത്രിയിൽ ഉറക്കമിളയ്ക്കുമ്പോഴും ചീട്ടുകളി മുതലായതിൽ ഏർപ്പെടുമ്പോഴും നാം കണ്ടമാനം മുറുക്കാറുണ്ട് യാത്രാസമയത്തും മുറുക്കിന്റെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കും. ആകപ്പാടെ നോക്കുമ്പോൾ ഉപയോഗമുള്ള ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ മുറുക്കിനെപ്പററിയുള്ള ചിന്ത ഉണ്ടാകുന്നില്ലെന്നു കാണാം. ഒരു തൊഴിലും ഇല്ലാതെ ഉദയാസ്തമനങ്ങളെ പ്രതീക്ഷിച്ചു ആയുസ്സിന്റെ അധികംഭാഗവും നഷ്ടപ്പെടുത്തുന്നവരാണ് വളരെ കൂടുതൽ മുറുക്കുന്നവർ. ആദായകരവും ആലോചനാർഹമായ ജീവിതമാർഗ്ഗങ്ങളെ ആരാഞ്ഞറിഞ്ഞു് അതിൽ ബദ്ധശ്രദ്ധരാകുന്നവരുടെ മനസ്സ് മററുള്ള വ്യാമോഹങ്ങളിലേക്കു വ്യതിചലിക്കുന്നതു ദുർല്ലഭമാണല്ലൊ.

*ചൈനയിലെ വിജ്ഞാനി.

(വിദ്വാൻ, കാട്ടൂർ, പി. കുഞ്ഞുപ്പണിക്കർ)

മൂത്തസഹോദരി—അദ്ദേഹം എന്നെ വിവാഹംചെയ്യുമെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ ഉത്തമഭാര്യയായിരിക്കും. പക്ഷെ അദ്ദേഹം വയസ്സനാണല്ലൊ.

രണ്ടാംസഹോദരി—അദ്ദേഹം ഒരുപക്ഷെ ചേച്ചിയെ ആവശ്യപ്പെട്ടില്ലെന്നും എന്നെ സ്നേഹിച്ചുവെന്നും വരരുതോ?

ഇളയസഹോദരി–നാം എന്തിനാണ് ഇങ്ങനെ പറയുന്നതു്. ഇതു തീർച്ചചെയ്യുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം നമ്മുടെ അച്ഛനാണല്ലൊ.

ക്രിസ്ത്വബ്ദത്തിനു് ഏകദേശം അഞ്ഞൂറു വർഷങ്ങൾക്കു മുമ്പു് ചൈനയിലെ ഒരു ചെറുഭവനത്തിൽ ചാരുഗാത്രികളായ മൂന്നു സോദരികൾ മേൽപ്രകാരം സംസാരിച്ചുകൊണ്ടിരുന്നു. പെൺകുട്ടികളെ യഥാകാലം കല്യാണംകഴിച്ചു കൊടുക്കുന്നതിനു കാത്തിരുന്ന ഒരാളായിരുന്നു അവരുടെ പിതാവു്. വൃദ്ധത്വം ആരംഭിച്ച ഒരു മാന്യൻ, അദ്ദേഹത്തിന്റെ അടുക്കൽ ഒരു വധുവിനെ ആവശ്യപ്പെട്ടു. ആ വിവരം പിതാവു് പുത്രിമാരെ അറിയിക്കുകയും അതവരുടെ സംഭാഷണവിഷയമായിത്തീരുകയുംചെയ്തു.

ഏതായാലും കാലമട്ടത്തപ്പോൾ അദ്ദേഹം ചിങ്റ്റ്സൈ-യേ (ഇളയപുത്രിയേ) വൃദ്ധനു വിവാഹംകഴിച്ചുകൊടുത്തു. അവൾ അദ്ദേഹത്തോടൊന്നിച്ചു് 'ലൂ' എന്ന സ്ഥലത്തുള്ള ഒരു കുന്നിൻപ്രദേശത്തു താമസിച്ചുകൊണ്ടിരുന്നു. അവർ അവിടെ സുഖപൂർണ്ണമായ ഒരു ദാമ്പത്യജീവിതംതന്നെ നയിച്ചു. വർഷം ഒന്നുകഴിഞ്ഞപ്പോൾ ആ നവദമ്പതികൾക്കു സുന്ദരനായ ഒരു സുതനുണ്ടായി. ആ കുട്ടിക്കു് ക്രുങ്-ഫൂ-റ്റ്സി എന്നു പേരിട്ടു. പിൽക്കാലത്തു് പ്രഥിതമായിത്തീർന്ന ആ പേരിന്റെ ഉച്ചാരണം പാശ്ചാത്യചരിത്രകാരന്മാർക്കു സുഖപ്രദമായിരുന്നില്ല. അതുകൊണ്ടു് അവരുടെ അഭിരുചിയ്ക്കൊത്തവണ്ണം അദ്ദേഹത്തെ കൺഫ്യൂഷ്യസ് എന്നു വിളിച്ചുവരുന്നു.

ഇങ്ങനെ നിരവധി പൗരസ്ത്യനാമധേയങ്ങൾ പടിഞ്ഞാറൻരാജ്യക്കാരുടെ ഇഷ്ടമനുസരിച്ചു വേഷംമാറീട്ടുള്ളതു് ഭാരതീയരായ നമുക്കു് അജ്ഞേയമല്ലല്ലൊ. ശ്യാമള–സിംലയും കന്യാകുമാരി കോമറിനും ആയി മാറീട്ടുള്ളതു് എത്രമാത്രം നിരർത്ഥകവും അസുന്ദരവുമായിരിക്കുന്നു. പക്ഷെ പാശ്ചാത്യർ അങ്ങനെ ചെയ്തുകൊള്ളട്ടെ എന്നു വയ്ക്കാതെ അവരെ അനുകരിച്ചു് 'റ്റ്റിവാൻഡ്രം' 'കൈപ്ലോൺ' എന്നെല്ലാം നിരങ്കുശം തട്ടിവിടുന്ന നമ്മുടെ 'കഥ'യല്ലെ കഷ്ടതരമായിരിക്കുന്നതു്. ശ്രമിച്ചാൽ നേർവഴിക്കു വരുത്താൻ നിവൃത്തിയില്ലാത്തതുപോലെ, ഈ അനുകരണഭ്രമം ഇക്കാലത്തു് ശിഥിലമായും ചിലതിൽ ഏതാണ്ടാവശ്യമായും തീർന്നിരിക്കുന്നുവെന്നു പറയാതെ തരമില്ല. ഈ ലഘുചരിതത്തിൽ കൺഫ്യൂഷ്യസ് എന്ന പേരുകൊണ്ടുതന്നെ കഥാനായകനെ മേലാൽ അഭിസംബോധനംചെയ്യുന്നതാണു്.

ഈ ബാലനെ പ്രസവിച്ചു് അല്പദിവസം കഴിഞ്ഞിട്ടു് ഒരിക്കൽ വേലക്കാരി അതിനെ ചാങ് (ദ്വാരപാലകൻ) എന്ന ഉദ്യോഗസ്ഥന്റെ സമീപം കൊണ്ടുചെന്നു. അയാൾ കുഞ്ഞിനെ കൈയിലെടുത്തു് സൂര്യപ്രകാശത്തിലേക്കുയർത്തി. ചാങ് നിശ്ശബ്ദമായ ഒരു വിശുദ്ധകർമ്മമാണനുഷ്ഠിക്കുന്നതെന്നു മനസ്സിലാക്കിയതുപോലെ ആ പൈതൽ അയാളുടെ പാണിതലത്തിൽ ഇരുന്നുകൊണ്ടു് പിന്നെയും പിന്നെയും ശിരസ്സുനമിച്ചു. ഈ അത്ഭുതസംഭവത്തെക്കുറിച്ചു് ആ ദ്വാരപാലകൻ വളരെക്കാലംകഴിഞ്ഞു് അയാളുടെ വാർദ്ധക്യകാലത്തു പറക പതിവായിരുന്നു.

കേവലം ശിശുപ്രായത്തിൽതന്നെ ശ്രേഷ്ഠകർമ്മങ്ങളിൽ പ്രത്യക്ഷപ്പെടുത്തിയ ഈ വാസന വളർന്നുവന്നതോടുകൂടി ദൃഢമാകയും അതു് അദ്ദേഹത്തിന്റെ ജീവിതവിജയത്തിനു കാരണമാകയുംചെയ്തു. കൺഫ്യൂഷ്യസ്സിനു മൂന്നുവയസ്സു തികഞ്ഞ കാലത്തു അദ്ദേഹത്തിന്റെ പിതാവു മരിച്ചുപോയി. അമ്മ നിശ്ശേഷം ദരിദ്രയായിരുന്നതിനാൽ പുത്രനെ സുഖമായി വളർത്തിക്കൊണ്ടുപോകാൻ അവൾക്കു കഴിഞ്ഞില്ല. അതുകൊണ്ടു കൺഫ്യൂഷ്യസിനു് കൗമാരകാലംതൊട്ടുതന്നെ കഠിനങ്ങളും വിവിധങ്ങളും ആയ വീട്ടുപണികൾ ചെയ്തും നിസ്വന്മാരെയും ധനികന്മാരെയും ആശ്രയിച്ചും ജീവിക്കേണ്ടതായി വന്നുകൂടി. തനിക്കു സിദ്ധിച്ച ഏതു തൊഴിലും ഹൃദയപൂർവം ആരംഭിച്ചു് ഫലോദയംവരെ സ്ഥിരവ്രതത്തോടുകൂടെ ചെയ്തവസാനിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ജാഗരൂകത പ്രദർശിപ്പിച്ചു. എല്ലുന്ന ഭൗതികങ്ങളായ പണികൾഓരോന്നും സമാപ്തിയിൽ എത്തിക്കഴിഞ്ഞാൽ മതപരങ്ങളായ വിശേഷസംഭവങ്ങളെയും ആഘോഷങ്ങളെയും കണ്ടാനന്ദിക്കാൻ അദ്ദേഹം വിദൂരസ്ഥലങ്ങളിൽപോലും സ്വയം പൊയ്ക്കൊണ്ടിരുന്നു. പുരോഹിതന്മാരെപ്പോലെ യാഗാദികളായ വിശുദ്ധകർമ്മങ്ങൾ അനുഷ്ഠിക്കുന്നതായി നടിച്ചു് അവരുടെ പ്രാർത്ഥനാവസരങ്ങളിലെന്നവണ്ണം അദ്ദേഹവും താണുതൊഴുതു.

ഇപ്രകാരം ഭാവിയിൽ ആദർശയോഗ്യമായിത്തീരേണ്ട ഒരു പുണ്യജീവിതത്തിന്റെ ഉടമസ്ഥത വഹിക്കുന്നതിനുള്ള അങ്കുരങ്ങൾ ബാലകനായ കൺഫ്യൂഷസിൽ പ്രകാശിച്ചിരുന്നു.

ക്രമേണ കാലം കഴിഞ്ഞുകൊണ്ടിരിക്കെ, അദ്ദേഹത്തിലുണ്ടായിരുന്ന ഈ നൈസർഗ്ഗികാഭിരുചികൾ ചിന്താശീലമായും ഗവേഷണതല്പരമായും പരിണമിച്ചുതുടങ്ങി സമയത്തിന്റെ സിംഹഭാഗവും യഥാർത്ഥ വിദ്യാഭ്യാസത്തിനു വിനിയോഗിച്ചു. ഏതുകാര്യത്തെക്കുറിച്ചും സൂക്ഷ്മജ്ഞാനം സമ്പാദിക്കുന്നതിനു നമ്മുടെ വിദ്യാർത്ഥിക്കു് അനിതരസാധാരണമായ ഒരു കൗതുകവും ജിജ്ഞാസയും ഉണ്ടായിരുന്നു. അദ്ധ്യാപകന്മാരുടെ ഉപദേശങ്ങൾ ശ്രദ്ധാപൂർവം ശ്രവിച്ചു് അനന്തരം അവയേക്കുറിച്ചു ചിന്തിച്ചു. പത്തൊൻപതുവയസ്സായപ്പോഴേയ്ക്കും ആചാര്യന്മാരിൽനിന്നു സിദ്ധിക്കാവുന്ന അറിവുകൾ മുഴുവനും അദ്ദേഹത്തിനു കരഗതമായെന്നു മാത്രമല്ല രസകരങ്ങളായ ഉൽകൃഷ്ടാശയങ്ങൾ സ്വയം തോന്നിത്തുടങ്ങുകയുംചെയ്തു പല സായാഹ്നവേളകളിലും പുസ്തകം മടക്കിവച്ചിട്ടു് കൺഫ്യൂഷ്യസ് സ്വസ്ഥനായിരിക്കുന്നതു കാണാമായിരുന്നു വിചാരശൂന്യരായ വിദ്യാർത്ഥികളെപ്പോലെ നിരുന്മേഷനായോ നിർവികാരനായോ കഥാനായകൻ കേവലം മൂകതയവലംബിച്ചിരുന്നുവെന്നു് വായനക്കാർ വിചാരിക്കരുതു്. അദ്ദേഹം ഹൃദയകനകത്തേ, പ്രകാശമാനവും നവ്യവുമായ ഏതോ പുതിയ രൂപത്തിൽ പണിതെടുക്കുന്നതിനായി വിചാരവഹ്നിയിൽ ഉരുക്കിക്കൊണ്ടിരിക്കയായിരുന്നു ഒരു പരിപൂർണ്ണമായ മാതൃകാലോകം സൃഷ്ടിക്കുന്നതിനു് ഉത്തമോദാഹരണമായിരിക്കത്തക്കവണ്ണം മനുഷ്യർ ജീവിതത്തെ എങ്ങനെയാണു നയിക്കേണ്ടതെന്നുള്ള ചിന്തയിലായിരുന്നു കൺഫ്യൂഷ്യസ് ഈ അവസരം കഴിച്ചുകൂട്ടിയതു്.

മനസ്സിൽ ഈദൃശങ്ങളായ ചിന്തകൾ ജനിച്ചു വളർന്നുകൊണ്ടിരുന്ന കാലത്തുതന്നെ അദ്ദേഹം വിവാഹംകഴിച്ചു. മുളകൾകൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു ചെറുകുടിലിലായിരുന്നു നമ്മുടെ കഥാനായകന്റെ വൈവാഹികജീവിതം ആരംഭിച്ചതു്. ലൗകികദൃഷ്ട്യാ ഒരു സുഖജീവിതം സാധിക്കുന്നതിനു വേണ്ടത്ര പണം കിട്ടുന്ന ഒരുദ്യോഗത്തിൽ പ്രവേശിക്കാൻ സമർത്ഥനായ ആ യുവാവിനു കഴിയുമായിരുന്നു ധനവാനാകുന്നതിനേക്കാൾ അനുകരണീയമായ ഒരു ജീവിതത്തെ ആയിരുന്നു അദ്ദേഹം ആഗ്രഹിച്ചതു്. ഏതെങ്കിലും തൊഴിലിലേർപ്പെടാതെ ജീവസന്ധാരണത്തിനു മററു മാർഗ്ഗങ്ങൾ ഉണ്ടായിരുന്നുമില്ല. മേട്ടുംപുറങ്ങളിൽ നടന്നു കാലിമേയ്ക്കുന്ന പണിയാണു് അന്നു ജീവിതമാർഗ്ഗമായി അദ്ദേഹം സ്വീകരിച്ചതു്. അവിടെയും തന്റെ കൃത്യം പൂർണ്ണമായും തൃപ്തികരമായും ചെയ്തുകൊണ്ടിരുന്നു. ഇക്കാലത്തു ലഭിച്ച ധാരാളം വിശ്രമസമയം പഠിക്കുന്നതിനും ഗുരുക്കന്മാരുമായി സഹവസിക്കുന്നതിനും കൺഫ്യൂഷ്യസ് ഉപയോഗിച്ചുവന്നു. ഒരു രാജ്യത്തെ ഭരിക്കുന്നതിനുള്ള ഏററവും നല്ല പന്ഥാവേതെന്നു കണ്ടുപിടിക്കുവാൻ ചരിത്രപഠനംകൊണ്ടു കഴി

* പകർപ്പവകാശം.

യുമെന്നു് ആ ചിന്തകൻ വിചാരിച്ചു. ക്രിസ്തു, കൃഷ്ണൻ, ബുദ്ധൻ തുടങ്ങിയ മതാചാര്യന്മാരെപ്പോലെ ഈശ്വരനെസംബന്ധിച്ചു് എന്തെങ്കിലും ജനങ്ങളെ പഠിപ്പിക്കണമെന്നല്ലായിരുന്നു കൺഫ്യൂഷ്യസിന്റെ ഉദ്ദേശം. എങ്ങനെയാണു് ഒരു സന്മാർഗ്ഗജീവിതം നയിക്കുന്നതെന്നുള്ളതിലേക്കായിരുന്നു, അദ്ദേഹം സ്വന്തം ഉപദേശങ്ങൾകൊണ്ടു് ലോകത്തെ ഉൽബോധിപ്പിച്ചതു്. ഭരണകർത്താക്കന്മാർ പ്രജകളെ എങ്ങനെ ഭരിക്കണമെന്നും പ്രജകൾ സ്വന്തം നടപടികളെ ഭരിക്കുന്നതെങ്ങനെയെന്നും അദ്ദേഹം പഠിപ്പിച്ചു

ക്രമേണ ഒരു നല്ല ഭരണകൂടത്തിനുവേണ്ടി താല്പര്യം പ്രദർശിപ്പിച്ചുവന്നും നടപടികളിൽ ഋജുബുദ്ധിയും നിപുണനുമായ ഈ തരുണനെ ലോകം ആവലോകനംചെയ്യാൻ തുടങ്ങി. അവർ അദ്ദേഹത്തോടു് ഏതാദൃശവിഷയങ്ങളെപ്പററി സംസാരിച്ചു. ഇങ്ങനെ സ്വദേശവാദന്മാരുമായി ഇടപെട്ടതിനു ലഭിച്ച ഘട്ടങ്ങൾ അദ്ദേഹം ഏററവും പ്രയോജനജനകമാക്കിത്തീർത്തു. തന്റെ നിതാന്തചിന്തകളുടെ ഫലങ്ങൾ ആ സഹോദരമദ്ധ്യത്തിൽ ഒരു നവജീവൻ ഉളവാക്കുന്നതു അദ്ദേഹം പ്രത്യക്ഷമായി കണ്ടു. നല്ലനടത്തകളായി അദ്ദേഹം ഗണിച്ചുവന്ന ജീവിതപദ്ധതികൾ അവരെ ധരിപ്പിക്കുന്നതിനു ശ്രമിച്ചു. അവർ അല്പാല്പമായി കൺഫ്യൂഷ്യസിനെ മനസ്സിലാക്കയും അദ്ദേഹത്തെ ആചാര്യനായി സ്വീകരിക്കയുംചെയ്തു. സ്വാശയങ്ങൾക്കു സമുചിതമായ ഒരു പ്രചാരം വേണമെന്നു കാംക്ഷിച്ച കഥാനായകൻ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി ഒരു വിദ്യാലയം ആരംഭിച്ചു. പ്രസ്തുത സരസ്വതിമന്ദിരവും കൺഫ്യൂഷ്യസിന്റെ ചെറുപ്പകാലത്തു് അദ്ദേഹം അദ്ധ്യയനംചെയ്ത പാഠശാലയും ഇന്നത്തെ നമ്മുടെ വിദ്യാലയങ്ങളും തമ്മിൽ വളരെ വ്യത്യാസം കാണാം

'ത്വർകാര്യ'പരമായ ഒരു സുഖജീവിതത്തിനുള്ള ധനാർജ്ജനമാർഗ്ഗമായിട്ടാണല്ലോ ഇന്നത്തെ വിദ്യാഭ്യാസത്തെ ആളുകൾ ഗണിച്ചുവരുന്നതു്. സ്വാർത്ഥരാഹിത്യം, സാഹോദര്യം തുടങ്ങിയ വിശേഷതത്വങ്ങൾ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ സാമ്പത്തികമായ ഉദ്ദേശത്തിനുള്ള പ്രാധാന്യത്തിൽ കോലം മറഞ്ഞുപോയിരിക്കുന്നു. ആത്മശുദ്ധിയിൽകൂടി വിജയംപ്രാപിക്കുന്ന ഒരു ജീവിതം നയിച്ചു് ലോകോപകാരം ചെയ്യണമെന്നുള്ള ജീവിതരഹസ്യം ഇന്നത്തെ അഭ്യസനരീതിയിൽ മുന്നണിയിൽ നിൽക്കുന്നില്ല. വിദ്യാഭ്യാസധുരന്ധരന്മാരെന്നു പേരെടുത്തിട്ടുള്ള എത്രയെത്ര പേരാണു വിദ്യാഭ്യാസപരിഷ്കരണത്തിനായി എല്ലാ ദേശങ്ങളിലും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. അവരിൽ ഒരാളിനെങ്കിലും സാർവ്വജനീനവും സർവ്വവ്യാപകവുമായ ഒരഭിപ്രായമോ മാർഗ്ഗമോ സൃഷ്ടിക്കാൻ ഇതുവരെ സാധിച്ചിട്ടുണ്ടോ?

എന്നാൽ നോക്കുക. അനേകശതാബ്ദങ്ങൾക്കുമുൻപു് ജീവിച്ച ഒരു മനുഷ്യൻ വെറും മുളംകുടിലിൽ ജനിച്ചു് കാലിക്കൂട്ടത്തെ മേയിച്ചുനടന്ന അകിഞ്ചനൻ സ്ഥാപിച്ച വിദ്യാലയത്തിലേക്കു നിങ്ങൾ ഒന്നു നോക്കുക. പേരും പെരുമയും സമ്പാദിക്കണമെന്നോ ഉദ്യോഗം കിട്ടണമെന്നോ ആഗ്രഹിച്ചുചെന്നവർക്കവിടെ പ്രവേശമുണ്ടായിരുന്നില്ല. ആ പുരാതനപൌരസ്ത്യവിദ്യാലയത്തിലെ ആചാര്യനു് അനേകം ശിഷ്യന്മാരെ ആവശ്യമുണ്ടായിരുന്നു. പക്ഷെ ചെല്ലുന്നവരെയെല്ലാം ആ ദേശികൻ ശിഷ്യന്മാരായി സ്വീകരിച്ചില്ല. താൻ ജീവിക്കുന്ന ലോകത്തിനു് തന്നിലുള്ള നന്മയെ എങ്ങനെയാണു് നൽകേണ്ടതെന്നറിയാൻ ആഗ്രഹിച്ചന്വേഷിച്ചുകൊണ്ടിരുന്ന ശിഷ്യപരമ്പരകളായിരുന്നു ആ പ്രാചീനവിദ്യാർത്ഥിമന്ദിരത്തിൽ തിങ്ങിക്കൂടിയതു്. ഒരു സാധാരണൻ മററുള്ളോരിൽമാത്രം കാണുന്നതു തന്നിൽതന്നെ അനുഭവപ്പെടുത്താനാണു് ഒരു മഹാത്മാവിന്റെ ശ്രമം എന്നദ്ദേഹം ശിഷ്യന്മാർക്കുപദേശിച്ചു. സാധാരണൻ സമീപസ്ഥനായ ഒരുൽകൃഷ്ടപുരുഷനേപ്പററി സത്യവാനാണെന്നു പറയുമ്പോൾ ആ ഉൽകൃഷ്ടപുരുഷൻ സത്യസന്ധതയെ തന്നിൽ അനുഭവപ്പെടുത്തുവാൻ യത്നിക്കുന്നു. ക്രമേണ അനവധി ശിഷ്യസമൂഹം അദ്ദേഹത്തിന്റെചുററും വന്നുകൂടി. എന്നാൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ അശ്രദ്ധയോ ശേഷിക്കുറവോ പ്രദർശിപ്പിച്ചവരെ പിന്നെയും തന്റെ വിദ്യാലയത്തിൽ വച്ചുകൊണ്ടിരിക്കുന്നതിനു അദ്ദേഹം അശേഷം ഇഷ്ടപ്പെട്ടില്ല. ഒരു വിഷയത്തിന്റെ ഒരംശം പ്രത്യക്ഷപ്പെടുത്തിക്കൊടുത്താൽ ബാക്കി ഭാഗങ്ങളെ സ്വയം കണ്ടുപിടിച്ചു് പ്രകാശിപ്പിക്കുവാൻ കഴിയാത്തവർക്കുവേണ്ടി പാഠങ്ങളാവർത്തിക്കയില്ലെന്നു് അദ്ദേഹംപറഞ്ഞുകൊണ്ടിരുന്നു.

കൺഫ്യൂഷ്യസ് ഇങ്ങനെ ദശവർഷങ്ങൾ തന്റെ വിദ്യാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. അതിൽപിന്നെ ലൂദേശത്തിന്റെ നാടുവാഴിയായ പ്രഭു അദ്ദേഹത്തിന്റെ മക്കളെ പ്രസ്തുതമന്ദിരത്തിലേക്കയച്ചു. കുറെനാൾ അവിടെ പഠിച്ചശേഷം, കൺഫ്യൂഷ്യസുമൊന്നിച്ചു് തലസ്ഥാനനഗരിയിലേക്കു പോകുന്നതിനായി അവർക്കു അച്ഛന്റെ അനുവാദവും പണവും കിട്ടി.

നമ്മുടെ കഥാനായകന്റെ ചിരകാലമായ അഭിവാഞ്ഛ ഫലപ്രാപ്തിയിൽ വരുത്തുന്നതിനുള്ള ഒരു മഹനീയാവസരമായിരുന്നു ഇതു്. അതിവിപുലമായ രാജകീയഗ്രന്ഥശാലയിൽഇരുന്നു് അവിടെ സംഗ്രഹിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങളും പഴയ പ്രമാണങ്ങളും പരിശോധിച്ചു് സ്വരാജ്യചരിത്രം പഠിക്കുന്നതിനുൽകണ്ഠയോടുകൂടെയാണദ്ദേഹം ജീവിച്ചതു്. അദ്ദേഹത്തിന്റെ ജീവിതകാലത്തിനു വളരെ മുമ്പുതന്നെ എഴുതപ്പെട്ടിരുന്ന കഥകളും കവിതകളും ആ ഗ്രന്ഥശാലയിൽനിന്നു ശേഖരിക്കുവാനദ്ദേഹത്തിനു കഴിഞ്ഞു. ഇവയെല്ലാം വായിച്ചുപഠിച്ചു് തന്റെ ജ്ഞാനതൃഷ്ണയെ ശമിപ്പിക്കുന്നതിനു സിദ്ധിച്ച ശുഭാവസരത്തെ കൺഫ്യൂഷ്യസ് വേണ്ടപോലെ വിനിയോഗിക്കതന്നെ ചെയ്തു

അവർ മൂവരും ഏതാനുംസംവത്സരം ചൈനയുടെ പ്രധാനനഗരത്തിൽ പാർത്തശേഷം സ്വദേശത്തു വന്നുചേർന്നു. ഒരു നല്ല ഭരണാധികാരിയുടെ ആധിപത്യത്തിൽ ഭാസുരമായ ഒരു ജീവിതമായിരുന്നു ലൂ-യിലെ ജനങ്ങൾ അനുഭവിച്ചുപോന്നിരുന്നതു്. എന്നാൽ കൺഫ്യൂഷ്യസും ശിഷ്യരും തിരിച്ചുവന്നപ്പോൾ സ്ഥിതിഗതികൾ ആകപ്പാടെ മാറിയിരിക്കുന്നതായി കണ്ടു. പ്രഭുവിനോടു് അദ്ദേഹത്തിന്റെ ഉയർന്ന ഉദ്യോഗസ്ഥന്മാർ മത്സരിച്ചു് അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കിയിരുന്നു. ഈ അനർഹമായ സംഭവങ്ങൾ അവരെ വ്യസനസാഗരത്തിൽ നിമഗ്നരാക്കി. ഭരണാധികൃതരെ അനുസരിക്കയാണു് ഭരണീയരുടെ കടമയെന്നു വിശ്വസിക്കയും പഠിപ്പിക്കയും ചെയ്തുകൊണ്ടിരുന്ന കൺഫ്യൂഷ്യസിനു് 'ലൂ'ദേശത്തിൽനടന്ന സംഭവം ഭയങ്കരമായി തോന്നി. സ്വന്തം നായകനെ നിഷേധിച്ച ജനതയോടൊന്നിച്ചു പാർക്കുവാനദ്ദേഹത്തിനു സുഖം തോന്നിയില്ല. അതുകൊണ്ടു പ്രഭുവിനോടും ഏതാനും പ്രധാനശിഷ്യന്മാരോടുംകൂടി അദ്ദേഹം സമീപദേശത്തേയ്ക്കു പൊയ്ക്കളഞ്ഞു.

അവർക്കു തരണംചെയ്യാനുണ്ടായിരുന്നമാർഗ്ഗം വളരെ ദീർഘവും ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായിരുന്നു. യാത്രയിൽ സങ്കടജനകങ്ങളായ പല കാഴ്ചകളും അനർഘങ്ങളായ പാഠങ്ങൾ ലഭിക്കത്തക്കവണ്ണമുള്ള സംഭവങ്ങളും കൺഫ്യൂഷ്യസനു ഗോചരമായി. ഒരിക്കൽ പാറക്കെട്ടുകൾനിറഞ്ഞ മലയിടുക്കിൽക്കൂടെ അവർ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു രോദനംകേട്ടു ചുററും നോക്കി. ഒരു സ്ത്രീ ഒരു പട്ടടയുടെ സമീപം നിന്നു കരയുന്നതാണു അവർ കണ്ടതു്.

കൺഫ്യൂഷ്യസ് (സ്ത്രീയെ നോക്കിയിട്ടു്) നിങ്ങളുടെ വ്യസനത്തിനു കാരണമെന്താണു?

സ്ത്രീ—ഒരു ഭയങ്കരവ്യാഘ്രം ഇവിടെവന്നു് എന്റെ ശ്വശുരനെ വധിച്ചുകളഞ്ഞു. ആ മൃഗംതന്നെ എന്റെ ഭർത്താവിനേയും പുത്രനേയും കൊന്നു.

കൺഫ്യൂ—പിന്നെന്താണു് നിങ്ങൾ ഈ അപകടസ്ഥാനത്തു പിന്നെയും നില്ക്കുന്നതു്.

സ്ത്രീ—അതിനു കാരണം മറെറാന്നുമല്ല. ജനങ്ങളെ പീഡിപ്പിച്ചു അസഹ്യമാക്കിത്തീർക്കുന്ന ഒരു ഭരണക്രമം ഇവിടെ ഇല്ലെന്നുള്ളതുതന്നെയാണു്.

കൺഫ്യൂ—[തിരിഞ്ഞു ശിഷ്യന്മാരെ വീക്ഷിച്ചുകൊണ്ടു] എന്റെകുട്ടികളെ, ഇതോർമ്മിച്ചുകൊള്ളുവിൻ. ഒരു ഭീകരഭരണകൂടത്തേക്കാൾഭേദം ഭയങ്കരനായ ഒരു വ്യാഘ്രമാകുന്നു എന്നല്ലെ ഈ ലലനാരത്നം ഇപ്പോൾ നമ്മെ പഠിപ്പിച്ചതു്.

ഈ പ്രവാസംകഴിഞ്ഞു കുറെ അധികം ആണ്ടുകൾ പിന്നിട്ടശേഷമേ കൺഫ്യൂഷ്യസ് 'ലൂ'യിലേക്കു തിരിച്ചുവന്നൊള്ളു. വന്നതിൽപിന്നീടു അദ്ദേഹം രാജ്യകാര്യസംബന്ധമായ കുഴപ്പങ്ങളിലേർപ്പെടാതെ മിക്കവാറും ഒഴിഞ്ഞുമാറിനിൽക്കയായിരുന്നു. മുമ്പു ജീവിച്ചിരുന്ന വീരന്മാരുടെ അപദാനങ്ങളെ കീർത്തിച്ചിട്ടുള്ള കവിതകൾ കണ്ടുപിടിച്ചു് സ്വരൂപിക്കുന്നതിനും സ്വശിഷ്യന്മാരെ പഠിപ്പിക്കുന്നതിനും നൂതനാദ്ധ്യയനത്തിലുമായിരുന്നു അദ്ദേഹം സമയം മുഴുവനും വിനിയോഗിച്ചതു. കുറേശ്ശക്കുറേശ്ശയായി അനവധി ശിഷ്യന്മാർ അദ്ദേഹത്തിനുചുററും കൂടിത്തുടങ്ങി. ഒടുവിൽ അവരുടെസംഖ്യ മൂവായിരമായി വർദ്ധിച്ചു ഈ അന്തേവാസികൾ അദ്ദേഹത്തിൽനിന്നും വേർപെട്ടുവസിച്ച അവസരങ്ങൾ ഇല്ലായിരുന്നു എന്നുതന്നെ പറയാം. ഏററവും ഭക്തിയോടുകൂടെ അവർ അദ്ദേഹത്തിന്റെ അ

ടുക്കൽ നിൽക്കയോ ഇരിക്കയോ ചെയ്തു കൊണ്ടു് അദ്ദേഹത്തിന്റെ നടപടികൾ വീക്ഷിക്കയും രാജ്യചരിത്രങ്ങൾ പഠിക്കയും കവിതകൾ ഹൃദിസ്ഥമാക്കയും ആചാരങ്ങൾ ഗ്രഹിക്കയും ചെയ്തുവന്നു. കുബേരന്മാരുടെ കൊട്ടാരത്തിലും കുചേലന്മാരുടെ കുടിലിലും ആഹാരത്തിലും സഞ്ചാരത്തിലും എന്നുവേണ്ട വ്യത്യാസപ്പെട്ട ഓരോ ഘട്ടങ്ങളിലും അദ്ദേഹം എങ്ങനെ പെരുമാറിയിരുന്നുവെന്നു ആ ശിഷ്യസംഘം പിൽക്കാലത്തു പ്രസ്താവിച്ചുകൊണ്ടിരുന്നു. സ്ഥവിരന്മാരോടുള്ള ബഹുമാനവും ദീനന്മാരോടുള്ള അനുകമ്പയും ആ പ്രസ്താവനകളിൽ അടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരിക്കലെങ്കിലും സൈ്വരമായിരുന്ന ഒരു പക്ഷിയുടെനേർക്കമ്പെയ്കയോ വലയിട്ടു മത്സ്യം പിടിക്കയോ ചെയ്തിരുന്നില്ല.

സ്വരാജ്യത്തോടുള്ള ഒരുവന്റെ കടമകൾ വ്യക്തമായി കാണിച്ചുകൊടുക്കുന്നതിനാണദ്ദേഹം പരിശ്രമിക്കുന്നതെന്നു ലൂ—യിലെ ജനങ്ങൾ ധരിച്ചുതുടങ്ങുകയും അദ്ദേഹത്തിന്റെ മാഹാത്മ്യം അവർക്കു ബോധപ്പെട്ടുതുടങ്ങുകയും ചെയ്തു. വിജ്ഞാനിയും വിശുദ്ധനുമായ ഒരു ഗുണവാനെന്നുകണ്ടു അവർ അദ്ദേഹത്തെ ഒരു പ്രധാനനഗരത്തിലേക്കു ചീഫ്മജിസ്ട്രേട്ടായി തിരഞ്ഞെടുത്തു. രാജ്യത്തിലെ മററു പ്രവിശ്യകൾക്കും ഒരുദാഹരണമായി തീരത്തക്കവണ്ണം കൺഫ്യൂഷ്യസ് ഏററജോലി ഏററവും ഭംഗിയായിനിറവേററി. അദ്ദേഹത്തിന്റെ ഭരണാരംഭത്തോടുകൂടിത്തന്നെ അസത്യവും അസാന്മാർഗ്ഗികവുമായ സകല സംരംഭങ്ങളും നിലച്ചുതുടങ്ങി. കള്ളന്മാരുടെ ശബ്ദംപോലും ശേഷിച്ചില്ല. രാജ്യഭക്തന്മാരായ ജനങ്ങളെക്കൊണ്ടു് രാജ്യം നിറഞ്ഞു. ഭക്തിയോടും ബഹുമാനത്തോടും എവിടെയും കൺഫ്യൂഷ്യസിനെക്കുറിച്ചുള്ള കീർത്തനങ്ങളേ കേൾക്കാനുണ്ടായിരുന്നൊള്ളു. 'ലൂ'യിൽ ഉണ്ടായ അഭിലഷണീയമായ ഈ അഭിവൃദ്ധി 'ററസൈ' എന്ന സമീപദേശത്തെ ഭരണാധികാരിയെ അതിവ അസൂയാലുവാക്കിത്തീർത്തു. 'ലൂ' ഇത്രവേഗത്തിൽ അഭിവൃദ്ധിപ്പെടുന്നപക്ഷം നിശ്ചയമായും ചൈനാമഹാരാജ്യത്തിന്റെ ഉത്തമസ്ഥാനം അതായിരിക്കുമെന്നു അയാൾ വിചാരിച്ചു. അതിനാൽ ഏതെങ്കിലും ഉപായം പ്രയോഗിച്ചു ആളുകളെ കൺഫ്യൂഷ്യസിന്റെ അടുക്കൽ നിന്നകററണമെന്നും അദ്ദേഹത്തിന്റെ ഉപദേശങ്ങളിലുള്ള അവരുടെ ശ്രദ്ധയെ നിഹനിക്കണമെന്നും അയാൾ തീരുമാനിച്ചു. അങ്ങനെ ചെയ്യാത്തപക്ഷം തന്റെ ദേശത്തിനു പല അപകർഷങ്ങളും ഉണ്ടാകുമെന്നായിരുന്നു അയാളുടെ ചിന്ത.

ഈ ഉദ്ദേശസാധ്യത്തിനു മാർഗ്ഗം കണ്ടുപിടിക്കുന്നതിനായി ആ ഇടപ്രഭു തന്റെ ആലോചനാസംഘത്തെ വിളിച്ചുകൂട്ടി അവരുമായി ആലോചിച്ചു ഒരു പ്ലാൻ തയ്യാറാക്കി. മനോഹരങ്ങളും വേഗംകൂടിയവയുമായ ഒന്നാംതരം വാജികളെയും അവർക്കു കാണാൻ കഴിഞ്ഞിട്ടുള്ളവയിൽവച്ചു അതിസുന്ദരികളും നടനത്തിലും സംഗീതത്തിലും വിദഗ്ദ്ധകളുമായ തരുണികളെയും ശേഖരിച്ചു 'ലൂ'യിലെ പ്രഭുവിനു സമ്മാനമായി അയച്ചുകൊടുത്തു.

കൺഫ്യൂഷ്യസിന്റെ ആഗമനത്തോടുകൂടെ രണ്ടാമത്തും അധികാരംനേടിയ പ്രഭുവും അദ്ദേഹത്തിന്റെ മന്ത്രിമാരും ഈ വിശിഷ്ടവസ്തുക്കളുടെനേർക്കു വളരെ സന്തോഷം പ്രകടിപ്പിച്ചു. അവയെ സ്വാഗതംചെയ്തു സ്വീകരിച്ചു. ആകർഷകങ്ങളായ അശ്വങ്ങളുടെ പുറത്തുകയറി സവാരി തുടങ്ങി. നൃത്തഗീതാദികൾകൊണ്ടു മനംമയക്കിയ മാനിനികളുമൊന്നിച്ചു ചിരിച്ചും രസിച്ചും നേരംപോയതവരറിഞ്ഞില്ല. കൺഫ്യൂഷ്യസിന്റെ ഉപദേശമയങ്ങളിൽ അവരിൽ ഒരുത്തൻപോലും, അപ്രതീക്ഷിതമായി സിദ്ധിച്ച ഈ സുഖാനുഭോഗങ്ങളെ ഉപേക്ഷിച്ചു അദ്ദേഹത്തെ സമീപിക്കാൻ മുതിർന്നില്ല. അവർ ആ ഉൽകൃഷ്ടചിന്തകനെ തിരസ്കരിച്ചു വിചാരശൂന്യന്മാരായിത്തീർന്നു.

ഈ പരിവർത്തനം കൺഫ്യൂഷ്യസിന്റെ ഹൃദയത്തെ വ്രണപ്പെടുത്തി. സ്വജീവനു സമം സ്നേഹിച്ച സ്വരാജ്യത്തെ പിന്നിലാക്കീട്ടു പല പ്രദേശങ്ങൾ തന്റെ നിവാസഭൂമിയാക്കി.

പതിമൂന്നുസംവത്സരക്കാലം അദ്ദേഹത്തിന്റെ പ്ലാനനുസരിച്ചു ഭരിക്കുന്നതിനു തയാറുള്ള ഒരു ഭരണമേധാവിയെ ആരാഞ്ഞുകൊണ്ടു അദ്ദേഹം അലഞ്ഞുനടന്നു. പലരും അദ്ദേഹത്തിനു താമസിക്കുന്നതിനു പുരയും പണവും വാഗ്ദാനം ചെയ്തു എന്നാൽ അദ്ദേഹത്തിന്റെ 'നയ'ങ്ങളെ പ്രായോഗികമാക്കുന്നതിനു സന്നദ്ധതയുള്ള ആരെയും കാണാതിരുന്നതുകൊണ്ടു് അദ്ദേഹം പിന്നെയും അങ്ങിങ്ങായി സഞ്ചരിച്ചുകൊണ്ടുതന്നെയിരുന്നു.

അനേകം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടുള്ള ഈ യാത്രയിൽ ഏതാനും വിശ്വസ്തശിഷ്യന്മാർ അദ്ദേഹത്തെ പിന്തുടർന്നിരുന്നു. അദ്ദേഹത്തിന്റെ കഷ്ടതകൾ കുറയ്ക്കുന്നതിനു അവരാൽ കഴിയുന്നതു് ശ്രമിച്ചു. ഇങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കെ ഒരിക്കൽ 'ലൂ'യിൽനിന്നും ഒരു പഴയസ്നേഹിതന്റെ കത്തു കൺഫ്യൂഷ്യസിനു ലഭിച്ചതു് അവർക്കു ആശ്വാസപ്രദമായി. 'ററ്സൈ'ലെ വിശിഷ്ടവസ്തുക്കളിൽ ലയിച്ചു മതിമറന്നുപോയ പ്രഭുവിന്റെ അനന്തരാവകാശി രാജാവായിരിക്കുന്നു എന്നും അതുകൊണ്ടു കൺഫ്യൂഷ്യസ് സ്വദേശത്തേക്കു മടങ്ങണമെന്നുമായിരുന്നു എഴുത്തിന്റെ ചുരുക്കം.

അദ്ദേഹം നാട്ടിൽ വന്നു പഴയ മുളംപുരയിൽ പാർത്തു. രാജസേവ ചെയ്യുന്നതിനു പ്രഭു ആവശ്യപ്പെട്ടിട്ടും അതിലൊന്നിലും ഉൾപ്പെടാതെ അദ്ദേഹം അന്നോളം അപൂർണ്ണമായിരുന്ന പഴയ കവിതകളുടെ രൂപീകരണത്തിൽ നിഷ്കർഷിച്ചും ശിഷ്യോപദേശം ചെയ്തും കഴിച്ചുകൂട്ടാൻ വിചാരിച്ചു.

ഈ സൌഭാഗ്യജീവിതകാലത്തു സ്വശിഷ്യന്മാരുമൊന്നിച്ചു പലപ്പോഴും വൃക്ഷച്ഛായകളിൽ ഇരിക്കുന്നതുകാണാമായിരുന്നു. ഒരു നായകൻ പൂർണ്ണമാതൃക കാണിച്ചുകൊടുത്താൽ അല്പകാലംകൊണ്ടു അദ്ദേഹത്തിന്റെ പ്രജകൾ പരിപൂർണ്ണന്മാരായിത്തീരുമെന്നും ഒരു യഥാർത്ഥസ്നേഹിതന്റെ പ്രഥമകടമ മററെയാൾ നന്നാകുന്നതിനുള്ള സഹായം ചെയ്തു കൊടുക്കയാണെന്നും യാതൊരുകൃത്യം നമ്മോടാണെങ്കിൽ നമുക്കിഷ്ടമല്ലാതെയിരിക്കുമോ അതു് മററുള്ളവരുടെനേരെ പ്രയോഗിക്കാൻ നാം ഉദ്യമിക്കരുതെന്നുംഉള്ള അദ്ദേഹത്തിന്റെ ഉപദേശങ്ങൾ പാമരന്മാർ വ്യക്തമായി കേട്ടുകൊണ്ടിരുന്നു.

ഒരു മൂന്നു കാല്പംകൂടി ഈ സ്ഥിതിയിൽ കൺഫ്യൂഷ്യസിനെ കാണാം. അനന്തരം നിങ്ങൾ നോക്കുക. ആ മുളംകുടിലിലേക്കു്—ഉൽകൃഷ്ടാശയരത്നങ്ങളുടെ മഹാഭവനത്തെ ഉൾക്കൊണ്ടിരിക്കുന്ന ആ ചെററപ്പുരയിലേക്കു്—നിങ്ങൾ ഒന്നുകൂടി നോക്കുക. ചടച്ചുനീണ്ട ഒരു ശരീരം, 'തത്വചിന്തോദ്രേകത്താൽ' വിയർപ്പുകണങ്ങളണിഞ്ഞ ഒരു 'വിസ്തൃതഫാലദേശം', വാർദ്ധക്യത്താൽ അവശമായിപ്പോയ മഹാശിഷ്ടം, അതാ നമ്മുടെമുമ്പിൽ പ്രത്യക്ഷമാകുന്നു

വത്സലശിഷ്യന്മാരിൽ രണ്ടുപേരുടെ ദേഹവിയോഗംകൊണ്ടുള്ള തീവ്രദുഃഖത്തോടുകൂടി ആരോഗ്യം നശിച്ചുപോയ ആ മഹാപുരുഷൻ മുറിയിൽക്കൂടി വടിയൂന്നി നടക്കുന്നു

ഒരിയ്ക്കലാ പർവ്വതവുംതകർന്നിടും
ഞെരിഞ്ഞുപോംതട്ടുലാങ്ങളുംദൃഢം
വിരിഞ്ഞപുഷ്പങ്ങളൊടൊത്ത വല്ലിപോൽ
മരിക്കണംമാനുഷനെത്ര വിജ്ഞനും

ഈ പുരാതനമായ ആശയം അദ്ദേഹത്തിന്റെ പരവശമായ സ്വരത്തിൽ പുറപ്പെടുന്നു. അടുത്തമുറിയിലുണ്ടായിരുന്ന 'ററ്സീക്കുങ്ങ്' എന്ന ശിഷ്യപ്രധാനി ഈ സ്വരവും വടിയൂന്നുന്ന ശബ്ദവുംകേട്ടു് ആചാര്യന്റെ സഹായത്തിനെത്തുന്നു.

ററ്സീക്കുങ്ങ്—അയ്യോ എന്റെ ഗുരോ ഇതെന്താണു്?

കൺഫ്യൂഷ്യസ് - എന്റെ ശിഷ്യാ, എന്നെഉപദേഷ്ടാവായി സ്വീകരിക്കുന്നതിനുവിജ്ഞനായ ഒരു രാജാവുപോലും ജനിച്ചല്ലല്ലൊ. എന്റെ ദിവസങ്ങൾ അവസാനിക്കാറായിരിക്കുന്നു.

ശിഷ്യൻ അദ്ദേഹത്തെ പിടിച്ചു സാവധാനത്തിൽ കിടത്തി. ഏഴുദിവസം ശിഷ്യന്മാരുടെ നിഷ്കർഷയായ ശുശ്രൂഷ അനുഭവിച്ചശേഷം ബി. സി. 551-നം 479-നം ഇടയ്ക്കു ജീവിച്ച ആ മഹാപുണ്യപുരുഷൻ ലോകരംഗത്തിൽനിന്നു് നിഷ്ക്രമിച്ചു

അദ്ദേഹത്തിന്റെ പാവനശരീരം വഹിച്ചുകൊണ്ടു് ദുഃഖിതന്മാരായ ശിഷ്യഗണങ്ങൾ ശവകുടീരത്തിലേക്കു പോയി. അന്ത്യകർമ്മങ്ങൾ അനുഷ്ഠിച്ചതിൽപിന്നെ അവരിൽ പലരും കല്ലറയുടെ സമീപംതന്നെ ചെറുകുടിലുകൾ ഉണ്ടാക്കി പാർപ്പുതുടങ്ങി. വർഷങ്ങൾ രണ്ടുമൂന്നുകഴിഞ്ഞശേഷം അവരെല്ലാം അവിടം ഉപേക്ഷിച്ചു. 'ററീസീക്കുങ്ങ്'മാത്രം ആറുസംവത്സരക്കാലം ആ ലോകോത്തമനായ ആചാര്യന്റെ സമീപത്തിൽ നിവസിച്ചിരുന്നു.

കൺഫ്യൂഷ്യസിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്കു പ്രാബല്യം സിദ്ധിച്ചു. അദ്ദേഹത്തിന്റെ സംഭാഷണങ്ങൾശിഷ്യന്മാരിൽനിന്നും ശേഖരിച്ചുസൂക്ഷിക്കുന്നതിനും ഭക്തിസമേതം സ്മരിക്കുന്നതിനും അദ്ദേഹത്തെ ഉപേക്ഷിച്ചവർപോലും താല്പര്യം പ്രദർശിപ്പിച്ചു.

“പ്രേമശുകി.”

ഏററുമാനൂർ എം. എസ്സ്. കുമാരൻനായർ ബി. എ. എൽ. ററി.

(ഗീതിക.)

(പാനമട്ട്.)

ശുഷ്കദാമ്പത്യപഞ്ജരംതന്നിലോ
പുഷ്കലപ്രേമ ശാരികവാഴുന്നു!!
ക്ഷീരപാകപഴങ്ങളാദിഭുജിക്കിലും
പാരതന്ത്ര്യമേ സന്താപഹേതുകം.

സ്വപ്നരാജ്യത്തിൽ, വിസ്തൃതവാനത്തിൽ,
സ്വർഗ്ഗവീഥിയിൽ, പുഞ്ചിരിപ്പൂങ്കാവിൽ,
ശാശ്വതാനന്ദമത്ഥിച്ചുനിത്യവും
വിശ്വമെങ്ങും പറക്കുവാനല്ലാതെ
അല്ലൽതിങ്ങിയിക്കൂട്ടിൽക്കിടക്കുവാൻ
അല്ല, നിശ്ചയം, പ്രേമത്തിൻപക്ഷങ്ങൾ!!

ജീവനാഥ! ഞാൻ സ്വൈരം പറക്കാവൂ
താവകാനന്തരാഗ വിഹായസ്സിൽ!
ശപ്തപഞ്ജരമോചനംനാംകിയെൻ
തപ്തബാഷ്പം തുടയ്ക്കുകില്ല ഭവാൻ!!

ഹിജ്റി.

(പി. മാധവൻപിള്ള കൊല്ലം)

മതപരമയോ, രാഷ്ട്രീയമായോ ഉണ്ടാകുന്ന മഹത്തായ സംഭവങ്ങളെ ആസ്പദമാക്കിയാണ് ശതാബ്ദങ്ങൾ ഉത്ഭവിച്ചിട്ടുള്ളതു്. ക്രിസ്തുദേവന്റെ അവതാരകാലത്തെ ലാക്കാക്കിയുള്ള എ. ഡി. വർഷങ്ങളും, അതിനെത്തന്നെ അടിസ്ഥാനമാക്കി ഭൂതകാലഘട്ടങ്ങളെ അളക്കുന്ന ബി. സി. വർഷങ്ങളും ലോകത്തിൽ പൊതുവെ അംഗീകരിച്ചിട്ടുള്ള ഒരു കാലഗണനയാണ്. എ. ഡി. പതിനെട്ടാം ശതവർഷത്തിന്റെ അന്ത്യപാദത്തിൽ ഫ്രാൻസിലുണ്ടായ ഭരണനിയമസംബന്ധമായ വിപ്ലവത്തെ അഭിമുഖീകരിച്ച് ആ രാജ്യനിവാസികളിൽ ഭൂരിപക്ഷവും 'ഭരണപരിവർത്തന'വർഷക്കണക്കു സ്വീകരിച്ചു. 1917-ലെ പരിവർത്തനത്തിനുശേഷം റഷ്യയും ആവിധ മാതൃ 'വിപ്ലവാബ്ദം' സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെങ്ങും അംഗീകരിച്ചിട്ടുള്ള കൊല്ലവർഷത്തിന്റെ ഉത്ഭവം എല്ലാവർക്കും അറിവുള്ളതാണല്ലോ.

എന്നാൽ ഇസ്ലാംമതവിശ്വാസികൾ സ്വീകരിച്ചിട്ടുള്ള 'ഹിജ്റി' വർഷങ്ങൾ രാഷ്ട്രീയമായ യാതൊരുദ്ദേശങ്ങളും സംഭവങ്ങളും കലർന്നിട്ടുള്ളതല്ല. സത്യമതപ്രവാചകനായ മഹമ്മദ് മക്കായിൽ നിന്നു മദീനത്തിലേക്കു പോയദിവസംമുതൽ 'ഹിജ്റി' ആരംഭിച്ചു. ആ മഹാത്മാവ്, സ്വവംശ്യരിൽ നിന്നുണ്ടായ അസഹനീയമായ ഉപദ്രവങ്ങളിൽനിന്നു രക്ഷനേടുവാൻ തന്റെ ജന്മദേശത്തെ ഉപേക്ഷിച്ച് പലായനംചെയ്തതിന്ന് 'ഹിജ്റത്ത്' എന്നാണു അറബിഭാഷയിൽ പറയുന്നതു്. അതിൽനിന്നുതന്നെയാണ് മുസ്ലീങ്ങൾ വിശ്വസിക്കുന്ന ശതാബ്ദത്തിനു 'ഹിജ്റി' എന്നു പേരുണ്ടായതും.

ഹിജ്റി തുടങ്ങുന്നതിനുമുമ്പ് അറബികൾ മറെറാരു കാലഗണിതക്രമം സ്വീകരിച്ചിരുന്നതായി ചരിത്രത്തിൽ കാണുന്നു. എ. ഡി 622-ജൂലൈ 2-ാംതീയതിയായിരുന്നു പ്രവാചകൻ മദീനത്തിൽ എത്തിച്ചേർന്നതു്. അന്ധവിശ്വാസങ്ങളിലും അജ്ഞാനത്തിലും മുഴുകക്കിടന്ന അറേബ്യാനിവാസികളെ, ഉൽകൃഷ്ടവും പരിപാവനവുമായ മഹനീയാദർശങ്ങളിലേക്കു നയിക്കുവാൻ ജഗദീശ്വരനാൽ നിയുക്തനായ ആ പുണ്യാത്മാവ് 'റബിയുൽ അവ്വൽ' 4-ാംതീയതിമുതൽ 16-ാംതീയതിവരെ എരിപൊരികൊള്ളുന്ന മണലാരണ്യങ്ങളിൽക്കൂടി വിശപ്പുംദാഹവുംസഹിച്ച് അലഞ്ഞുനടന്നു. പക്ഷെ സുദീർഘമായ ആ സങ്കടാനുഭവങ്ങളിൽനിന്നും മുക്തനായി മദീനത്തിലെത്തിയമുഹൂർത്തംമുതൽ തന്റെ അഭിപ്രായങ്ങളെ പ്രചാരപ്പെടുത്തുന്നതിനു വേണ്ട സകലശക്തികളും അനുഗ്രഹങ്ങളും അദ്ദേഹത്തിനു ലഭിച്ചു.

ക്രിസ്ത്വബ്ദം 622-ജൂൺ 20-ാംതീയതി ആയിരുന്നു ഹിജ്റത്ത് ഉണ്ടായതെങ്കിലും, ഹിജ്റിവർഷങ്ങൾ നടപ്പായതു്, അതിനുശേഷം പതിനേഴുകൊല്ലങ്ങൾ കഴിഞ്ഞിട്ടായിരുന്നു. രണ്ടാമത്തെ കലീഫായ ഉമറുപ്നൽകത്താബ് ആയിരുന്നു അതിന്റെ സ്രഷ്ടാവ്. എന്നാൽ ഹിജ്റത്തിനെ അപേക്ഷിച്ച് കാലഗണനയിൽ ചെറിയൊരു വ്യത്യാസം അദ്ദേഹം വരുത്തുകയുണ്ടായി. റബിയുൽഅവ്വൽമാസം 4-ാംതിയതി ആയിരുന്നല്ലോ നിബിയുടെ യാത്ര. ഹിജ്റിവർഷങ്ങൾ നടപ്പിലാക്കിയപ്പോൾ മുസ്ലീംവർഷങ്ങളിൽ പ്രഥമമാസമായ 'മുഹർറം' ഒന്നാംതീയതിമുതൽ ആണ്ട് ആരംഭിച്ചു. അങ്ങനെ ഹിജ്റി പതിനേഴാം വർഷം മുഹർറം ഒന്നാംതീയതി, ജൂലൈ 15-ാംനു- ആയിരുന്നു.

മററുള്ള എല്ലാവർഷങ്ങളേയുംപോലെതന്നെ ഹിജ്റിവർഷത്തിലും പന്ത്രണ്ടുമാസങ്ങളുണ്ട്. മുഹർറം തുടങ്ങി, സഫറു്, റബിയുൽഅവ്വൽ, റബിയുൽആഹിർ, ജമാദുൽഅവ്വൽ, ജമാദുൽആഹിർ, റജബ്, ഷഹ്ബാൻ, റംസാൺ, ഷവ്വാൽ, ദുൽക് അഹ്ദ്, ദുൽഹജ്, എന്നിങ്ങനെ അവയുടെ ക്രമമായി പേരുകൾ പറയുന്നു. ഹിജ്റിക്കുമുമ്പു അറബികൾ വിശ്വസിച്ചിരുന്ന 'സിരത്തുൽഖിലഫിയാ'വർഷങ്ങളിലും മാസങ്ങൾ ഇതുതന്നെയായിരുന്നു.

മഹമ്മദീയരൊഴിച്ചു ലോകത്തിലുള്ളവരെല്ലാം അംഗീകരിച്ചിട്ടുള്ള വർഷകാലഗണനയിൽ ഭൂമി ഒരുതവണ സൂര്യനെ ചുററുന്നതിനുവേണ്ടസമയത്തെയാണ് ഒരു കൊല്ലമായി നിശ്ചയിച്ചിട്ടുള്ളതു്. അതു് 365 ദിവസം, 5 മണിക്കൂർ, 48-മിനിട്ട്, 46-സെക്കൻറു് ആണത്രേ എന്നാൽ ഹിജ്റിവർഷം 354-ദിവസം 12-മണിക്കൂർമാത്രമേയുള്ളു. മററുള്ള കൊല്ലങ്ങളെ അപേക്ഷിച്ച് ഓരോപ്രാവശ്യവും 10-ദിവസം 17 മണിക്കൂർ, 48-മിനിട്ട്, 46-സെക്കൻറു് ഹിജറിവർഷങ്ങളിൽ കുറവുവരുന്നു. ഈവിധം ക്രിസ്ത്വബ്ദവും കൊല്ലവർഷങ്ങളുംഅനുസരിച്ചു ഏകദേശം മുപ്പത്തിമൂന്നുകൊല്ലങ്ങൾ കഴിയുമ്പോൾ ഹിജ്റിവർഷങ്ങൾ മുപ്പത്തിനാലായി തീരുന്നു. മററു വർഷങ്ങളെ അപേക്ഷിച്ച് ഹിജ്റി ഓരോ ആണ്ടും പതിനൊന്നുദിവസം വേഗമാണു പോകുന്നതു് അതു മുസ്ലീങ്ങളുടെ മതസംബന്ധമായ വ്രതകാലങ്ങളേയും 'ഹജ്ജു'യാത്രയേയും നല്ല കാലാവസ്ഥകളോടു അടുപ്പിക്കുവാൻ ഉതകുന്നുണ്ട്. അവരുടെ വിശേഷദിവസങ്ങൾ, മഴ, മഞ്ഞു്, വേനൽ, ഇക്കാലങ്ങളിലൊക്കെ സംക്രമിക്കുന്നതിന്ന് കാരണം കാലയളവിന്റെ ഈ ദ്രുതഗതിയത്രെ.

ഹിജ്റിവർഷങ്ങളിലെ മാസങ്ങളിൽ ഓരോന്നിലും ശരാശരി 29 ദിവസം 13 മണിക്കൂർ അടങ്ങിയിട്ടുണ്ട്. മഹമ്മദീയർ, ഭൂമിയേയും സൂര്യനേയു സംബന്ധിച്ചിട്ടുള്ള കാലഗതയെ അല്ല മാസക്കണക്കായും വച്ചിട്ടുള്ളതു്. ഭൂമിയേയും അതിന്റെ ഭ്രമണത്തിലുള്ള പന്ത്രണ്ടു രാശികളേയും അവർ സ്വീകരിച്ചിട്ടില്ല. അവർ ചാന്ദ്രമാസംവിശ്വസിക്കുന്നു. ചന്ദ്രൻ ഒരു തവണ ഭൂമിയെ ചുററുന്നതിന് 27 ദിവസം വേണം. എന്നാൽ ഭൂമിയെ ചുററുന്നതോടുകൂടി അതു് സൂര്യനേയും പ്രദക്ഷിണം ചെയ്യുന്നതിനാൽ ഒരു 'പിറ' കണ്ടതിനുശേഷം ചന്ദ്രന്റെ മറെറാരു 'പിറ' കാണുന്നതിന്ന് 29 ദിവസവും 1 മണിക്കൂറും വേണ്ടിവരുന്നു അതാണ് ഹിജ്റിയിലെ ഓരോമാസത്തിന്റേയും അളവ്.

ഹിജ്റിവർഷങ്ങളിൽ റംസാൺ, ദുൽഹജ്, എന്നീ രണ്ടു മാസങ്ങളാണ് ഏററവും പ്രധാനമായുള്ളതു്. റംസാൺമാസം മുഴുവൻ കഠിനമായ ഒരു വ്രതകാലമായും ദുൽഹജ് മക്കത്തേക്കുള്ള തീർത്ഥയാത്രക്കായും മഹമ്മദീയരുടെ മതവിശ്വാസപ്രമാണങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജീവിതകാലത്തിൽ ഒരു തവണയെങ്കിലും മക്കത്തേക്കു പോകണമെന്നുള്ളതു് ഒഴിക്കുവാൻ പാടില്ലാത്ത ഒരു നിയമമാകുന്നു. ദുൽഹജ് മാസത്തിൽ തന്നെയാണ് 'വലിയപെരുനാൾ' ആഘോഷം അതിന്ന് ഹജ്പെരുനാൾ എന്നാണു പറയുന്നതു്. നമ്മുടെ ഗവൺമെൻറിൽനിന്ന് പൊതുവൊഴിവുദിനമായി പ്രസിദ്ധം ചെയ്തിട്ടുള്ള 'ബക്രീദ്' അന്നാകുന്നു ഖുർആനിൽ 'ഈദുൽഅൽഹാ' എന്ന് അതിന്ന് പേർ കല്പിച്ചിരിക്കുന്നു. റംസാൺവ്രതകാലം സമാപിക്കുന്നതും ഒരു മഹോത്സവമായ ട്ടാണ് ഷവ്വാൽമാസത്തിലത്രേ ആ ശുഭദിനം. അതിന്ന് 'ഈദുൽഫിതർ' എന്നുപറയുന്നു. മററുള്ളമാസങ്ങളിലും മതപരമായ പ്രാധാന്യമുള്ള ദിവസങ്ങളുണ്ട്. ഹിജ്റിവർഷങ്ങളിൽ ആദ്യത്തെ മാസമായ മുഹർറം ഇതിനുദാഹരണമാണ്. മുഹർറം ആഘോഷങ്ങൾ മുസ്ലീങ്ങളുള്ള ഏതൊരുനാട്ടിലും ഉത്സവമായി നടത്തിവരുന്നു.

റബിയുൽഅവ്വൽ മാസത്തിലാണ് വിഖ്യാതമായ 'നബിദിനം'. എ. ഡി 570 ആഗസ്റ്റ് 29-ാംതിയതിയായിരുന്നു പ്രവാചകൻ അവതരിച്ചതു്. അതു ഹിജ്റികണക്കനുസരിച്ചു റബിയുൽഅവ്വൽ 12-ാംരാത്രിയായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ ആത്മീയോന്നതിക്കായി അത്യദ്ധ്വാനംചെയ്ത ആ മഹാപുരുഷൻ 62 വർഷക്കാലം ജീവിച്ചിരുന്നു. അനന്തരം തന്റെ പ്രയത്നം സഫലമായിക്കണ്ടതുകൊണ്ടുള്ള കൃതാർത്ഥതയോടെ എ. ഡി. 632 ജൂൺ 9-ാംതീയതി സ്വർഗ്ഗാരോഹണംചെയ്തു ആ മുഹൂർത്തവും റബിയുൽഅവ്വൽ 12-ാംരാത്രിയായിരുന്നു അതിനാൽ ആ ദിവസം മുസ്ലീങ്ങൾ സവിശേഷം കൊണ്ടാടിവരുന്നു. പരിശുദ്ധ നിബിയുടെ അവതാരത്തേയും സ്വർല്ലോകപ്രാപ്തിയേയും കുറിക്കുന്ന ആ ദിവസത്തിനു 'ബാറൽമുബാറക്ക്' എന്നും 'ബാറാവഫാത്ത്' എന്നും പേരുകളുണ്ട്.

ഇതു ഹിജ്റി 1353-ാംവർഷമാണ്. എ. ഡി. 622 ജൂൺ 2-ാംതീയതി തുടങ്ങിയ ഈ കാലഗണിതം മററുള്ള ശതാബ്ദങ്ങളിൽ മുപ്പത്തിമൂന്നിനു മുപ്പത്തിനാലായി ഇത്രയും വർദ്ധിച്ചിരിക്കുന്നു.

32 REG. NO. M 2689 & T. 122.

THE MALAYALA RAJYAM

3rd DEC. 1934. CHITRAVARIKA. Vol. VII No 13

ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കറ്റുകൾ ലഭിച്ച
ആരോഗ്യസുധ എന്ന

കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടീൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്നു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലൎന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൌകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞു്, കവിളുമൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വൈഷമ്യവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട്ട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

പിത്തശൂലാന്തകൻ.

പിത്തരോഗികൾക്കു് ഒരു വലിയ
അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പു്, ദേഹം എല്ലായ്പ്പോഴും വിയർക്കുക, ശരീരത്തിന്നു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മഞ്ഞക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിന്നു തളർച്ച് ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പു്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബ്ബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദൂഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അൎശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ഒരു ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.